**LOKATHINTE VELICHAM**
The Light of the World
*(Malayalam)*

by
**George Ford**

All rights are strictly reserved. No part of this publication may be translated, or transmitted on any form or by any means electronic or mechanical, including photocopy, recording or any information storage and retrieval system without permission in writing from the publisher.

No. of Copies : 5000

Published by :

P.B. No. 45
Kayamkulam - 690 502
Kerala.

Price: Rs. 6.00

Printed by :
**P.P. George & Sons**
Printers & Publishers
Angamaly - 683 572 - India.
Ph : 0484-2456719, 2456819, 2456919

# ലോകത്തിന്റെ വെളിച്ചം

പൊതു നന്മയും പുരോഗതിയുടെ മുന്നുപാധികളും പരിഷ്കാരത്തിന്റെ അടിത്തറയും മതത്തിന്റെ യഥാർത്ഥ തത്വങ്ങളുമെല്ലാം ആവശ്യപ്പെടുന്ന ഒരു കാര്യമുണ്ട്: വ്യത്യസ്ത വിശ്വാസങ്ങളെ ഏകീകരിക്കുകയും വേർപ്പെടുത്തുകയും ചെയ്യുന്നതെന്താണെന്ന പ്രശ്നം മനുഷ്യന്റെ ശ്രദ്ധ പിടിച്ചുപറ്റുന്നു. ബുദ്ധിയുള്ള ഏത് മനുഷ്യനും ഇത് മനസ്സിലാക്കുന്നു.

"വേദക്കാർ" എന്ന പേരിൽ അറിയപ്പെടുന്ന മൂന്നു വിഭാഗങ്ങളെയും ഏകീകരിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ഘടകമാണ് ദൈവത്തിന്റെ ഏകത്വത്തിലുള്ള വിശ്വാസം. മുസ്ലീംകളെപ്പോലെ തന്നെ ക്രിസ്ത്യാനികളും യഹൂദന്മാരും ഇത് ഉറക്കെ പ്രഖ്യാപിക്കുന്നു. ബിംബാരാധനയേയും ബഹുദൈവാരാധനയേയും അനുകൂലിക്കുന്ന എല്ലാ അപഥവീക്ഷണങ്ങളെയും വളരെ കാലങ്ങളോളം അതിജീവിച്ച ഈ തത്വം കൂടുതൽ മുറുകെ പിടിക്കുന്നത് മുസ്ലിംകളാണെന്ന അവകാശവാദം യഹൂദരും ക്രിസ്ത്യാനികളും ഒരിക്കലും അംഗീകരിക്കില്ല.

മുസ്ലീം പ്രഖ്യാപനത്തിന്റെ (ശഹാദത്ത് കലിമ) രണ്ടാമത്തെ ഭാഗമായ "മുഹമ്മദ് ദൈവത്തിന്റെ ദൂതനാണ്" എന്നതിനെ ഒരു ക്രിസ്ത്യാനി അംഗീകരിക്കുന്നില്ലെങ്കിലും "ദൈവമല്ലാതെ വേറൊരു ദൈവവുമില്ല" എന്ന ഒന്നാമത്തെ ഭാഗം അവൻ അംഗീകരിക്കുകയും സർവ്വശക്തിയും ഉപയോഗിച്ച് അതിനുവേണ്ടി വാദിക്കുകയും ചെയ്യുന്നു. ഇസ്ലാം സ്ഥാപിക്കപ്പെട്ടപ്പോൾ നിലവിലുണ്ടായിരുന്ന തരത്തിലുള്ള ബഹുദൈവാരാധനയെ ഉന്മൂലനം ചെയ്യാൻ ഉദ്ദേശിക്കുന്ന ഏത് സത്യസന്ധമായ നവീകരണ നീക്കത്തെയും അംഗീകരിക്കുന്നതിൽ ക്രിസ്ത്യാനികൾക്കു അഭിമാനം മാത്രമേയുള്ളൂ.

"വേദക്കാരെ" ഏകീകരിക്കുന്ന രണ്ടാമത്തെ പ്രധാന ഘടകത്തിന് വേണ്ടത്ര പ്രാധാന്യവും ശ്രദ്ധയും ലഭിച്ചിട്ടില്ല. യേശുക്രിസ്തുവും (മറിയമിന്റെ മകൻ ഈസാ) അദ്ദേഹത്തിന്റെ മാതൃകയും പ്രബോധനവുമാണ്, ഈ ഘടകം. അതിനാൽ ഈ മഹത്തായ ഏകീകരണഘടകത്തിന്റെ വിവിധവശങ്ങളെ ആത്മാർത്ഥതയുള്ള മുസ്ലീമുമായി ആത്മാർത്ഥമായും സത്യസന്ധമായും ചർച്ച ചെയ്യുകയാണ് നമ്മുടെ ഉദ്ദേശ്യം.

പരിശോധനയും ഗവേഷണവും മുഖേന മാത്രമേ വസ്തുതകൾ വ്യക്തമാകൂ എന്ന് എല്ലാവരും അംഗീകരിക്കുന്നതാണ്. അതിൽ യോജിച്ച് കഴിഞ്ഞാൽ ഇക്കാര്യങ്ങൾ ചർച്ചചെയ്യുന്ന വിഭാഗങ്ങൾക്കിടയിൽ ഐക്യവും സ്വരചേർച്ചയും സ്ഥാപിതമാകും. ഐക്യമാണല്ലോ ഈ കാലഘട്ടത്തിലെ അഭിലഷിതലക്ഷ്യം.

ഈ ഗവേഷണത്തിന്റെ ഫലങ്ങളിൽ നാം വിശ്വസിക്കുന്നുമ്പോൾ രണ്ട് ഗുണങ്ങളുണ്ടാവുന്നു. ഒന്ന്, മതവിശ്വാസിയായ ഒരു മുസ്ലിമിന് ചില ക്രിസ്ത്യൻ പ്രശ്നങ്ങളാലനുഭവപ്പെടുന്ന അന്യത്വം കുറക്കാൻ കഴിയും. രണ്ട്, ആ പ്രശ്നങ്ങളുടെ വിശദീകരണത്തിലൂടെ അത്തരം അന്യതാബോധത്തെ പൂർണ്ണമായും ഉന്മൂലനം ചെയ്യാൻ കഴിയും. യേശുക്രിസ്തു എന്ന വ്യക്തിയെ സംബന്ധിക്കുന്ന കാര്യങ്ങളാണ് നാം വിശേഷിച്ച് പ്രതിപാദിക്കുന്നത്. ചില യഹൂദ നേതാക്കന്മാരുമായുള്ള സംവാദത്തിനിടയിൽ ക്രിസ്തു പ്രഖ്യാപിച്ചു: "ഞാൻ ലോകത്തിന്റെ വെളിച്ചമാകുന്നു."

യേശു എന്ന ഈ വ്യക്തിയാണ് "വേദക്കാരെ" ഏകീകരിക്കുന്ന രണ്ടാമത്തെ ഘടകമെന്ന പ്രസ്താവനയുടെ അടിസ്ഥാനം വേദക്കാരായ വിഭാഗങ്ങളും യേശുവിനെ ആദരിക്കുന്നതിൽ യോജിക്കുന്നവരാണെന്ന വസ്തുതയാണ്. മറ്റൊരു പ്രവാചകന്റെ കാര്യത്തിലും ചരിത്രത്തിലൊരിക്കലും ഇത്തരമൊരു ഐക്യം കാണാനാവില്ല. ഈ വിഭാഗങ്ങൾ ലോകജനസംഖ്യയുടെ പകുതിയോളം വരും; ഇതിന്റെ പകുതിയാകട്ടെ പുരോഗതിയുടെ എല്ലാവശങ്ങളിലും മുൻപന്തിയിലുമാണ്.

മിശീഹാ (മസ്വീഹ്) ക്കു ഏറ്റവും മഹാനായ പ്രവാചകന്റേതിനേക്കാളും ഉന്നതമായ സ്ഥാനം കല്പിക്കുന്നവരാണ് യഹൂദന്മാർ. മിശീഹായുടെ ആഗമനത്തെയാണ് അവർ ആകാംക്ഷയോടെ കാത്തിരിക്കുന്നതും. തൗറാത്തിലെ ധാരാളം പാഠങ്ങൾ ഇത് വ്യക്തമാക്കുന്നു. അവയിൽ നിന്ന് തിരഞ്ഞെടുത്ത ചില വാക്യങ്ങൾ കാണുക:

"നമുക്കു ഒരു ശിശു ജനിച്ചിരിക്കുന്നു; നമുക്ക് ഒരു മകൻ നല്കപ്പെട്ടിരിക്കുന്നു; ആധിപത്യം അവന്റെ തോളിൽ ഇരിക്കും: അവനു അത്ഭുതമന്ത്രി, വീരനാം ദൈവം, നിത്യപിതാവ്, സമാധാനപ്രഭു എന്നു പേർ വിളിക്കപ്പെടും. അവന്റെ ആധിപത്യത്തിന്റെ വർദ്ധനെയ്ക്കും സമാധാനത്തിനും അവസാനം ഉണ്ടാകയില്ല; ദാവീദിന്റെ സിംഹാസനത്തിലും അവന്റെ രാജത്വത്തിലും ഇന്നുമുതൽ എന്നെന്നേയ്ക്കും അവൻ അതിനെ ന്യായത്തോടും നീതിയോടും കൂടെ സ്ഥാപിച്ചു നിലനിർത്തും; സൈന്യങ്ങളുടെ യഹോവയുടെ തീക്ഷ്ണത അതിനെ നിവർത്തിക്കും" (യെശയ്യാവ് 9:6–7).

ക്രിസ്ത്യാനികളുടെ യേശുക്രിസ്തുവിനോടുള്ള ആദരവ് അനുപമവും തീക്ഷ്ണവും ഏറ്റവും മഹാന്മാരായ ദൈവദൂതന്മാരോടും പ്രവാചകരോടും അവർക്കുള്ള ബഹുമാനത്തെ കവച്ചുവയ്ക്കുന്നതുമാണ്. തൗറാത്തിലൂടെ യഹൂദന്മാർക്കു വാഗ്ദത്തം ചെയ്യപ്പെട്ട മിശീഹായും സർവ്വോപരി ദൈവത്തിന്റെ ഏകജാതപുത്രനുമായാണ് അവനെ അവർ കാണുന്നത്. ഇഞ്ചീലിലുള്ള അനവധി പാഠങ്ങൾ ഇത് വ്യക്തമാക്കുന്നു. അവയുടെ ശക്തിയും അസാധാരണത്വവും മൂലം ക്രിസ്ത്യാനിയല്ലാത്തവന് അങ്ങേയറ്റത്തെ പ്രയാസം തോന്നാം. തിരഞ്ഞെടുത്ത ഏതാനും വിശുദ്ധ വചനങ്ങൾ താഴെ ചേർക്കുന്നു:

"ആദിയിൽ വചനം ഉണ്ടായിരുന്നു; വചനം ദൈവത്തോടുകൂടെ ആയിരുന്നു. വചനം ദൈവം ആയിരുന്നു. അവൻ ആദിയിൽ ദൈവത്തോടുകൂടെ ആയിരുന്നു. സകലവും അവൻ മുഖാന്തരം ഉളവായി. ഉളവായതൊന്നും അവനെ കൂടാതെ ഉളവായതല്ല. അവനിൽ ജീവൻ ഉണ്ടായി

രുന്നു. ജീവൻ മനുഷ്യരുടെ വെളിച്ചമായിരുന്നു" (യോഹന്നാൻ 1:1–4). "ഏതു മനുഷ്യനേയും പ്രകാശിപ്പിക്കുന്ന സത്യവെളിച്ചം ലോകത്തിലേക്കു വന്നുകൊണ്ടിരിക്കുന്നു" (യോഹന്നാൻ 1:9) "വചനം ജഡമായിത്തീർന്നു, കൃപയും സത്യവും നിറഞ്ഞ വചനമായി നമ്മുടെ ഇടയിൽ പാർത്തു. ഞങ്ങൾ അവന്റെ തേജസ്സ് പിതാവിൽനിന്നു ഏകജാതനായവന്റെ തേജസ്സായി കണ്ടു" (യോഹന്നാൻ 1:14) "അങ്ങനെ അവൻ ക്രിസ്തുവിലും വ്യാപരിച്ചു അവനെ മരിച്ചവരുടെ ഇടയിൽ നിന്നു ഉയർപ്പിക്കുകയും സ്വർഗ്ഗത്തിൽ തന്റെ വലത്തു ഭാഗത്തു എല്ലാ വാഴ്ചക്കും അധികാരത്തിനും ശക്തിക്കും കർത്തൃത്വത്തിനും ഈ ലോകത്തിൽ മാത്രമല്ല വരുവാനുള്ളതിലും വിളിക്കപ്പെടുന്ന സകലനാമത്തിനും അത്യന്തം മീതെ ഇരുത്തുകയും സർവ്വവും അവന്റെ കാല്ക്കീഴാക്കിവെച്ചു അവനെ സർവ്വത്തിനും മീതെ തലയാക്കി എല്ലാറ്റിലും എല്ലാം നിറയ്ക്കുന്നവന്റെ നിറവായിരിക്കുന്ന അവന്റെ ശരീരമായ സഭയ്ക്കു കൊടുക്കുകയും ചെയ്തിരിക്കുന്നു" (എഫെസ്യർ 1:20–23). "അങ്ങനെ യേശുവിന്റെ നാമത്തിങ്കൽ സ്വർലോകരുടെയും ഭൂലോകരുടെയും അധോലോകരുടെയും മുഴങ്കാൽ ഒക്കെയും മടങ്ങുകയും എല്ലാ നാവും "യേശുക്രിസ്തു കർത്താവു" എന്ന് പിതാവായ ദൈവത്തിന്റെ മഹത്വത്തിനായി ഏറ്റുപറകയും ചെയ്യേണ്ടിവരും" (ഫിലിപ്പിയർ 2 : 10–11).

മുസ്ലീംകളുടെ വേദവും, മറിയമിന്റെ പുത്രനായ ഈസയെ മൂഹമ്മദൊഴിച്ചുള്ള മറ്റു പ്രവാചകന്മാരേക്കാളും വാഴ്ത്തുകയും അത്യുന്നതമായൊരു സ്ഥാനത്ത് അവരോധിക്കുകയും ചെയ്യുന്നുണ്ട്. ഏതാനും ഖുർ–ആൻ സൂക്തങ്ങൾ താഴെ കൊടുക്കുന്നു.

"...........നിശ്ചയമായും മറിയമിന്റെ പുത്രനായ ഈസാ മസീഹ് ദൈവത്തിന്റെ ദൂതനും മറിയമിൽ നിക്ഷേപിച്ച ദൈവത്തിന്റെ വചനവും ദൈവത്തിൽനിന്നുള്ള ആത്മാവുമാകുന്നു........" (4 : 171).

"മലക്കുകൾ പറഞ്ഞ സന്ദർഭം: മറിയം! തന്റെ പക്കൽ നിന്നൊരു വചനം ദൈവം നിനക്കു സന്തോഷ വാർത്തയായി

അറിയിക്കുന്നു. അവന്റെ പേര് മറിയമിന്റെ പുത്രനായ ഈസാമസീഹ് എന്നാണ്. ഇഹലോകത്തും പരലോകത്തും അവൻ അത്യുന്നതനും ദൈവത്തിന്റെ അടുത്ത് സ്ഥിതിചെയ്യുന്നവനുമായിരിക്കും" (3:45).

"സത്യത്തിന്റെ വചനമായ മറിയമിന്റെ പുത്രൻ ഈസാ ആണത്- അതിനെപ്പറ്റിയാണല്ലോ അവർ തർക്കിക്കുന്നത്" (19:34). "അവർക്കു നാം നമ്മുടെ ദൂതന്മാരെ അയച്ചുകൊണ്ടിരുന്നു. അവർക്കുശേഷം നാം മറിയമിന്റെ പുത്രനായ ഈസായെ അയക്കുകയും അദ്ദേഹത്തിന് ഇഞ്ചീൽ നല്കുകയും ചെയ്തു. അദ്ദേഹത്തെ പിൻപറ്റിയവരുടെ ഹൃദയങ്ങളിൽ നാം സ്നേഹവും കാരുണ്യവും നിക്ഷേപിച്ചു" (57:27).

"..........മറിയമിന്റെ പുത്രനായ ഈസാക്ക് നാം വ്യക്തമായ അടയാളങ്ങൾ നല്കുകയും അദ്ദേഹത്തെ പരിശുദ്ധാത്മാവിനെക്കൊണ്ട് ബലപ്പെടുത്തുകയും ചെയ്തു...." (2:87).

"ദൈവം മറിയമിന്റെ പുത്രനായ ഈസായോടുപറഞ്ഞ സന്ദർഭം: നിനക്ക് നാം ചെയ്തുതന്ന അനുഗ്രഹത്തെ ഓർക്കുക.... പരിശുദ്ധാത്മാവിനെ കൊണ്ട് നിന്നെ നാം ബലപ്പെടുത്തിയ സന്ദർഭം ഓർക്കുക......" (5:10).

മുകളിൽ ഉദ്ധരിച്ച സൂക്തങ്ങൾക്കു പുറമേ ക്രിസ്തുവിന് മുസ്ലീംകൾക്കിടയിലെ സ്ഥാനത്തെ കാണിക്കുന്ന മറ്റു തെളിവുകളും ഉണ്ട്. "മിശ്കാത്തുൽമസാബിഹ്" എന്ന ഹദീസ് ശേഖരത്തിൽ നിന്നും നമുക്ക് ഉദ്ധരിക്കാം. ലോക മുസ്ലീംകൾക്കിടയിൽ പ്രത്യേകിച്ചും ഇന്ത്യയിലെ മുസ്ലീംകൾക്കിടയിൽ അങ്ങേയറ്റത്തെ ആദരവോടെ വീക്ഷിക്കപ്പെടുന്ന ഒരു ഗ്രന്ഥമാണിത്. ഇതിലെ ഒരു വിവരണപ്രകാരം "വിധിനാളിൽ വിശ്വാസികൾ ശുപാർശയ്ക്കുവേണ്ടി പരക്കം പായുന്നു. ആദംതൊട്ട് എല്ലാ പ്രവാചകന്മാരേയും അവർ സമീപിക്കുന്നു. ഓരോ പ്രവാചകനും താൻ ചെയ്ത പാപം മൂലം താൻ അയോഗ്യനാണെന്ന് പറയുകയും ഇതര പ്രവാചകരെ സമീപിക്കാനാവശ്യപ്പെടുകയും ചെയ്യുന്നു. വിശ്വാസികൾ മൂസായെ സമീപിക്കുമ്പോൾ അദ്ദേഹവും തന്റെ പോരായ്മകളെ ഏറ്റുപറയുകയും ഇപ്രകാരം പ്രസ്താവിക്കു

കയും ചെയ്യുന്നു. “ദൈവത്തിന്റെ ദാസനും ദൂതനും ആത്മാവും വചനവുമായ ഈസായെ സമീപിക്കുക.” ഈസാ പാപം ചെയ്തതായി പറയുന്നില്ലെങ്കിലും അവരോടു ഇപ്രകാരം കല്പിക്കുന്നു: “അബ്ദുല്ലയുടെ മകനായ മുഹമ്മദിനെ സമീപിക്കുക; ദൈവം അദ്ദേഹത്തിന് ആദ്യവും അവസാനവും പൊറുത്തു കൊടുത്തിരിക്കുന്നു” (മിശ്കാത്തുൽമസാബിഹ് : 23).

മറിയമിന്റെ പുത്രനായ ഈസാ മാത്രമാണ് ഒരു കന്യകയിൽ നിന്ന് ജനിച്ചതെന്നും ശവക്കല്ലറയിൽവെച്ച് ശാരീരിക മരണം ദുഷിപ്പിക്കാതെ ലോകത്ത് നിന്ന് ഉടലോടെ സ്വർഗ്ഗത്തിലേക്കുയർന്നതെന്നും ഇസ്ലാം മതം സമ്മതിക്കുന്നു. യേശു ക്രിസ്തുവിന് ലോകത്ത് ശവക്കല്ലറയില്ലല്ലോ.

ക്രിസ്തുവെന്ന ആളിനെ അത്യുന്നതനായി കാണുന്നതിൽ വേദക്കാർക്കിടയിൽ ഉള്ള ഈ അത്ഭുതാവഹമായ ഐക്യം വളരെ പ്രധാനപ്പട്ട ഒരു കണ്ണിയാണ്. ഇതിനേക്കാളും പ്രധാനപ്പെട്ടതായി ദൈവത്തിന്റെ ഏകത്വത്തിലുള്ള വിശ്വാസം മാത്രമാണുള്ളത്. ഈ കണ്ണി അവരെ പരസ്പര സ്നേഹത്തിലും ബഹുമാനത്തിലും ഒരുമിച്ചുകൂട്ടണം. ക്രിസ്തുവാണ് തങ്ങളുടെ യഥാർത്ഥ മശിഹായെന്ന് യഹൂദർക്കു ബോധ്യമുണ്ടാവുകയും, മറിയമിന്റെ മകനായ ഈസായുടെ സദ്വാർത്തയും പ്രബോധനവും ഉൾക്കൊള്ളുന്ന ഇന്നത്തെ സുവിശേഷം തന്നെയാണ് ഖുർ-ആൻ അംഗീകരിക്കുകയും ആദരിക്കുകയും ചെയ്തിട്ടുള്ള ഇഞ്ചീലെന്ന് മുസ്ലീംകൾ സമ്മതിക്കുകയും വേണമെന്ന് മാത്രം. അപ്പോൾ മാത്രമേ ലോകശക്തിയുടെ കടിഞ്ഞാൺ പിടിക്കുന്ന ഈ മൂന്ന് വിഭാഗങ്ങൾക്കിടയിൽ ഗുണകരവും സ്ഥിരവുമായ ബന്ധം സംജാതമാകൂ.

പരസ്പര ബന്ധത്തിന് ആദ്യമായി വേണ്ടത് ധാരണയാണ്. ഒരുവശത്ത് ഇസ്ലാമിൽ ക്രിസ്തുവിനുള്ള സ്ഥാനം മൂലം മുസ്ലീംകൾക്കു ക്രിസ്ത്യാനികളുമായി ധാരണയിലെത്താൻ കഴിയും. മറുവശത്ത്, തങ്ങളുടെ തോറയെ അക്ഷരാർത്ഥത്തിൽ സുവിശേഷത്തോടൊപ്പം ചേർത്ത് സ്വന്തം

വേദങ്ങളായി അംഗീകരിക്കുന്ന ക്രിസ്ത്യാനികളുമായി യഹൂദർക്ക് അടുക്കാൻ കഴിയും.

ധാരണക്കാവശ്യമായിട്ടുള്ളത് മറ്റുള്ളവരുടെ വിശ്വാസങ്ങളെ സംബന്ധിച്ച് ഓരോ വിഭാഗത്തിന്റെയും മനസ്സിലുള്ള സങ്കല്പങ്ങളെ നീക്കലാണ്. ഓരോ വിഭാഗവും സ്വന്തം വേദങ്ങളെ മറ്റുള്ളവർക്ക് മനസ്സിലാക്കികൊടുക്കേണ്ടത് ആവശ്യമായിത്തീരുന്നു. ജീവിതത്തിന്റെ ആവശ്യവസ്തുക്കളെ പൂഴ്ത്തിവെയ്ക്കുന്നത് അന്യായവും തെറ്റുമായി ഗണിക്കുന്നവയാണല്ലോ പ്രബുദ്ധരാജ്യങ്ങൾ. അപ്പോൾ ദൈവത്തിന്റെ അനുഗ്രഹത്തിന്റെയും രക്ഷാനാശങ്ങളുടെയും അടിസ്ഥാനമായ മൗലിക മതവിഷയങ്ങളെ പൂഴ്ത്തിവെയ്ക്കുന്നത് എന്തുമാത്രം ആക്ഷേപാർഹമാണെന്ന് ചിന്തിച്ച് നോക്കുക. സ്വജനങ്ങളെ സ്നേഹിക്കുന്ന ഒരു മുസ്ലീം ആ അവസ്ഥകൊണ്ട് തൃപ്തനാവില്ല; മറിച്ച് തനിക്ക് ലഭിച്ച മതപരമായ പ്രയോജനത്തെ പ്രചരിപ്പിക്കാനായിരിക്കും അവൻ ശ്രമിക്കുക. മറ്റു വിശ്വാസങ്ങളുടെ ആളുകളിൽനിന്നും കിട്ടുന്ന ഏത് പുതിയ അനുഗ്രഹത്തെയും സ്വീകരിക്കാനും അവനാഗ്രഹിക്കും.

"ഞാൻ ലോകത്തിന്റെ വെളിച്ചമാകുന്നു" എന്ന് പറഞ്ഞയാൾ സത്യമാണ് പറഞ്ഞതെങ്കിൽ ആ പ്രസ്താവനയുടെ പൊരുൾ മനസ്സിലാക്കാനായി നാം ആത്മാർത്ഥമായും ശ്രദ്ധാപൂർവ്വവും അതിനെ പരിശോധിക്കേണ്ടതുണ്ട്. സത്യമായും "ലോകത്തിന്റെ വെളിച്ച" മായിട്ടുള്ളവൻ ജനസംഖ്യയുടെ ഏഴിലൊരുഭാഗം വരുന്ന മുസ്ലീംകൾക്കും പ്രകാശമായിരിക്കില്ലേ? തീർച്ചയായും, മറിച്ചാവാൻ സാധ്യതയില്ല.

മറിയമിന്റെ പുത്രനായ ഈസാക്കും ക്രിസ്തീയ വേദങ്ങളായ തൗറാത്തിനും ഇഞ്ചീലിനും ഖുർ-ആനിൽ കല്പിക്കപ്പെട്ടിട്ടുള്ള ആദരവിനെയും സ്ഥാനത്തെയും ബുദ്ധിയുള്ള ഏത് ക്രിസ്ത്യാനിയും സ്വാഗതം ചെയ്യും. "വേദക്കാരിൽ" പെട്ടവനെന്നനിലയിൽ തന്നെ ഖുർ ആൻ ആദരിക്കുന്നതിനെയും അവൻ സ്വാഗതം ചെയ്യും. ഈ ആദരവിൽ അവൻ കാണുന്നത് ക്രിസ്ത്യാനിക്കും മുസ്ലീമിനുമിടയിലുള്ള ഐക്യത്തിന്റെ പ്രധാനപ്പെട്ട തുടക്കത്തെയാണ്.

ക്രിസ്തുവെന്ന ആളിനെ സംബന്ധിച്ച ചില ഖുർ ആൻ സൂക്തങ്ങൾ മുമ്പ് ഉദ്ധരിക്കപ്പെട്ടു. ക്രിസ്ത്യാനികളെ സംബന്ധിച്ച ചില സൂക്തങ്ങൾ താഴെ കൊടുക്കുന്നു:

"....... മനുഷ്യരിൽവെച്ച് സത്യവിശ്വാസികളോട് ഏറ്റവുമടുത്ത സ്നേഹബന്ധം പുലർത്തിപ്പോരുന്നത് 'ഞങ്ങൾ ക്രിസ്ത്യാനികളാണെന്ന്' പറയുന്നവരാണെന്ന് നിനക്ക് കാണാം. കാരണം അവരിൽ ചില മതപണ്ഡിതന്മാരും മതശുശ്രൂഷക്കായി ഭൗതികസുഖങ്ങളെല്ലാം വെടിഞ്ഞിരിക്കുന്നവരുമുണ്ട്. അവർ അഹംഭാവികളല്ലതാനും" (5:82).

"......ദൈവം പറഞ്ഞ സന്ദർഭം: ഈസാ...... നിന്നെ പിൻപറ്റിയവരെ വിശ്വാസത്തെ നിഷേധിക്കുന്നവരേക്കാൾ അന്ത്യനാൾവരെ ഉന്നതരാക്കി വെയ്ക്കും........" (3:55).

"നിശ്ചയമായും (ഖുർ-ആനിൽ) വിശ്വസിക്കുന്നവരോ (വേദങ്ങളിൽ വിശ്വസിക്കുന്ന) യഹൂദരോ സാബിയരോ ക്രിസ്ത്യാനികളോ ആവട്ടെ, ആരുതന്നെ ദൈവത്തിലും അന്ത്യദിനത്തിലും വിശ്വസിക്കുകയും സൽപ്രവൃത്തികൾ നിർവ്വഹിക്കുകയും ചെയ്യുന്നുവോ അവൻ ഭയപ്പെടുകയോ ദുഃഖിക്കുകയോ വേണ്ട" (5:69).

"നാം വെളിപാട് നല്കാത്ത ഒരു പുരുഷനെയും നിനക്കുമുമ്പ് നാം അയച്ചിട്ടില്ല - നിനക്കിത് മനസ്സിലാവുന്നില്ലെങ്കിൽ ദൈവസന്ദേശം കൈവശമുള്ളവരോട് ചോദിച്ചു നോക്കുക" (21:7).

"......തുടർന്ന് നാം മറിയമിന്റെ പുത്രൻ ഈസയെ അയക്കുകയും അവന് ഇഞ്ചീൽ നല്കുകയും അവനെ പിന്തുടർന്നവരുടെ ഹൃദയങ്ങളിൽ നാം സ്നേഹവും കാരുണ്യവും നിക്ഷേപിക്കുകയും ചെയ്തു" (57 : 27).

ഇതിനെല്ലാമുപരിയായി, സത്യത്തോടുള്ള വിശ്വാസം പരമപ്രധാനമാണെന്ന്, ബുദ്ധിയുള്ള ഓരോ മനുഷ്യനും അറിയുകയും സമ്മതിക്കുകയും ചെയ്യുന്നു. സ്വന്തം വിഭാഗത്തിന്റെ പാളിച്ചകളെ ന്യായീകരിക്കാൻവേണ്ടി അവൻ സത്യത്തെ ബലികഴിക്കുകയില്ല.

അതിനാൽ, മുകളിലുദ്ധരിച്ച അനുഭാവസൂക്തങ്ങളെ

മാത്രമല്ല ആക്ഷേപ സൂക്തങ്ങളെയും ക്രിസ്ത്യാനികൾ ശ്രദ്ധിക്കണമെന്നാണ് തുറന്ന മനസ്സ് ആവശ്യപ്പെടുന്നത്. ചില സൂക്തങ്ങൾ താഴെ കൊടുക്കുന്നു: "ക്രിസ്ത്യാനികൾക്കു ഒരടിസ്ഥാനവുമില്ലെന്ന് യഹൂദരും യഹൂദർക്ക് ഒരടിസ്ഥാനവുമില്ലെന്ന് ക്രിസ്ത്യാനികളും പറയുന്നു....." (2:113).

"വേദക്കാരെ!... നിങ്ങൾ "മൂന്ന്" എന്ന് പറയരുത്; അതുപേക്ഷിക്കുന്നതാണ് നിങ്ങൾക്കു ഉത്തമം; ദൈവം ഏകനും പുത്രനുണ്ടാകുന്നതിൽനിന്നും പരിശുദ്ധനുമാണ്......" (4:171).

"ദൈവം ത്രിത്വത്തിൽ മൂന്നാമത്തേതാണെന്ന് പറയുന്നവർ വിശ്വാസത്തെ നിഷേധിച്ചിരിക്കുന്നു; ഏകനായ ദൈവമല്ലാതെ മറ്റൊരു ദൈവവുമില്ല......" (5:73).

"ദൈവം പറഞ്ഞ സന്ദർഭം: മറിയമിന്റെ പുത്രനായ ഈസാ! തന്നെയും തന്റെ മാതാവിനെയും ദൈവത്തെക്കൂടാതെ ആരാധിക്കണമെന്ന് നീ മനുഷ്യരോട് പറഞ്ഞിരുന്നോ?........." (5:116).

"അവർ തങ്ങളുടെ പുരോഹിതന്മാരെയും സന്യാസിമാരെയും ദൈവത്തെക്കൂടാതെ ദൈവങ്ങളായി സ്വീകരിച്ചു....." (9:31).

ഈ സൂക്തങ്ങളിൽ പ്രകടിപ്പിക്കപ്പെട്ട ആക്ഷേപത്തിന് കാരണം തീർച്ചയായും അക്കാലത്തെ ക്രിസ്ത്യാനികളുടെ മതപരമായ അധഃപതനമായിരുന്നു. ആക്ഷേപമർഹിക്കുന്ന ഒരു വസ്തുത തന്നെയാണത്. സ്വന്തം മതതത്വങ്ങളിൽ നിന്നും അവയിലടങ്ങിയിട്ടുള്ള ദൈവകല്പനകളിൽ നിന്നും വ്യതിചലിക്കുന്ന ഒരു ജനത ആദരവർഹിക്കുന്നില്ല. ദിവ്യവെളിപാടുകൾക്കു പകരം മനുഷ്യപാരമ്പര്യങ്ങളെയും സ്വർഗ്ഗത്തിൽ നിന്നും അവതീർണ്ണമായ ഉന്നത സത്യങ്ങൾക്കു പകരം അന്ധവിശ്വാസങ്ങളെയും പിൻപറ്റുന്ന ജനങ്ങൾ കടുത്ത ശകാരം അർഹിക്കുന്നവരാണ്. മത നവീകരണത്തിന്റെ വക്താക്കൾക്കും ഏകനായി ജീവിക്കുന്ന ദൈവത്തെ (അനശ്വരമായ ആത്മാവിനെ)വിട്ട് മറ്റു ദൈവങ്ങളെ ആരാധിക്കുന്ന സമ്പ്രദായത്തെ ഉന്മൂലനം ചെയ്യാനുദ്ദേശിക്കുന്ന

വർക്കും അത്തരം തെറ്റുകളുടെ മുമ്പിൽ നിശ്ശബ്ദരായി നില്ക്കാനാവില്ല. മുകളിലുദ്ധരിച്ച ആക്ഷേപ പ്രകടനങ്ങളുടെ ലക്ഷ്യം നവീകരണമായിരുന്നിരിക്കാം.

ക്രിസ്ത്യാനികളെ വെറുക്കുകയോ പരിഹസിക്കുകയോ, ക്രിസ്തീയകാര്യങ്ങളോട് നിരുത്സാഹം തോന്നുകയോ ചെയ്യുന്ന മുസ്ലീംകൾ ഇപ്രകാരം വാദിച്ചേക്കാം: "കുരിശ് യുദ്ധങ്ങളാ"ണ് വെറുപ്പിന്റെയും തിരസ്കരണത്തിന്റെയും വിത്ത് വിതച്ചത്. ക്രിസ്ത്യാനി തന്റെ മുൻഗാമികൾ ആ യുദ്ധങ്ങളിൽ ചെയ്തിരുന്ന തെറ്റ്, അവ ക്രിസ്ത്യൻ അദ്ധ്യാപനങ്ങൾക്കും ക്രിസ്തുവിന്റെ ആത്മാവിനും വിരുദ്ധമാണെന്ന് അറിയുമ്പോൾ, ഉടനെ സമ്മതിക്കും. അവ ക്രിസ്ത്യൻ അദ്ധ്യാപനങ്ങൾക്കും ക്രിസ്തുവിന്റെ ആത്മാവിനും വിരുദ്ധമാണെന്ന് അറിയമ്പോൾ, ഉടനെ സമ്മതിക്കും. അവ മുസ്ലീംകളോടുള്ള മതവിദ്വേഷം കൊണ്ടായിരുന്നില്ലെന്നും വിശുദ്ധസ്ഥലങ്ങളെ വീണ്ടെടുക്കാനുള്ള ക്രിസ്തീയ ഉത്സാഹംകൊണ്ടായിരുന്നുവെന്നും വാദിക്കുന്ന ക്രിസ്ത്യാനികൾ അപ്പോസ്തലനായ പൗലോസ് തന്റെ യഹൂദജനങ്ങളെപ്പറ്റി വിധിച്ചതിൽനിന്നും രക്ഷപ്പെടുകയില്ല. അദ്ദേഹം പ്രസ്താവിച്ചു: "അവർ പരിജ്ഞാനപ്രകാരമല്ലെങ്കിലും ദൈവത്തെ സംബന്ധിച്ചു എരിവുള്ളവർ എന്നു ഞാൻ അവർക്കു സാക്ഷ്യം പറയുന്നു. അവർ ദൈവത്തിന്റെ നീതി അറിയാതെ സ്വന്തനീതി സ്ഥാപിപ്പാൻ അന്വേഷിച്ചുകൊണ്ടു ദൈവത്തിന്റെ നീതിക്കു കീഴ്പ്പെട്ടില്ല" (റോമർ 10:2-3).

അറിവു കൂടാതെയുള്ള ആവേശം, സത്യം കണ്ടെത്തിയവരെ തെറ്റായി വഴി നടത്തുന്നതും, മുമ്പുതന്നെ തെറ്റായിവഴി നടത്തപ്പെട്ടവരെ കുഴക്കുന്നതുമായ അന്ധമായ മതാവേശമാണ്. ക്രിസ്ത്യാനികളെയും അവരുടെ നേതാക്കന്മാരെയും അവരുടെ മതത്തിന്റെ അടിസ്ഥാനമായ വിശുദ്ധ ബൈബിളിനെയും അവഗണിച്ചില്ലായിരുന്നുവെങ്കിൽ ക്രൈസ്തവലോകത്തിന് ആ സന്ദർഭത്തിൽ തെറ്റ് പറ്റില്ലായിരുന്നു. അവരുടെ ദിവ്യഭരണഘടനയുടെ സ്ഥാനം മനുഷ്യപാരമ്പര്യങ്ങൾ പിടിച്ചെടുത്തപ്പോൾ രക്തപങ്കിലവും ലജ്ജാവഹ

വുമായ യുദ്ധങ്ങളുണ്ടായി. അവരുടെ കർത്താവും യജമാനനുമായ ക്രിസ്തുവിന്റെ വ്യക്തമായ കല്പനകൾക്കെതിരായിരുന്നു ആ യുദ്ധങ്ങൾ.

മതം പ്രവൃത്തികളിൽ വരുന്നതിനുമുമ്പ് ആത്മാവിലാണ് നിലനില്ക്കുന്നതെന്നാണ് ഈ കല്പനകൾ പ്രഖ്യാപിക്കുന്നത്. അതിന്റെ അടിത്തറ സ്രഷ്ടാവിനോടും സൃഷ്ടിക്കപ്പെട്ട സഹജീവികളോടുമുള്ള ആത്മാർത്ഥവും ഹൃദയസ്പർശിയുമായ ബന്ധമാണ്. അത് ആദ്യം തൗറാത്തിൽ പ്രഖ്യാപിക്കപ്പെട്ടതും തുടർന്ന് സുവിശേഷത്തിൽ വ്യക്തമാക്കപ്പെട്ടതുമാണ്. കർത്താവായ യേശു ഇപ്രകാരം പറഞ്ഞു: "നിന്റെ ദൈവമായ കർത്താവിനെ നീ പൂർണ്ണഹൃദയത്തോടും പൂർണ്ണാത്മാവോടും പൂർണ്ണമനസ്സോടുംകൂടെ സ്നേഹിക്കണം. ഇതാകുന്നു വലിയതും ഒന്നാമത്തേതുമായ കല്പന. രണ്ടാമത്തേതു അതിനോടു സമം: അയൽക്കാരനെ നിന്നെപ്പോലെ തന്നെ സ്നേഹിക്കണം. ഈ രണ്ടു കല്പനകളിൽ സകല ന്യായപ്രമാണവും പ്രവാചകന്മാരും അടങ്ങിയിരിക്കുന്നു എന്നു പറഞ്ഞു" (മത്തായി 22 : 37-40).

ക്രിസ്ത്യൻ വിശ്വാസസംഹിതയനുസരിച്ച് ദൈവത്തോടും മനുഷ്യവർഗ്ഗത്തോടുമുള്ള സ്നേഹത്തിന് വിരുദ്ധമായതൊന്നും മതത്തോട് പൊരുത്തപ്പെടുന്നതല്ല. സത്യമതത്തെ സ്ഥാപിക്കേണ്ടത് വാളുകൊണ്ടല്ല അതിൽ നിന്നുത്ഭവിക്കുന്ന തെളിവുകളും നന്മയും കൊണ്ടാണ്. വാളുകൊണ്ട് സ്ഥാപിക്കപ്പെട്ടതിനെ തുടർന്നു നിലനില്ക്കാൻ വാൾതന്നെ സ്ഥാപിക്കപ്പെട്ടതിനെ തുടർന്നു നിലനില്ക്കാൻ വാൾതന്നെ വേണ്ടിവരും. കുരിശുയുദ്ധങ്ങളിൽ തങ്ങൾ വാൾകൊണ്ട് നേടിയ വിജയം ഹ്രസ്വായുസ്സായിരുന്നുവെന്ന് ക്രിസ്ത്യാനികൾ അനുഭവത്തിൽനിന്ന് പഠിച്ചിട്ടുണ്ട്. കാരണം ക്രിസ്തുവിന്റെ നാമത്തിലാണവർ പ്രവർത്തിച്ചതെങ്കിലും അവർ ക്രിസ്തുവിന്റെ ആത്മാവിനെയും കല്പനകളെയും നിഷേധിക്കുകയായിരുന്നു. ക്രിസ്തുവിന്റെ ജനനത്തിന് ഏഴു നൂറ്റാണ്ടുകൾക്ക് മുമ്പ് യെശയ്യാവ് പ്രവാചകൻ ക്രിസ്തുവിനെ വിശേഷിപ്പിച്ചത് "സമാധാനത്തിന്റെ പ്രഭു" എന്നായിരുന്നുവെ

ന്നവർ മറന്നു പോയി. ക്രിസ്തുവിന്റെ കല്പനകളിൽ പ്രധാനപ്പെട്ട ഒന്ന് നോക്കുക: "ഞാനോ നിങ്ങളോടു പറയുന്നതു: ദുഷ്ടനോടു എതിർക്കരുത്; നിന്നെ വലത്തെ ചെകിട്ടത്തു അടിക്കുന്നവനു മറ്റേതും തിരിച്ചു കാണിക്ക. നിന്നോടു വ്യവഹരിച്ചു നിന്റെ വസ്ത്രം എടുപ്പാൻ ഇച്ഛിക്കുന്നവനു നിന്റെ പുതപ്പും വിട്ടുകൊടുക്കുക."

"കൂട്ടുകാരനെ സ്നേഹിക്ക എന്നും ശത്രുവിനെ പകെക്ക എന്നും അരുളിയതും നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. ഞാനോ നിങ്ങളോടു പറയുന്നതു: നിങ്ങളുടെ ശത്രുക്കളെ സ്നേഹിപ്പിൻ; നിങ്ങളെ ഉപദ്രവിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിപ്പിൻ; സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനു പുത്രന്മാരായത്തീരേണ്ടതിനു തന്നെ; അവൻ ദുഷ്ടന്മാരുടെമേലും നല്ലവരുടെ മേലും തന്റെ സൂര്യനെ ഉദിപ്പിക്കയും നീതിമാന്മാരുടെമേലും നീതികെട്ടവരുടെമേലും മഴപെയ്യിക്കയും ചെയ്യുന്നുവല്ലോ" (മത്തായി 5: 39-40; 5 : 44-45).

ഈ കല്പനകൾ നല്കിയവൻ മനുഷ്യർക്കിടയിൽ ജീവിച്ചപ്പോൾ അവയനുസരിച്ച് ജീവിക്കയും, ഭൗമിക ജീവിതത്തിന്റെ അന്ത്യത്തിൽ തന്നെ ക്രൂശിച്ചവർക്കായി പ്രാർത്ഥിക്കുകയും ചെയ്തു. "എന്നാൽ യേശു: പിതാവേ ഇവർ ചെയ്യുന്നതു ഇന്നതു എന്നു അറിയായ്കകൊണ്ടു ഇവരോടു ക്ഷമിക്കണമേ എന്നു പറഞ്ഞു......" (ലൂക്കോസ് 23 : 34).

ക്രിസ്ത്യാനികൾക്കും അവരുടെ വേദത്തിനും മുസ്ലീംകളുടെ ആദരവും സ്നേഹവും ലഭിക്കാനും "ഞാൻ ലോകത്തിന്റെ വെളിച്ചമാകുന്നു" എന്ന പ്രസ്താവന സത്യമാണെന്ന് മുസ്ലീംകളെ ബോധ്യപ്പെടുത്താനും ആഗ്രഹിക്കുന്ന ക്രിസ്ത്യാനികൾ സ്വന്തം മതാദ്ധ്യാപനങ്ങൾ കൂടുതൽ ശ്രദ്ധ കൊടുക്കേണ്ടതും കല്പനകളെ അനുസരിക്കേണ്ടതും ആവശ്യമാണെന്നും ഒരു യഥാർത്ഥ ക്രിസ്ത്യാനി സമ്മതിക്കുന്നതാണ്.

മതത്തിൽ നൈപുണ്യം നേടിയ ഒരു ക്രിസ്ത്യാനിക്ക് മുസ്ലീം വൈമുഖ്യത്തിന്റെ മറ്റൊരു കാരണവും മനസ്സിലാക്കാം. ഈ മനസ്സിലാക്കൽ അവനെ അതീവ ദുഃഖ

ത്തിലാഴ്ത്തുകയും ചെയ്തു. സ്നേഹത്തിലും നന്മയിലും വിശ്വാസമർപ്പിച്ച് നീങ്ങുന്നതിന് പകരം വെറും വാൾപ്രയോഗം നടത്തുന്നതുകൊണ്ട് മുസ്ലീമിനെ ബാധിച്ച ഈ പഴയരോഗം ഭേദമാവില്ലെന്ന് അവൻ മനസ്സിലാക്കുന്നു. നേരെമറിച്ച് ക്രിസ്തീയ വിളിയുടെ യഥാർത്ഥപൊരുളും അതെങ്ങനെ മിസ്ലീംകളിലേക്കെത്തിക്കാമെന്നും മനസ്സിലാക്കുകയാണ് ആവശ്യമായിട്ടുള്ളത്.

ക്രിസ്ത്യൻ ദൗത്യത്തിന്റെ മുഖ്യലക്ഷ്യം ജനങ്ങളെ കേവലം വിശ്വാസപരിവർത്തനത്തിലേക്ക് ക്ഷണിക്കുകയല്ല, കാരണം സഭാവിഭാഗീയമായ അഭിപ്രായാന്തരങ്ങളെ സുവിശേഷം അവഗണിക്കുകയാണ് ചെയ്യുന്നത്. ശ്രദ്ധാപൂർവ്വം സുവിശേഷ ഉള്ളടക്കത്തെ പഠിക്കുന്ന ആർക്കും ഇത് അംഗീകരിക്കേണ്ടിവരും. പേര് മാറ്റത്തിനുള്ള ഒരു ക്ഷണവുമല്ല ക്രിസ്ത്യൻ ദൗത്യം. കാരണം, ക്രിസ്ത്യാനികൾ അറിയപ്പെടുന്ന ഒരു പേരെന്ന നിലയിൽ "ക്രിസ്ത്യൻ" എന്ന പദം പുതിയ നിയമത്തിൽ വെറും മൂന്നിടങ്ങളിലാണ് വന്നിട്ടുള്ളത്. കൂടാതെ, മാമോദീസാ മുതലായ ചില അനുഷ്ഠാനങ്ങളിലേക്കുള്ള ക്ഷണവുമല്ലത്, കാരണം ഏറ്റവും പ്രാധാന്യമർഹിക്കുന്ന ബാഹ്യാനുഷ്ഠാനങ്ങൾ പോലും പ്രാഥമികമല്ല.

മുഴുവൻ മനുഷ്യവർഗ്ഗത്തിന്റെയും ഏക രക്ഷകനെന്ന നിലയിൽ ദൈവം ഉയിർത്തെഴുന്നേല്പിക്കുകയും ആത്മീയമായി ഇന്നും ജീവിക്കുന്നവനുമായ ഒരു ജീവനുള്ള വ്യക്തിയിൽ, ഹൃദയത്തിൽനിന്ന് വരുന്ന വ്യക്തിപരമായ സജീവ വിശ്വാസമർപ്പിക്കാനുള്ള ക്ഷണമാണ് ക്രിസ്ത്യൻ ദൗത്യത്തിന്റെ മൗലികലക്ഷ്യം. ക്രിസ്ത്യൻ അനുഷ്ഠാനങ്ങളെ സംബന്ധിച്ചിടത്തോളം, ചിലത് അനുഷ്ഠിക്കപ്പെടണമെന്നില്ല; ചില അനുഷ്ഠാനങ്ങൾ പ്രയോജനപ്പെടുക ആത്മീയമായ ഈ ഉൾവിളിക്കുത്തരം ചെയ്തശേഷം മാത്രമാണ്. കാപട്യത്തോടുകൂടിയോ പൊള്ളയായ പ്രകടനത്തിന്വേണ്ടിയോ ആണെങ്കിൽ ക്രിസ്ത്യൻ വിശ്വാസത്തെ പരസ്യമായി സ്വീകരിക്കുകയും ക്രിസ്ത്യൻ പേര് കൈക്കൊള്ളുകയും ചെയ്യുന്നത് അനുവദനീയമല്ല. സത്യസന്ധമായും നേർക്കുനേരെയും

ചെയ്യുന്നതാണെങ്കിൽ, ഒന്നാമത്തെ അനിവാര്യ ലക്ഷ്യത്തിലേക്കുള്ള ഒരുക്കമെന്ന നിലയിലല്ലാതെ അവ പ്രയോജനപ്പെടില്ല. ഒരു മുസ്ലീം ഈ സത്യം മനസ്സിലാക്കുമ്പോൾ, ക്രിസ്ത്യൻ ദൗത്യത്തോടുള്ള അവന്റെ വൈമുഖ്യത്തിൽ ഒട്ടുമുക്കാലും അപ്രത്യക്ഷമാകും.

"ഞാൻ ലോകത്തിന്റെ വെളിച്ചങ്ങളിൽ ഒന്നാണ്" എന്നല്ല ക്രിസ്തു പറഞ്ഞത്. ആഴത്തിൽ അന്വേഷിക്കുന്ന ആർക്കും ഇത് മനസ്സിലാക്കാം. മുഴുവൻ ലോകത്തിന്റെയും വെളിച്ചമെന്ന നിലക്കാണ് അദ്ദേഹം സ്വയം പരിചയപ്പെടുത്തിയത്. അതിനാൽ മറ്റാരെങ്കിലും പ്രകാശം പ്രദാനം ചെയ്തിട്ടുണ്ടെങ്കിൽ അഥവാ പ്രദാനം ചെയ്യുമെങ്കിൽ ആ പ്രകാശം ലോകത്തിന്റെ വെളിച്ചമായവനിൽ നിന്നുള്ളത് തന്നെയാണ്. ഒരു സൂര്യനിൽ നിന്നും വെളിച്ചം സ്വീകരിക്കുന്ന ചന്ദ്രന്റെയും നക്ഷത്രങ്ങളുടെയും അവസ്ഥപോലെയാണിത്. അവ ഒരിക്കലും തുലനം ചെയ്യപ്പെടാറില്ല.

സ്വന്തം വിശ്വാസത്തോടുള്ള കൂറ് സത്യസന്ധനായ ഒരു മുസ്ലീമിനെ "ഞാൻ ലോകത്തിന്റെ വെളിച്ചമാകുന്നു" എന്ന ക്രിസ്തുവിന്റെ സത്യപ്രസ്താവന അംഗീകരിക്കുന്നതിൽ നിന്നും തടഞ്ഞു നിർത്തുന്നുണ്ടാവാം. എന്നാൽ, പൂർണ്ണമായ ആത്മാർത്ഥതയോടെ നടത്തുന്ന നീണ്ട ഗവേഷണവും പഠനവും ചിന്തയും മുഖേന മാത്രമേ സത്യം കണ്ടെത്താനാവുകയുള്ളൂ എന്ന് അയാളും സമ്മതിക്കും. ഇതരവിശ്വാസത്തിന്റെ അനുയായികളോട് സംവാദം നടത്തുന്നതിനെ അയാൾ തള്ളിക്കളയുന്നില്ല. തന്റെ മുൻഗാമികളിൽനിന്നും പരമ്പരാഗതമായി കിട്ടിയതും തന്നെ പഠിപ്പിച്ചിട്ടുള്ളതുമായവയോട് യോജിക്കുന്നില്ലെന്നു ഏക കാരണംകൊണ്ട് ഏതിന്റെയെങ്കിലും തെളിവ് തള്ളിക്കളയാനും അയാൾ തയ്യാറാവുകയില്ല. ഈ വിഷയത്തിൽ ഖുർ–ആന്റെ ആക്ഷേപം അയാളെ ഭയപ്പെടുത്താതിരിക്കില്ല. "അതല്ല, ഇതിനുമുമ്പു നാം അവർക്കു വേദം നല്കിയിട്ടുണ്ടോ? അതു മുറുകെ പിടിച്ചുകൊണ്ടാണോ അവർ ജീവിക്കുന്നത്? അല്ല, അവർ പറയുന്നു. ഞങ്ങളുടെ പ്രപിതാക്കൾ ഒരു മാർഗ്ഗത്തിൽ ചരിക്കു

ന്നത് ഞങ്ങൾ കണ്ടു. ഞങ്ങളവരുടെ കാൽപ്പാടുകളെ പിന്തുടർന്നുകൊണ്ട് നേർമാർഗ്ഗത്തിൽ ചരിക്കുകയാണ്" (43 : 21-22).

മറിയമിന്റെ പുത്രനായ ഈസ ഒരു യഹൂദനെന്ന നിലയിൽ തനിക്കു പരമ്പരാഗതമായി കിട്ടിയ വിശ്വാസത്തിൽ തന്നെ പിടിച്ച് നിന്നിരുന്നുവെങ്കിൽ ക്രിസ്തുമതം ഉടലെടുക്കുകയോ ഇഞ്ചീൽ നിലവിർ വരികയോ ചെയ്യുമായിരുന്നില്ല എന്ന് ഏതൊരു മുസ്ലീമും മനസ്സിലാക്കുന്നു. ഖുറൈശിയായ അബ്ദുല്ലയുടെ മകൻ മുഹമ്മദിനെ സംബന്ധിച്ചും ഇത് ശരിയാണ്. താൻ പരമ്പരാഗതമായി പരിചയിച്ചതിനെ മാത്രം മുറുകെ പിടിക്കുന്നതിന് പകരം പുതിയ പാതകൾ വെട്ടിത്തുറക്കുകയും അവയെ തനിക്കു തൗറാത്തിൽ നിന്നും ഇഞ്ചീലിൽനിന്നും അനന്തരമെടുക്കുകയും പരിശീലിക്കുകയും ചെയ്തതിനോട് ബന്ധപ്പെടുത്തുകയുമാണ് അദ്ദേഹം ചെയ്തത്. ഈ ബുദ്ധിപരമായ സ്വാതന്ത്ര്യം, വഴിതെറ്റുന്നതിൽ നിന്നും സംരക്ഷണം ലഭിക്കാൻ അനിവാര്യമാണ്.

സ്ഥാപിത സത്യത്തെ ആദരിക്കുകയും സത്യം എവിടെയും ആകാമെന്നതിനാൽ സ്വന്തം വേദത്തിലും മറ്റുള്ളവരുടെ വേദങ്ങളിലും അതിനെ അത്യുത്സാഹത്തോടെ അന്വേഷിക്കുകയും വേണ്ടതാണെന്ന് വിവേകമുള്ള ആരും അംഗീകരിക്കുന്നു. "സത്യ"മെന്നത് ദൈവത്തിന്റെ മഹോന്നത നാമങ്ങളിലൊന്നാണെന്ന് അവനറിയാം. "വിശ്വസ്തതയുടെ മാർഗ്ഗം ഞാൻ തിരഞ്ഞെടുത്തിരിക്കുന്നു" (സങ്കീ. 119 : 30) എന്ന, പ്രവാചകനായ ദാവൂദിന്റെ പ്രസ്താവനയും, "നീ സത്യം വില്ക്കയല്ല വാങ്ങുകയത്രേ വേണ്ടത്" (സദൃശവാക്യങ്ങൾ 23:23) എന്ന, സുലൈമാന്റെ പ്രസ്ഥാവനയും അവൻ അനുസരിക്കും.

അത്തരമൊരു സത്യാന്വേഷകൻ ദൈവനിശ്വസ്തമതത്തെ പഠിക്കാൻ തന്റെ ബുദ്ധി പ്രയോഗിക്കുകയും സത്യം ഗ്രഹിക്കുകയും അസത്യത്തെ തള്ളിക്കളയുകയും ചെയ്യുമെന്നതിൽ സംശയമില്ല. എല്ലാ വിശ്വാസങ്ങളുടെയും അനേകരുടെ മനസ്സുകളെ പിടിച്ച് നിർത്തുന്ന ബാലിശമായ അന്ധവിശ്വാസങ്ങളെയും വ്യഥാ സംസാരത്തെയും അവൻ വെറുക്കു

ന്നു. ദൈവ പ്രചോദനത്താൽ സ്ഥരീകരിക്കപ്പെട്ടിട്ടില്ലാത്ത ഏത് പാഠവും അത്ഭുതപ്രകടനവും അവൻ തള്ളിക്കളയും. "യുക്തി ശാസ്ത്രത്തിന്റെ പിൻബലമില്ലാത്ത ഏത് രീതിയും ദുർബലമാണെ"ന്ന സമഖ്ഷരിയുടെ പ്രസ്താവനയാണവനെ നയിക്കുന്നത്.

വെള്ളത്തിന്റെ ഗുണംപോലും തീരുമാനിക്കാൻ നദിയിൽ നിന്നെടുത്ത ചെളിപുരണ്ട മാതൃക പോരാ; തെളിഞ്ഞ വെള്ളം അതിന്റെ ഉറവിൽനിന്ന് കുടിക്കുകതന്നെ വേണം. പണ്ടായാലും ഇന്നായാലും, ക്രിസ്തുമതത്തിന്റെ സ്ഥാനം നിർണ്ണയിക്കാനും ക്രിസ്ത്യാനികളിൽ കാണുന്നതിനെ അവലംബിക്കുന്നത് ശരിയല്ല. ക്രിസ്തുമതത്തെപ്പറ്റി തീർപ്പുകല്പിക്കാൻ അവരുടെ വേദഗ്രന്ഥങ്ങളെയും, മാർഗ്ഗദർശകനും നേതാവും, അവരുടെ അദ്ധ്യാപനങ്ങളുടെ സ്രോതസ്സും, പരിപൂർണ്ണമാതൃകയുമായ വ്യക്തിയെയും അടിസ്ഥാനമാക്കേണ്ടതുണ്ട്. ഈ വസ്തുതകളെല്ലാം തുറന്ന മനസ്സുള്ള ഏതൊരു വ്യക്തിയും സമ്മതിക്കും.

സത്യസന്ധനും ചിന്താശീലനുമായ വ്യക്തി അന്ധമായ മതാവേശത്തെ വിട്ടൊഴിയും. കാരണം അത് മാനസിക ശക്തിയെ തടഞ്ഞ് നിർത്തുന്നതും തനിക്കു ചുറ്റുമുള്ള പ്രകാശത്തെപ്പോലും മറയ്ക്കുന്നതുമാണ്. സത്യാന്വേഷണത്തിൽ മതപരമായ മുൻവിധികൾ ഒഴിക്കുന്നവൻ ഒരു മതപ്രമാണത്തെയും, അത് നല്ലതും അത്യാവശ്യവുമാണെങ്കിലും, സത്യത്തിന്റെ തുലാസ് നിർണ്ണയിക്കുന്നതിന് അടിസ്ഥാനമാക്കുകയില്ല. ഓരോ മതപ്രമാണവും ഒരാൾ അണിഞ്ഞിരിക്കുന്ന വസ്ത്രം പോലെയാണ്. ഈ വസ്ത്രങ്ങൾ നല്ലതും അത്യാവശ്യവുമാണെങ്കിലും അവ അണിയുന്ന വ്യക്തിയുടെ യഥാർത്ഥ അളവ് കണക്കാക്കാൻ അവ പറ്റില്ല. ഒരു വ്യക്തിയുടെ യോഗ്യത തന്റെ വസ്ത്രങ്ങളിലല്ല ഗുണങ്ങളിലാണ് കിടക്കുന്നതെന്നപോലെത്തന്നെ മതത്തിന്റെ സ്ഥാനം ആശ്രയിക്കുന്നത് പേരിനേയോ പ്രമാണത്തേയോ അല്ല, അതുൾക്കൊള്ളുന്ന തത്വങ്ങളെയും ജീവൻപ്രദാനം ചെയ്യുന്ന ഉള്ളടക്കത്തേയുമാണ്. മതത്തിന്റെ യഥാർത്ഥ മാനദണ്ഡം,

മതത്തിന്റെ സിദ്ധാന്തങ്ങൾ ജീവനും ജീവിതവും പ്രദാനം ചെയ്യുന്നുണ്ടോ എന്നതാണ്.

മതത്തെ ഫലവൃക്ഷങ്ങളുള്ള ഒരു തോട്ടത്തോടും വിവിധ സിദ്ധാന്തങ്ങളെ വൃക്ഷങ്ങളോടും ഉപമിക്കാം. വെറും ഒരു മതവിശ്വാസം ഫലങ്ങളില്ലാത്ത ഒരു വൃക്ഷം പോലെയാണ്. യഥാർത്ഥ വിശ്വാസത്തിന്റെ ഫലം നന്മയാണ്. ഫലം നൽകാത്ത നിലനിന്ന് പോരുന്ന വൃക്ഷത്തെ മുറിച്ച് കത്തിക്കുന്നു. സംതൃപ്തിയോ സന്തോഷമോ നല്കാത്ത കേവലം ശരിയായ സിദ്ധാന്തംകൊണ്ട് ലോകം തൃപ്തിപ്പെടുകയോ സന്തോഷിക്കുകയോ ചെയ്യില്ല. ഈ കാര്യങ്ങൾ അവഗണിക്കുന്നത് ആത്മാർത്ഥമായ ബോധ്യത്തെ അവഗണിക്കുന്നതിനേക്കാൾ കടുത്ത ശിക്ഷാവിധിയാണ് ക്ഷണിച്ച് വരുത്തുക. ദൈവനിഷേധികളുടേതിനേക്കാൾ കടുത്ത ശിക്ഷയായിരിക്കുമല്ലോ സ്വന്തം വിശ്വാസങ്ങൾക്കെതിര് പ്രവർത്തിക്കുന്ന ദൈവവിശ്വാസികളുടെ ശിക്ഷ.

പക്വതയും പ്രബുദ്ധതയുമുള്ളവർ തമ്മിലുള്ള മതപരമായ മത്സരം കേന്ദ്രീകരിക്കുക സിദ്ധാന്തത്തിന്റെ മേന്മയിലല്ല സൽസ്വഭാവത്തിലും സൽപ്രവൃത്തികളിലുമാണ്. സൽസ്വഭാവത്തെ അടിസ്ഥാനമായെടുക്കുന്ന മത്സരരംഗമാണ് ഏതു വിഭാഗങ്ങൾക്കും വ്യക്തികൾക്കും മാന്യമായിട്ടുള്ളതും ഫലപ്രദമായിട്ടുള്ളതും. ബോധ്യത്തെ സംബന്ധിച്ച തർക്കങ്ങൾ ഫലപ്പോഴും വിദ്വേഷവും ഭിന്നതകളും വളർത്തുമ്പോൾ നന്മയെ സംബന്ധിച്ച സംവാദം ഇരുകക്ഷികളിലും നന്മ വളർത്തുകയും അവരെ പരസ്പരം അടുപ്പിക്കുകയുമാണ് ചെയ്യുക.

യോജിപ്പുള്ള പൊതുതത്വങ്ങൾക്കാണ് വിയോജിപ്പുള്ള വിശേഷതത്വങ്ങളേക്കാൾ മേന്മയുള്ളത്. വിഭാഗീയ മുൻധാരണ ഒഴിവാക്കുകയും ഒന്നിനെ തകർത്ത് മറ്റൊന്നിനെ പണിതുയർത്താൻ ഉദ്ദേശിക്കുന്ന ഏത് തർക്കത്തെയും തള്ളിക്കളയുകയുമാണ് ഈ ചർച്ചയുടെ ലക്ഷ്യം. ആത്മാർത്ഥമായ സുഹൃത്തുക്കളെന്ന നിലയിൽ ക്രിസ്തുവിന്റെ വ്യക്തിത്വത്തിന്റെയും സുവിശേഷത്തിന്റെയും പഠനത്തിൽ പങ്കെടുക്കുന്നത്

ക്രസ്ത്യാനികളെ സംബന്ധിച്ചിടത്തോളം സർവ്വ സാധാരണ മാണ്.

ആദ്യമായി ഖുർ-ആനിന്റെ മുമ്പ് വന്ന ദൈവ നിശ്വ സ്തമായ തൗറാത്തിനെയും ഇഞ്ചീലിനെയും (ബൈബിളി നെ) ഖുർ-ആൻ പിന്തുണയ്ക്കുന്നുണ്ടെന്ന വസ്തുത കണ ക്കിലെടുക്കാം. അത്തരം പിന്തുണ ധാരാളം സന്ദർഭങ്ങളിൽ കാണിക്കുന്നുണ്ടെങ്കിൽ തൗറാത്തിനെയും ഇഞ്ചീലിനെയും പരാമർശിക്കുന്ന ഖുർ-ആൻ സൂക്തങ്ങൾ മാത്രമാണ് നാമി വിടെ ഉദ്ധരിക്കുന്നത്.

"ഗ്രന്ഥം നല്കപ്പെട്ടവരേ! നിങ്ങളുടെ പക്കലുള്ളതിനെ സ്ഥിരീകരിച്ചുകൊണ്ട് നാം ഇറക്കിയതിനെ വിശ്വസിക്കുക......." (4 : 47). ".....നിങ്ങളുടെ പക്കലുള്ള വേദത്തെ ശരിവെക്കുന്ന ഒരു ദൂതൻ നിങ്ങളുടെ അടുക്കൽ വന്നു....." (3 : 81).

"അതിനു മുമ്പ് വന്നതിനെ സ്ഥിരീകരിച്ചുകൊണ്ടും അതിനെ കാത്ത് സംരക്ഷിച്ചുകൊണ്ടും നിനക്ക് നാം സത്യ ത്തോടുകൂടി വേദം ഇറക്കിയിരിക്കുന്നു......" (5 : 48).

"എന്നാൽ അവരിൽ വിജ്ഞാനത്തിൽ അടിയുറച്ചവരും, നിനക്കിറക്കിത്തന്നതിലും നിനക്കുമുമ്പ് ഇറക്കിയതിലും വിശ്വ സിക്കുന്നവരുമൊഴിച്ച്......" (4 : 162).

"ഈ ഖുർ-ആൻ മറ്റാരെങ്കിലും അല്ലാഹുവിന്റെ പേരിൽ വ്യാജമായി നിർമ്മിച്ചതല്ല. ഇതിനുമുമ്പുള്ള എല്ലാ ദൈവിക സന്ദേശങ്ങളേയും ശരിവെക്കുന്നതും ആ സന്ദേശ ങ്ങളെ വിശദീകരിക്കുന്നതുമാണ്. ഇത് സംശയാതീതം. സർവ്വലോകനാഥങ്കൽ നിന്ന് അവതീർണ്ണം" (10 : 37).

തൗറാത്തിനെയും ഇഞ്ചീലിനെയും പേരെടുത്ത് പറ യുന്ന സൂക്തങ്ങളുമുണ്ട്. "അവനാണ് നിനക്ക് സത്യത്തോടു കൂടെയും അതിന്റെ മുമ്പ് വന്നതിനെ സ്ഥിരീകരിച്ചു കൊണ്ടും വേദമിറക്കിത്തന്നത്; മനുഷ്യരാശിക്ക് മാർഗ്ഗദർശന മായിക്കൊണ്ട് മുമ്പ്, തൗറാത്തും ഇഞ്ചീലും അയച്ചതും അവൻ തന്നെയാണ്. സത്യാസത്യവിവേചനത്തിനുള്ള മാനദ ണ്ഡമയച്ചതും അവൻ തന്നെ" (3 : 2).

"തങ്ങളുടെ അടുക്കലുള്ള തൗറാത്തിലും ഇഞ്ചീലിലും രേഖപ്പെട്ടു കാണുന്ന അക്ഷരജ്ഞാനമില്ലാത്ത പ്രവാചക നായ ദൈവദൂതനെ പിന്തുടരുന്നവർക്ക്. ആ ദൈവദൂതൻ അവരോടു നന്മ കൽപിക്കുകയും തിന്മ വിരോധിക്കുകയും ചെയ്യുന്നു" (7 : 157).

"മുഹമ്മദ് ദൈവത്തിന്റെ ദൂതനാണ്. അദ്ദേഹത്തിന്റെ കൂടെയുള്ളവർ.... ഇതവരുടെ തൗറാത്തിലുള്ള ഉപമയും ഇഞ്ചിലീലുള്ള ഉപമയുമാണ്......" (48 : 29).

"അവർ തൗറാത്തും ഇഞ്ചീലും അവരുടെ നാഥനിൽ നിന്ന് അവർക്കിറക്കപ്പെട്ടതും അനുസരിച്ച് ജീവിച്ചിരുന്നെങ്കിൽ അവരുടെ മുകളിലുള്ളതും അവരുടെ കാൽക്കീഴിലുള്ളതും അവർക്ക് ഭക്ഷിക്കാമായിരുന്നു......" (5 : 66).

"പറയുക: വേദക്കാരെ! തൗറാത്തും ഇഞ്ചീലും നിങ്ങ ളുടെ നാഥനിൽനിന്ന് വന്ന് കിട്ടീട്ടുള്ളതും അനുസരിച്ച് ജീവി ക്കുന്നതുവരെ നിങ്ങൾക്കൊരടിസ്ഥാനവുമില്ല....." (5 : 68).

"അല്ലാഹു പറഞ്ഞ സന്ദർഭം....... നിന്നെ നാം വേദവും തത്വങ്ങളും തൗറാത്തും ഇഞ്ചീലും പഠിപ്പിക്കുകയും ചെയ്തി രിക്കുന്നു....." (5 : 110).

"അല്ലാഹു അവനെ ഗ്രന്ഥവും വിജ്ഞാനവും തൗറാത്തും ഇഞ്ചീലും പഠിപ്പിക്കയും ചെയ്യും" (3 : 48).

"വേദക്കാരെ! നിങ്ങളെന്തിനാണ് ഇബ്രാഹീമിനെപ്പറ്റി തർക്കിക്കുന്നത് ? തൗറാത്തും ഇഞ്ചീലും അവന്റെ ശേഷമ ല്ലാതെ അവതരിപ്പിച്ചിട്ടില്ലല്ലോ. നിങ്ങൾ മനസ്സിലാക്കുന്നി ല്ലയോ?" (3 : 65).

"അവരെ തുടർന്ന് നാം മറിയമിന്റെ പുത്രനായ ഈസയെ അവന്റെ മുമ്പുള്ള തൗറാത്തിനെ സ്ഥിരീകരിച്ചു കൊണ്ട് അയക്കുകയും ദൈവഭക്തരായവർക്ക് മാർഗ്ഗനിർദ്ദേ ശവും വെളിച്ചവും ഉപദേശവും അടങ്ങുന്ന ഇഞ്ചീൽ അവന്ന് നല്കുകയും ചെയ്തു" (5 : 46).

ഇഞ്ചീലിനെമാത്രം പിന്തുണയ്ക്കുന്ന ചില സൂക്ത ങ്ങൾ താഴെക്കൊടുക്കുന്നു: "ഇഞ്ചീലിന്റെ അനുയായികൾ

അതിൽ ദൈവം ഇറക്കീട്ടുള്ളതനുസരിച്ച് തീർപ്പു കല്പിക്കട്ടെ. ദൈവം ഇറക്കിയതനുസരിച്ച് വിധി കല്പിക്കാത്തവൻ ആരാണെങ്കിലും അവർ ധിക്കാരികളാണ്" (5 : 47).

"പിന്നീട് അവരുടെ കാൽപ്പാടുകളെ പിൻതുടർന്നുകൊണ്ട് നാം ദൂതന്മാരെ അയച്ചു. മറിയമിന്റെ മകൻ ഈസായെ നാം തുടർന്നയച്ചു. അദ്ദേഹത്തിനു നാം ഇഞ്ചീൽ നൽകി" (57 : 27).

തൗറാത്തിനെമാത്രം പിന്തുണയ്ക്കുന്ന സൂക്തങ്ങൾ താഴെ കൊടുക്കുന്നു: "ദൈവത്തിന്റെ കല്പന അടങ്ങിയ തൗറാത്ത് കയ്യിലുണ്ടായിരിക്കെ അവരെങ്ങനെയാണ് നിന്നെ വിധികർത്താവായി സ്വീകരിക്കുക?........." (5 : 43).

"നാം തന്നെയാണ് തൗറാത്ത് അവതരിപ്പിച്ചിരിക്കുന്നത്. അതിൽ മാർഗ്ഗനിർദ്ദേശവും പ്രകാശവുമുണ്ട്. അല്ലാഹുവിനു കീഴ്പ്പെട്ടു ജീവിക്കുന്ന പ്രവാചകന്മാർ വിധി നൽകിയിരുന്നത് അത് പ്രമാണമാക്കിക്കൊണ്ട് തന്നെയായിരുന്നു....." (5 : 44).

"തൗറാത്തനുസരിച്ച് ജീവിക്കുവാൻ ചുമതലപ്പെടുത്തുകയും എന്നിട്ട് ആ ചുമതല നിർവ്വഹിക്കാതിരിക്കുകയും ചെയ്യുന്നവരുടെ സ്ഥിതി ഗ്രന്ഥങ്ങൾ ചുമക്കുന്ന കഴുതയെപ്പോലെയാണ്. അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങൾ നിഷേധിക്കുന്ന ജനതയുടെ ഉപമ എത്രമോശം!" (62 : 5).

"ഞങ്ങൾക്കവതരിപ്പിച്ചതിൽ ഞങ്ങൾ വിശ്വസിക്കുന്നു. അതിനപ്പുറമുള്ളത് അവർ നിഷേധിക്കുന്നു. യഥാർത്ഥത്തിൽ അത് സത്യമായ സന്ദേശമാണ്" (2 : 91).

"മറിയമിന്റെ പുത്രൻ ഈസ പറഞ്ഞ സന്ദർഭം : യിസ്രായീല്യരേ! എനിക്കു മുമ്പുള്ള തൗറാത്തിനെ സ്ഥിരീകരിച്ചുകൊണ്ട് നിങ്ങൾക്ക് വന്നിരിക്കുന്ന ദൈവദൂതനാണ് ഞാൻ....." (61 : 6).

"(ഇസ്രായീല്യരേ!) നിങ്ങളുടെ പക്കലുള്ളതിനെ സ്ഥിരീകരിച്ചുകൊണ്ട് ഞാൻ നിങ്ങൾക്കിറക്കിയതിൽ വിശ്വസിക്കുക......" (2 : 41).

“എനിക്കുമുമ്പുള്ള തൗറാത്തിനെ സ്ഥിരീകരിച്ചുകൊണ്ടും......” (3 : 50).

മുസ്ലിംകൾക്കിടയിൽ പ്രചരിച്ച അവകാശവാദം, തൗറാത്തിലും ഇഞ്ചീലിലുമുള്ള പാഠങ്ങളും കല്പനകളും ഖുർ-ആൻ ഉൾക്കൊള്ളുകയും അവ രണ്ടിലുമുള്ള അനിവാര്യവും പ്രയോജനപ്രദവുമായവ മുഴുവനും ക്രോഡീകരിക്കുകയും ചെയ്തതിനാൽ ഇനി ഖുർ-ആനിനേ സ്ഥാനമുള്ളൂ എന്നാണ്. ഇസ്ലാം വന്നതിനുശേഷം പ്രസക്തമായിട്ടുള്ള ഏകവേദം ഖുർ-ആൻ മാത്രമാണെന്നും അവരിൽ ചിലർ അവകാശപ്പെടാറുണ്ട്.

ഈ അഭിപ്രായം ശരിയാണെന്ന് സങ്കല്പിച്ചാൽതന്നെ, അതിന്റെ പ്രസക്തിയും പ്രയോജനവും ക്രിസ്ത്യാനിക്കുള്ളതിനേക്കാളും മുസ്ലിമിനുണ്ടാവില്ല. മുസ്ലിമിനെ തൃപ്തിപ്പെടുത്തുന്ന അതിന്റെ തെളിവ് ക്രിസ്ത്യാനിയെയും തൃപ്തിപ്പെടുത്തണം. എന്നാൽ, ഖുർ-ആൻ പാഠം തന്നെ ഈ വീക്ഷണത്തിന്റെ ഏറ്റവും വലിയ തിരസ്കാരമാണ്. കാരണം, തൗറാത്തിനെയും ഇഞ്ചീലിനെയും സ്വതന്ത്രവേദങ്ങളായാണ് ഖുർ-ആൻ പരാമർശിക്കുന്നത്. ഖുർ-ആൻ പ്രസ്താവിക്കുന്നത് കാണുക: “വിശ്വാസികളിൽ നിന്നും..... അല്ലാഹു വിലയ്ക്ക് വാങ്ങിയിരിക്കുന്നു. അവർ അവന്റെ മാർഗ്ഗത്തിൽ പൊരുതുകയും വധിക്കുകയും വധിക്കപ്പെടുകയും ചെയ്യുന്നു. തൗറാത്തിലും ഇഞ്ചീലിലും ഖുർ-ആനിലുമുള്ള അവന്റെമേൽ ബാധ്യതയായിത്തീർന്ന ഒരു പ്രതിജ്ഞയാണിത്....” (9 : 111).

“അവിശ്വാസികൾ പറയുന്നു: ഞങ്ങൾ ഈ ഖുർ-ആനിലോ അതിന്നുമുമ്പ് വന്നതിലോ വിശ്വസിക്കുകയില്ല........” (34 : 31).

“വിശ്വസിച്ചവരെ!.... അല്ലാഹുവിലും അവന്റെ മലക്കുകളിലും അവന്റെ ഗ്രന്ഥങ്ങളിലും അവന്റെ ദൂതന്മാരിലും അന്ത്യദിനത്തിലും അവിശ്വസിക്കുന്നവൻ ബഹുദൂരം വഴിപിഴച്ചു പോയിരിക്കുന്നു” (4 : 136).

“നിനക്കിറക്കപ്പെട്ടതിലും നിനക്കു മുമ്പിറക്കപ്പെട്ടതിലും വിശ്വസിച്ചിരിക്കുന്നു എന്ന് പ്രഖ്യാപിക്കുന്നവരെ നീ കാണു

ന്നില്ലേ?...... അവരെ ബഹുദൂരം വഴിപിഴപ്പിക്കാനാണ് പിശാച് ശ്രമിക്കുന്നത്" (4 : 60).

ഈ സൂക്തങ്ങൾ കാണിക്കുന്നത് വിശ്വാസവും അവിശ്വാസവും ഖുർ-ആനിനെ ബന്ധപ്പെടുത്തി മാത്രമല്ലെന്നും തൗറാത്തും ഇഞ്ചീലുമടങ്ങുന്ന മൂന്ന് വേദങ്ങളെയും ബന്ധപ്പെടുത്തുകയാണെന്നുമാണ്. ദുർബലമാക്കപ്പെടുകയും സ്ഥാനം നഷ്ടപ്പെടുകയും ചെയ്ത ഒന്നിൽ വിശ്വാസവും അവിശ്വാസവും ഉണ്ടാവുന്നതെങ്ങനെ?

തന്നോട് തർക്കിച്ചവർക്ക് മറുപടി പറഞ്ഞപ്പോൾ തനിക്കിറക്കപ്പെട്ടതിലുള്ള വിശ്വാസം പ്രഖ്യാപിച്ച് തൃപ്തി അടയുകയല്ല തനിക്കു മുമ്പിറക്കപ്പെട്ടതിലുള്ള വിശ്വാസത്തെക്കൂടി പ്രഖ്യാപിക്കുകയാണ് മുഹമ്മദ് ചെയ്തത്. മനുഷ്യവർഗ്ഗത്തെ വഴിപിഴപ്പിക്കാനുള്ള പിശാചിന്റെ ഉദ്ദേശ്യത്തെ അദ്ദേഹം ഖുർ-ആനിനെ മാത്രം ബന്ധപ്പെടുത്തിയല്ല തൗറാത്തിനെയും ഇഞ്ചീലിനെയും മനസ്സിൽ കണ്ടുകൊണ്ടുമാണ് പ്രഖ്യാപിച്ചത്.

അതിനാൽ, ഖുർ-ആൻ വന്നതോടെ തൗറാത്തിനും ഇഞ്ചീലിനും സ്ഥാനം നഷ്ടപ്പെട്ടിരിക്കുന്നു എന്ന വാദത്തിനാണ് സ്ഥാനമില്ലാത്തത്. ഖുർ-ആനിലൊരിടത്തും ഈ വാദത്തെ പിന്തുണക്കുന്ന ഒരു തെളിവും ആർക്കും കിട്ടുകയില്ല. മാത്രമല്ല, ഖുർ-ആൻ അവതരിപ്പിക്കപ്പെട്ടത് മുൻ വെളിപാടുകളുടെ സ്ഥാനം പിടിച്ചെടുക്കാൻ വേണ്ടിയായിരുന്നുവെങ്കിൽ മുൻപ് കഴിഞ്ഞുപോയ വേദങ്ങളിലെ നേർക്കുനേരെയുള്ള ദിവ്യ വചനങ്ങൾ അതിൽ ഉണ്ടാകുമായിരുന്നു. എന്നാൽ, തൗറാത്തിനെ പൂർണ്ണമായും പിന്തുണക്കുകയും തൗറാത്തിലെ ധാരാളം ഉദ്ധരിണികൾ അടങ്ങുകയും ചെയ്തിട്ടുള്ള ഇഞ്ചീലിന്റെ സ്ഥിതി നേരെ മറിച്ചാണല്ലോ.

മേൽപറഞ്ഞ അവകാശവാദം ഉന്നയിക്കുന്നവരുടെ ഒരു ന്യായം ഇതാണ്: 'ദൈവം തൗറാത്തിനെ മൂസക്കും പിന്നീട് ഇഞ്ചീലിനെ ഈസക്കും ഇറക്കിക്കൊടുത്തു. ഇഞ്ചീൽ വന്നതോടെ തൗറാത്തിന്റെ പ്രസക്തി നഷ്ടപ്പെടുകയും ചെയ്തു. പിന്നീട് മുഹമ്മദിന് ഖുർ-ആനിനെ ഇറക്കിക്കൊടുത്തതോടെ മുൻപിറങ്ങിയ രണ്ട് വേദങ്ങളുടെയും പ്രാമാണികത നഷ്ട

പ്പെട്ടു. എന്നാൽ, ഇഞ്ചീൽ തൗറാത്തിന്റെ സ്ഥാനം നഷ്ടപ്പെടുത്തിയെന്ന വാദം സത്യത്തിൽ നിന്ന് അകലെയും ഖുർ-ആനിന് വിരുദ്ധവുമാണ്. ഖുർ-ആൻ ഈ വേദങ്ങളെ ദുർബലപ്പെടുത്തുകയല്ല അവയെ ആദരിക്കുകയും അവയെ ഒരുമിച്ച് പരാമർശിക്കുകയുമാണ് ചെയ്യുന്നത്.'

ഇഞ്ചീൽ തൗറാത്തിന്റെ അനിവാര്യ ഫലവും പൂർത്തീകരണവും തന്നെയാണ്. മൂലഗ്രന്ഥം തെളിയിക്കപ്പെടുകയും സംരക്ഷിക്കപ്പെടുകയും ചെയ്തിട്ടില്ലെങ്കിൽ തുടർച്ചയ്ക്കോ പൂർത്തീകരണത്തിനോ യാതൊരു വിലയുമില്ല. യേശു ക്രിസ്തു തന്റെ പ്രബോധനത്തിന്റെ തുടക്കത്തിൽ തന്നെ ഉന്നയിച്ച ഒരു സത്യമുണ്ട്: "ഞാൻ ന്യായപ്രമാണത്തെയോ പ്രവാചകന്മാരേയോ നീക്കേണ്ടതിനു വന്നു എന്നു നിരൂപിക്കരുത് ; നീക്കുവാനല്ല നിവർത്തിപ്പാനത്രേ ഞാൻ വന്നത്" (മത്തായി 5 : 17).

ഇതിനും പുറമെ, ഖുർ-ആൻ വന്നത് തൗറാത്തിനയും ഇഞ്ചീലിനെയും ദുർബലപ്പെടുത്താൻ വേണ്ടിയായിരുന്നുവെങ്കിൽ അക്കാര്യം ഖുർ-ആൻ തുറന്ന് പ്രഖ്യാപിക്കുകയും അതിന്റെ അനുയായികൾ ഇക്കാര്യം അറിഞ്ഞിരിക്കുകയും ചെയ്യുമായിരുന്നു. എന്നാൽ, നേരത്തെ സൂചിപ്പിച്ചതുപോലുള്ള നേർക്കുനേരെയുള്ള ഉദ്ധരണിയോ മുൻവേദങ്ങളുടെ സ്ഥാനം നഷ്ടപ്പെട്ടതായി കാണിക്കുന്ന പ്രസ്താവനയോ ഖുർ-ആനിലൊരിടത്തും കാണുന്നില്ല. വാസ്തവത്തിൽ ഖുർ-ആൻ ഇത് നിഷേധിക്കുകയാണ് ചെയ്യുന്നത്. "....അല്ലാഹുവിന്റെ വചനങ്ങൾ മാറ്റാനാണ് അവർ ഉദ്ദേശിക്കുന്നത്....." (48: 15) തുടങ്ങി അനേകം സൂക്തങ്ങൾ ഈ വാദത്തെ അധിക്ഷേപിക്കുന്നു. മറ്റൊരു സൂക്തം കാണുക: "പൂർവ്വികന്മാരുടെ കാര്യത്തിൽ കൈകൊണ്ട നടപടിയല്ലാതെ ഇനി അവർക്ക് എന്താണ് പ്രതീക്ഷിക്കാനുള്ളത്? അല്ലാഹുവിന്റെ നടപടി സമ്പ്രദായത്തിന് ഒരു മാറ്റവും നീ കാണുകയില്ല....." (35:43).

മനുഷ്യർ പിഴക്കുന്നവരായതിനാൽ അവർ നിയമങ്ങളും ചട്ടങ്ങളും ഉണ്ടാക്കുന്നതായി നമുക്കറിയാം. ആ നിയമങ്ങളിൽ തെറ്റുകൾ കാണുമ്പോൾ അവ തിരുത്തപ്പെടുകയും

പുതിയ നിയമങ്ങൾ നിർമ്മിക്കപ്പെടുകയും ചെയ്യുന്നു. എന്നാൽ ദൈവത്തിന്റെ സ്ഥിതി ഇതല്ല- അവന് സ്തോത്രം! ദൈവം വിവിധ കാലങ്ങളിൽ വിവിധ ജനവിഭാഗങ്ങൾക്ക് നല്കുകയും കാത്തുസൂക്ഷിക്കാൻ കല്പിക്കുകയും ചെയ്യുന്ന നിയമങ്ങൾ, രൂപത്തിൽ എന്ത് വ്യത്യാസങ്ങളുണ്ടെങ്കിലും തത്വത്തിൽ പരസ്പരം യോജിക്കുന്നവയായിരിക്കണം. അവയെ ഐക്യപ്പെടുത്തുന്ന ബന്ധം അനിവാര്യവും വ്യക്തവും ഭദ്രവുമായിരിക്കും. ഒരു യഹൂദനുള്ള വെളിപ്പാട് ഒരു ക്രിസ്ത്യാനിക്കുള്ള വെളിപ്പാടിൽ നിന്നും ഭിന്നമാവുകയോ, ഒരു ക്രിസ്ത്യാനിക്കു കിട്ടിയ വെളിപ്പാട് ഒരു മുസ്ലിമിന് കിട്ടിയതിന് വിരുദ്ധമാവുകയോ ചെയ്യുക സാധ്യമല്ല. വ്യത്യാസങ്ങളുണ്ടെങ്കിൽ, അവ നിസ്സാരവും കാലാനുസൃതവും യാദൃശ്ചികവുമായ കാര്യങ്ങളിൽ മാത്രമാണ്. ദിവ്യ വെളിപാടുകളിൽ വൈരുദ്ധ്യങ്ങളുണ്ടാവുമെന്ന് വിവേകികളാരും സമ്മതിക്കുകയില്ല.

അതിനാൽ ദൈവം വെളിപ്പെടുത്തിയിട്ടുള്ള ക്രിസ്ത്യൻ നിയമം മുമ്പ് വെളിപ്പെടുത്തപ്പെട്ട യഹൂദ നിയമത്തെ പ്രാമാണികമാക്കുകയും സ്ഥിരീകരിക്കുകയും പുകഴ്ത്തുകയും അടിത്തറയായി സ്വീകരിക്കുകയും ചെയ്തതായി നാം കാണുന്നു. ക്രിസ്ത്യാനികൾ ഇഞ്ചീലിന്റെ മാത്രമല്ല തൗറാത്തിന്റെയും മഹത്തായ മൂല്യം അംഗീകരിക്കുന്നു. അവർ തൗറാത്തിനെ അക്ഷരംപ്രതി സ്ഥിരീകരിക്കുകയും തങ്ങളുടെ ബൈബിളിന്റെ ആദ്യ ഭാഗമാക്കിവെക്കുകയും ഇഞ്ചീലിനെപ്പോലെ അതിനെയും ആദരിക്കുകയും ചെയ്യുന്നു. കാരണം, ഇഞ്ചീൽ പണിതുയർത്തപ്പെട്ടിട്ടുള്ള അടിത്തറയാണ് തൗറാത്ത്, തൗറാത്തും ഇഞ്ചീലും ചേർന്ന് ഒരു ഗ്രന്ഥമാണുണ്ടാകുന്നത് രണ്ട് ഗ്രന്ഥങ്ങളല്ല. രണ്ടാമത്തേത് കൂടാതെ ഒന്നാമത്തേത് അപൂർണ്ണമായിത്തീരുമ്പോൾ ഒന്നാമത്തേതിനെ കൂടാതെ രണ്ടാമത്തേത് അടിത്തറയില്ലാത്തതായിത്തീരുന്നു. ഇഞ്ചീലിൽ പ്രകടമായ പൂർത്തീകരണവും സാക്ഷാത്കാരവും തേടുന്ന വാഗ്ദാനങ്ങളിലും സൂചനകളിലും പ്രതീകങ്ങളിലും പ്രവചനങ്ങളിലും കാണാവുന്ന ഒരു വസ്തുതയാണ് തൗറാത്തും ഇഞ്ചീലും തമ്മിലുള്ള അനശ്വരവും അനിവാര്യ

വുമായ ബന്ധം. ചുരുക്കത്തിൽ അവ രണ്ടും പരസ്പര പൂര കങ്ങളാണ്.

തൗറാത്ത് യഹൂദർക്ക് മാത്രമുള്ളതോ ഇഞ്ചീൽ ക്രിസ്ത്യാനികൾക്കു മാത്രമുള്ളതോ അല്ല. ഈ രണ്ട് വേദ ങ്ങളും മുഴുവൻ ലോകത്തുമുള്ള മുഴുവൻ മനു ഷ്യർക്കുംവേണ്ടി ഏകനായ ദൈവം അവതരിപ്പിച്ചതാണ്. ദൈവം എല്ലാ മനുഷ്യരെയും സ്നേഹിക്കുകയും എല്ലാ വർക്കും നന്മയുണ്ടാവണമെന്ന് ആഗ്രഹിക്കുകയും ചെയ്യുന്നു വെന്നതാണ് ഇതിന് കാരണം. തൗറാത്തിന്റെയും ഇഞ്ചീലി ന്റെയും സ്ഥാനം ഖുർ-ആൻ ഏറ്റെടുത്തിരിക്കുന്നു എന്ന വാദം അടിസ്ഥാനരഹിതവും തെളിവുകളുടെ പിന്തുണയില്ലാ ത്തതുമാണോ എന്ന് തീർപ്പ് കല്പിക്കാൻ സത്യാന്വേഷക നായ ഒരു മുസ്ലിമിന് വിട്ടുകൊടുക്കുന്നു. യഹൂദരുടെയും ക്രിസ്ത്യാനികളുടെയും വാദങ്ങളെ നേരിടാൻവേണ്ടി ആവി ഷ്ക്കരിക്കപ്പെട്ട ഒരു സങ്കല്പം മാത്രമാണിത്. അതൊരിക്ക ലും ഒരു യഥാർത്ഥ്യമല്ല. ഈ അഭിപ്രായം മറ്റുള്ളവരെ ബോ ധ്യപ്പെടുത്താൻ പ്രയാസമാണെന്ന് കാണുമ്പോൾ സ്വഭാവിക മായും ഒരു മുസ്ലീമിന് യാതൊരു അത്ഭുതവും ഉണ്ടാവില്ല.

അനേകം മുസ്ലീംകൾ വെച്ചുപുലർത്തുന്ന മറ്റൊരഭിപ്രാ യമുണ്ട്. നിലവിലുള്ള തൗറാത്തിനെയും ഇഞ്ചീലിനെയും അവർ അംഗീകരിക്കുകയില്ല. ഖുർ-ആൻ സാക്ഷ്യപ്പെടുത്തിയ മൂല ഗ്രന്ഥങ്ങളുടെ ഉള്ളടക്കമല്ല ഇന്നുള്ളതെന്ന വീക്ഷണ ത്തിന്റെ അടിസ്ഥാനത്തിലാണിത്. മൂലഗ്രന്ഥങ്ങൾ നഷ്ടപ്പെ ട്ടിരിക്കുന്നു എന്നാണവർ വാദിക്കുന്നത്. ഈ വീക്ഷണ ത്തിന്റെ സത്യാസത്യങ്ങൾ മുസ്ലീംകളെയും ക്രിസ്ത്യാനിക ളെയും ഒരുപോലെ ബാധിക്കുന്നതാണ്. ഈ വിഷയത്താ ലുള്ള അന്വേഷണത്തിന് ഇരുവിഭാഗങ്ങളും ബാധ്യസ്ഥരാണ്. സത്യസന്ധമായി ഗവേഷണം നടത്തി സത്യം കണ്ടെത്തേ ണ്ടത് ഇരുകൂട്ടർക്കും ആവശ്യമാണല്ലോ.

ഈ വിഷയത്തിൽ ആദ്യമായി പറയാനുള്ളത് ഇന്ന് നിലവിലുള്ള രണ്ട് പ്രധാന ഗ്രന്ഥങ്ങളുടെ മൂലങ്ങൾ നഷ്ട പ്പെട്ടതായി ആരോപിക്കുന്ന വ്യക്തി തന്റെ വാദത്തെ പിന്തു

ണക്കുന്ന വ്യക്തമായ തെളിവുകൾ ഹാജരാക്കണമെന്നാണ്. ഇവിടെ ബന്ധപ്പെട്ട പുസ്തകങ്ങൾ വേദങ്ങളായിരിക്കെ പ്രത്യേകിച്ചും താൻ തിരസ്കരിക്കുന്ന പ്രതികളിൽ എവിടെയാണ് തെറ്റുള്ളതെന്ന് കാണിക്കാൻ അവൻ മൂലഗ്രന്ഥത്തിന്റെ ഒരു പ്രതി കാണിക്കുക തന്നെ വേണം. അവയുടെ ഉള്ളടക്കത്തിൽ മാറ്റത്തിരുത്തലും കള്ള പ്രമാണവും ഉണ്ടെന്നാണ് അവൻ വാദിക്കുന്നതെങ്കിൽ ആ വാദത്തെ പിന്തുണക്കുന്ന അനിഷേധ്യമായ തെളിവുകൾ അവൻ നിരത്തിവെക്കണം. അല്ലാത്ത പക്ഷം അവന്റെ വാദം അവിശ്വസനീയവും അസാധ്യവും ആയിരിക്കും. ഇതൊരു സാമാന്യ തത്വം മാത്രമാണ്.

തങ്ങളുടെ വേദം എഴുതപ്പെട്ട ദിവസംമുതൽ അതിലെ ഓരോ വള്ളിയും പുള്ളിയും തങ്ങൾ കണിശമായി കാത്തുസൂക്ഷിച്ച് പോന്നിട്ടുണ്ടെന്നും, ഖുർ-ആനിന്റെ സംരക്ഷണം പോലും ഇത്രമാത്രം കണിശമായിരുന്നില്ലെന്നും തെളിവുകൾ സഹിതം യഹൂദന്മാർ സമർത്ഥിക്കുന്നു. യഹൂദരുടെ വിശുദ്ധ നഗരവും രമ്യ ദേവാലയവും നശിപ്പിക്കപ്പെടുകയും സ്വന്തം ജനത രണ്ടായിരത്തോളം കൊല്ലം ലോകത്തിലുടനീളം ചിന്നിച്ചിതറിക്കിടക്കുകയും ചെയ്തിട്ടുപോലും യഹൂദന്മാരുടെ വേദഗ്രന്ഥം യാതൊരു കോട്ടവും പറ്റാതെ നിലനിന്നുപോന്നത് ചരിത്രത്തിലെ ഒരു അത്ഭുതമാണ്.

ശ്രദ്ധേയമായൊരു വസ്തുതയാണ് ക്രിസ്ത്യാനികൾ യഹൂദരന്മാരുടെ തൗറാത്തിനെ അക്ഷരംപ്രതി അംഗീകരിക്കുകയും സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്നു എന്നുള്ളത്. ഇരു വിഭാഗങ്ങളും തമ്മിൽ നിരന്തരമായ വിവാദങ്ങൾ നടന്നിട്ടുണ്ടെന്ന് എല്ലാവർക്കുമറിയാം. യഹൂദ വേദഗ്രന്ഥത്തെ തിരസ്കരിക്കുന്നത് സ്വീകാര്യമായിരുന്നുവെങ്കിൽ തീർച്ചയായും ക്രിസ്ത്യാനികൾ അപ്രകാരം ചെയ്യുമായിരുന്നു.

യഹൂദന്മാർ അധികാരത്തിന്റെയും മഹത്വത്തിന്റെയും ഉച്ചിയിലിരുന്നപ്പോൾ ക്രിസ്ത്യാനികൾക്കനുഭവിക്കേണ്ടിവന്ന പീഡനങ്ങളും പ്രയാസങ്ങളും പൊതുവായി അറിയപ്പെടുന്ന ഒരു ചരിത്ര സത്യമാണ്. യഹൂദന്മാർ ക്രിസ്തുവിനെ ക്രൂശി

ക്കുകയും അദ്ദേഹത്തിന്റെ നിരവധി അനുയായികളെയും അപ്പൊസ്തലന്മാരെയും മർദ്ദിക്കുകയും വധിക്കുകയും ചെയ്തതോടെയാണ് ഈ പ്രവണത അതിന്റെ പാരമ്യത്തിലെത്തിയത്.

യഹൂദർ തന്നെ ഇതംഗീകരിക്കുകയും ഇതിലഭിമാനം കൊള്ളുകയും ചെയ്യുന്നു. കാലചക്രം കറങ്ങുകയും അധികാരം ക്രിസ്ത്യാനികളുടെ കയ്യിൽ വരികയും ചെയ്തപ്പോൾ അവർ പ്രതികാരം ചെയ്യുകയും യഹൂദരെ നിരന്തരമായി പീഡിപ്പിക്കുയും ചെയ്തു. മധ്യയൂറോപ്പിലും കിഴക്കൻ യൂറോപ്പിലും അനേകായിരം യഹൂദന്മാർ നിഷ്കരുണം കൊന്നുടുക്കപ്പെട്ടത് ഒരു ഉദാഹരണം മാത്രമാണ്. തൽഫലമായി ഇരു വിഭാഗങ്ങൾക്കിടയിലും കടുത്ത വിദ്വേഷം വളർന്ന് വരികയും രണ്ടായിരം കൊല്ലത്തോളം ഈ അവസ്ഥ തുടരുകയും ചെയ്തു.

യഹൂദരുടെ ഗ്രന്ഥം തിരുത്തലിന്റെയും കള്ളകൃതിയുടെയും ആരോപണത്തിന് വിധേയമായിരുന്നുവെങ്കിൽ അതിനെ അംഗീകരിക്കുകയും സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്നത് ക്രിസ്ത്യാനികൾക്ക് ചേർന്നതാകുമായിരുന്നില്ല. സ്വന്തം ഇഞ്ചീലിനെപ്പോലെത്തന്നെ അതിനെ അക്ഷരാർത്ഥത്തിൽ വിശുദ്ധമായി ഗണിക്കുകയും സ്വന്തം പ്രസിദ്ധീകരണങ്ങളുടെ അടിസ്ഥാനമാക്കി സ്വീകരിക്കുകയും ആദരിക്കുകയും പതിവായി വായിക്കുകയും പഠിക്കുകയും വ്യാഖ്യാനിക്കുകയും അതിൽ പറഞ്ഞതുപ്രകാരം അനുസരിക്കുകയും ചെയ്യാൻ ക്രിസ്ത്യാനികളെന്തുകൊണ്ട് ഉത്സാഹിക്കുന്നു? ക്രിസ്ത്യാനികൾ തൗറാത്തിനെ വിശുദ്ധ സ്ഥലങ്ങളിലും വിദ്യാലയങ്ങളിലും വീടുകളിലും ഉപയോഗിക്കുകയും വർഷം തോറും അതച്ചടിച്ച് പ്രചരിപ്പിക്കാൻ ഭീമമായ തുക ചെലവാക്കുകയും ചെയ്യുന്നുണ്ടല്ലോ. എതിരാളികളുടെ ഗ്രന്ഥത്തോട് ഇത്രമാത്രം ആദരവോ? തൗറാത്ത് തിരുത്തലുകളിൽനിന്നും തികച്ചും മുക്തമാണെന്ന് മനസ്സിലാക്കാൻ ഇതിൽ കൂടുതൽ എന്ത് തെളിവാണ് വേണ്ടത്?

ഇസ്ലാം വരുന്നതിന് എത്രയോ നൂറ്റാണ്ടുകൾ മുമ്പെഴു

തപ്പെട്ട തൗറാത്തിന്റെയും ഇഞ്ചീലിന്റെയും അനേകം പ്രതികളുണ്ടെന്നും ഈ പ്രതികളും ഇന്ന് പ്രചാരത്തിലുള്ള പ്രതികളും തമ്മിൽ യാതൊരു വൈരുദ്ധ്യവുമില്ലെന്നും ആധുനിക പണ്ഡിതന്മാർ സാക്ഷ്യപ്പെടുത്തുന്നു. ഇസ്ലാമിന്റെ ആഗമനത്തിനും സാക്ഷ്യപ്പെടുത്തലിനും ശേഷം തൗറാത്തിലും ഇഞ്ചീലിലും എന്തെങ്കിലും തിരുത്തലുകൾ കടന്ന് കൂടിയിട്ടുണ്ടാവാൻ ഒരു സാധ്യതയും ഇല്ല.

ക്രിസ്തു പ്രത്യക്ഷപ്പെട്ടതിനുശേഷവും ഇസ്ലാമിന്റെ ആക്രമണത്തിനുമുമ്പുമാണ് ഇഞ്ചീലിൽ മാറ്റത്തിരുത്തലുകൾ കടന്ന്കൂടിയതെങ്കിൽ ഖുർ-ആൻ അതിനെ സ്ഥിരപ്പെടുത്തുന്നതിന് പകരം ആക്ഷേപിക്കുമായിരുന്നു. ഇസ്ലാമിന്റെ ആക്രമണത്തിനുശേഷമാണത് സംഭവിച്ചതെന്നാണെങ്കിൽ നേരത്തെ സൂചിപ്പിച്ച പുരാതന പ്രതികളുമായി തുലനം ചെയ്യുമ്പോൾ അത് വെളിച്ചത്ത് വരുമായിരുന്നു.

ഇന്നത്തെ ഖുർ-ആൻ മൂലമല്ല എന്നാരെങ്കിലും വാദിച്ചുവെന്നിരിക്കട്ടെ, സുന്നികളും ഷിയാക്കളും മറ്റുള്ളവരുമടങ്ങുന്ന വിവിധ വിഭാഗങ്ങൾ ഇന്നത്തെ ഖുർ-ആനിനെ അംഗീകരിക്കുന്നത് തന്നെ അത് മൂലമാണെന്നതിന് തെളിവാണെന്നായിരിക്കില്ലേ ഏതൊരുവന്റെയും യുക്തിപരമായ മറുപടി? ഇനി, ഈ വിഭാഗങ്ങളിലേതെങ്കിലുമൊന്ന് മറ്റൊരു ഖുർ-ആൻ പാഠം കൊണ്ടുവരികയും എന്നിട്ട് ഇതാണ് മൂലപാഠമെന്നും മറ്റുള്ളവർ അംഗീകരിക്കുന്നത് മാറ്റത്തിരുത്തലിന് വിധേയമായതാണെന്നും വാദിക്കുമോ?

ദൈവാനുഗ്രഹത്താൽ പണ്ഡിതന്മാർക്ക് ഹീബ്രുവിലും ഗ്രീക്കിലുമുള്ള കയ്യെഴുത്ത് പ്രതികൾ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. അവയിലെ ലിപി രൂപത്തിൽ നിന്നും മനസ്സിലായത് അവ ഇസ്ലാമിനു എത്രയോമുമ്പ് എഴുതപ്പെട്ടവയാണെന്നാണ്. ഒടുവിലായി എഴുതപ്പെട്ടതുപോലും മുഹമ്മദിന് 250 കൊല്ലം മുമ്പാണെഴുതപ്പെട്ടത്. കയ്യെഴുത്ത് പ്രതികൾ അവയുടെ അടിസ്ഥാന ഉള്ളടക്കങ്ങളിൽ ഇന്നത്തെ തൗറാത്തിനോടും ഇഞ്ചീലിനോടും ഒത്തു പോകുന്നവയാണെന്ന് താരതമ്യപഠനം വ്യക്തമാക്കുകയും ചെയ്തിരിക്കുന്നു. തൗറാ

ത്തിന്റെയും ഇഞ്ചീലിന്റെയും പാഠങ്ങളുൾക്കൊള്ളുന്ന ഇതര കയ്യെഴുത്ത് പ്രതികളും വ്യാഖ്യാനങ്ങളും കണ്ടെത്തപ്പെട്ടിട്ടുണ്ട്. ഈ രണ്ട് വേദങ്ങളും നഷ്ടപ്പെട്ടിരുന്നുവെങ്കിൽ, ഈ നിരവധി ഉദ്ധരണികളിൽ നിന്നും മൂല തൗറാത്തിനെയും ഇഞ്ചീലിനെയും പുനഃസൃഷ്ടിക്കുക സാധ്യമാണെന്നും ബന്ധപ്പെട്ട പണ്ഡിതന്മാർ പ്രസ്താവിക്കുന്നു.

ഇന്ന് ക്രസ്ത്യാനികളുടെ പക്കലുള്ള ഇഞ്ചീൽ സത്യവും യഥാർത്ഥവുമാണെന്നതിന് ഇത്തരം തെളിവുകൾ തന്നെ മതി. വിവിധ സഭാ വിഭാഗങ്ങൾ തമ്മിൽ കടുത്ത ശത്രുതയും സംഘട്ടനവുമുണ്ടെങ്കിലും എല്ലാവരും ഇഞ്ചീലിന്റെ സത്യാവസ്ഥയിൽ യോജിക്കുന്നു. അവർ തമ്മിലുള്ള മുഖ്യ അഭിപ്രായ വ്യത്യാസങ്ങൾ ഇഞ്ചീലിന്റെ ഭാഷാന്തരത്തെയും വ്യാഖ്യാനത്തെയും സംബന്ധിച്ചാണെന്ന് അറിയിക്കട്ടെ. ഇത് തന്നെ ഏതാനും വാക്കുകളിലും അതിലും കുറച്ച് വാക്യങ്ങളിലും ഒതുങ്ങി നില്ക്കുന്നവയും അപ്രധാനവുമാണ്. തങ്ങളുടെ ചരിത്രത്തിന്റെ എല്ലാ ഘട്ടങ്ങളിലും മുഴുവൻ ക്രിസ്ത്യാനികളും മുറുകെപിടിച്ച് വന്ന ഇഞ്ചീലിന്റെ ഐക്യത്തെ ഇതൊരിക്കലും ബാധിക്കുന്നില്ല.

തൗറാത്തിന്റെയും ഇഞ്ചീലിന്റെയും പ്രാമാണികതയെ സാക്ഷ്യപ്പെടുത്തിക്കൊണ്ട്, അവയ്ക്കിടയിലുള്ള മൗലികമായ ഐക്യത്തെ സംബന്ധിച്ച് നാം നേരത്തെ സൂചിപ്പിച്ച കാര്യത്തിലേക്ക് തിരിച്ചുപോകാം. തൗറാത്ത് വായിക്കുന്ന ഒരു മുസ്ലീം, പ്രതീക്ഷിക്കപ്പെട്ട ഒരു പുതുയുഗത്തിലേക്കുള്ള ധാരാളം സൂചനകൾ അതിൽ കണ്ടെത്തുമെന്നതിൽ സംശയമില്ല. ഒരു പുതുയുഗത്തെ സംബന്ധിച്ച ഈ പ്രതീക്ഷ യഹൂദരും ക്രിസ്ത്യാനികളും സമ്മതിക്കുന്നു. നേരത്തെ അവതരിക്കപ്പെട്ട വേദത്തിന്റെ ആവശ്യങ്ങളെ പൂർത്തീകരിക്കുകയും ആ വേദത്തെ സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്ന സുവിശേഷം കെട്ടിച്ചമക്കപ്പെട്ടതോ തിരുത്തപ്പെട്ടതോ ആയിരിക്കുക ഒരിക്കലും സാധ്യമല്ല. “പുതിയനിയമ” (ഇഞ്ചീൽ) എന്ന പേര് തന്നെ അതിന് “പഴയനിയമ” (തൗറാത്ത്) ത്തോടുള്ള ബന്ധത്തെയാണ് സൂചിപ്പിക്കുന്നത്. ഇഞ്ചീൽ

യഥാർത്ഥമല്ലെങ്കിൽ വിജ്ഞരായ ക്രിസ്ത്യാനികൾ അതിനെ ന്യായീകരിക്കുകയും സംരക്ഷിക്കുകയും ചെയ്യുകയില്ല. മുഖ്യ മായും അതിന്റെ സ്രോതസ്സും പ്രാമാണികതയുമാണ് അവ രുടെ താല്പര്യങ്ങൾ. കള്ളവും കള്ളം പറയുന്നവനെയും കാലം പുറത്തുകൊണ്ടുവരുമെന്ന് അറിയുന്ന ബുദ്ധിയുള്ള ഒരു മനുഷ്യനും തെറ്റായ ഒന്നിനെ മുറുകെപിടിക്കുകയില്ല. അസത്യത്തെ മുറുകെ പിടിക്കുന്നവരെ മുഴുവനും അധിക്ഷേ പിക്കുകയാണവർ ചെയ്യുക.

ഇഞ്ചീലിനെയും ബന്ധപ്പെട്ട വിഷയങ്ങളെയും ശാസ്ത്രീയമായി ഗവേഷണം നടത്താൻ എത്രമാത്രം അദ്ധ്വാ നമാണ് പണ്ഡിതന്മാർ ചെലവാക്കിയതെന്ന് വിജ്ഞർക്ക് മാത്രമേ അറിയൂ. ഗവേഷകരിൽ ഇഞ്ചീലിന്റെ അദ്ധ്യാപന ങ്ങളെ തിരസ്കരിക്കുന്നവരും കഴിയുമെങ്കിൽ അതിനെ ശാസ്ത്രീയമായി, അസത്യമായി തെളിയിക്കാനാഗ്രഹിക്കുന്ന വർപോലും ധാരാളമുണ്ട്. ഇഞ്ചീലിൽ വിശ്വസിക്കുന്നവരാ കട്ടെ സ്വന്തം തീർപ്പിനെ ബാധിക്കുന്ന മുൻധാരണകളെ അകറ്റിനിർത്താൻ അത്യുത്സാഹിക്കുന്നവരാണ്. രണ്ട് വിഭാഗ ങ്ങളുടെയും മുമ്പിലുള്ള ഒരേ ഒരു ലക്ഷ്യം, വ്യക്തിപരമായ എന്ത് തന്നെ വീക്ഷണ വ്യത്യാസങ്ങളുണ്ടെങ്കിലും സത്യം കണ്ടെത്തുകയെന്നതാണ്. ഇന്നത്തെ ഇഞ്ചീൽ എഴുതിയത് യേശുക്രിസ്തുവിന്റെ ശിഷ്യന്മാരും സമകാലികരുമാണെന്ന് ഈ ഗവേഷണങ്ങൾ സംശയരഹിതമായി തെളിയിക്കുന്നു. ഇന്ന് നിലവിലുള്ള തൗറാത്തും ഇഞ്ചീലും ഖുർ-ആൻ സാക്ഷ്യപ്പെടുത്തിയ മൂല്യങ്ങളും തിരുത്തലുകളിൽ നിന്നും കെട്ടിച്ചമക്കലിൽ നിന്നും മുക്തമാണെന്നും തെളിവുകൾ സഹിതം സമർത്ഥിച്ചു കഴിഞ്ഞു.

സത്യാന്വേഷണ പ്രേരിതവും ആത്മാർത്ഥവുമായ ഏത് സംവാദത്തിലും ഇരുകക്ഷികളും തങ്ങളുടെ പ്രതിയോ ഗികളുടെ വാദം മറിച്ച് സ്ഥാപിക്കപ്പെടുന്നതുവരെ സത്യമാ ണെന്ന് അംഗീകരിക്കുമ്പോഴാണ് സംവാദം മുന്നോട്ട് പോകു ന്നത്. ഈ പഠനത്തിന്റെ ആരംഭത്തിൽ ഖുർ-ആൻ ദിവ്യപ്ര ചോദിതമാണെന്ന, മുസ്ലിമിന്റെ അവകാശവാദത്തെ നാം മുഖ

വിലക്കെടുത്തത് ഈ അടിസ്ഥാനത്തിലാണ്. ദൈവനിശ്വസ്ത മെന്ന് തങ്ങൾ വിശ്വസിക്കുന്ന സ്വന്തം വേദങ്ങളിലെ മതകാര്യങ്ങളിൽ മാത്രം ഒതുങ്ങിനില്ക്കാൻ മുസ്ലീംകളോടും ക്രിസ്ത്യാനികളോടും അഭ്യർത്ഥിക്കാൻ നമുക്കവകാശമുണ്ടെന്ന് വരുന്നു. മതകാര്യങ്ങളിൽ ഇവരെ പരസ്പരം അകറ്റുന്ന ഏറ്റവും പ്രയാസമേറിയ തടസ്സങ്ങളെ നീക്കാൻ ആ ഒതുങ്ങിനില്ക്കലിന് കഴിയും. കാരണം, ദൈവപ്രചോദിത മായി എഴുതപ്പെട്ടതിനോട് കൂടുതലായി കൂട്ടിചേർക്കുന്നതിന്റെ ഫലമാണ് ഈ തടസ്സങ്ങൾ.

ക്രിസ്ത്യാനികളും മുസ്ലീംകളും നടത്തിയ ഓരോ കൂട്ടിച്ചേർക്കലിനെ മാത്രം ഇവിടെ പരാമർശിക്കാം. ക്രിസ്ത്യൻ പുസ്തകങ്ങൾ വായിക്കുമ്പോഴും മറ്റും ഒരു മുസ്ലീം കാണുന്ന ഏറ്റവും പ്രയാസകരമായ സംഗതി ക്രിസ്തുവിന്റെ മാതാവായ മറിയത്തെ “ദേവന്റെ മാതാവ്” എന്നോ “ദൈവത്തിന്റെ മാതാവ്” എന്നോ വിളിക്കുന്നതാണ്. ഇത്തരമൊരു സ്ഥാനപ്പേര് വേദങ്ങളിലുണ്ടെങ്കിൽ അപ്രകാരം തന്നെ ഉപയോഗിക്കുകയല്ലാതെ ക്രിസ്ത്യാനികൾക്കു ഗത്യന്തരമില്ല.

എന്നാൽ, അതിനൊരു നിലക്കും സാധുതയില്ലാത്തതിനാൽ ആ പ്രയോഗം അനുവദനീയമല്ല. കാരണം, മനുഷ്യപുത്രനും ദൈവപുത്രനുമായ ക്രിസ്തു മനുഷ്യപ്രകൃതിയിൽ മാത്രമാണ് മറിയത്തിന്റെ പുത്രനാകുന്നത്. ക്രിസ്തുവിന്റെ ദിവ്യ പ്രകൃതിയിലെന്തെങ്കിലും സ്ഥാനം മറിയത്തിനുണ്ടാവുക സാധ്യമല്ല. മറുവശത്ത് ഒരു മുസ്ലിമിൽനിന്നും ഒരു ക്രിസ്ത്യാനി കേൾക്കുകയോ വായിക്കുകയോ ചെയ്യുന്ന ഏറ്റവും പ്രയാസകരമായ സംഗതി പ്രവാചകന്മാരുടെ അപ്രമാദിത്വത്തെ സംബന്ധിച്ച പ്രസ്താവനയാണ്. ഈ പ്രസ്താവന ശരിയാണെങ്കിൽ അത് തൗറാത്തിനോടും ഇഞ്ചീലിനോടും ഏറ്റുമുട്ടുകയും അവയെ ദുർബ്ബലപ്പെടുത്തുകയും ചെയ്യും. അതിനാൽ പരസ്പര ധാരണയും, യോജിപ്പും കൈവരിക്കാനുള്ള ഏറ്റവും നല്ല മാർഗ്ഗം മനുഷ്യൻ കൂട്ടിച്ചേർത്തത് ഒഴിവാക്കി ദൈവിക മൂല്യംകൊണ്ട് തൃപ്തിയടയുകയാണ്.

ആത്മാർത്ഥമായൊരു മുസ്ലീം തന്റെ ഖുർ-ആൻ അനുസരിച്ച് എന്ത് പറയുമെന്ന് പരിശോധിച്ച സ്ഥിതിക്ക്, മറ്റൊരു ചോദ്യം: "ഖുർ-ആനിൽ സ്ഥിരീകരിക്കപ്പെട്ട തന്റെ ഇഞ്ചീലിന്റെ അടിസ്ഥാനത്തിൽ സത്യസന്ധനായൊരു ക്രിസ്ത്യാനി എന്ത് പറയുന്നു?" യഥാർത്ഥ മുസ്ലീം തന്റെ ഖുർ-ആനിക നോട്ടത്തിൽ നിന്ന് ക്രിസ്തുവിന്റെ ഉന്നതമായ സ്ഥാനത്തെപ്പറ്റി വിളിച്ചു പറയും - ക്രിസ്തുവിന്റെ ജീവിതത്തെയും പ്രബോധനത്തെയും രേഖപ്പെടുത്തുന്ന ഇഞ്ചീലുപയോഗിച്ചും അവൻ വിളിക്കും. ഇനി ഒരു ക്രിസ്ത്യാനി ചെയ്യേണ്ടത്, തന്റെ സുവിശേഷ നോട്ടത്തിലുള്ള ചില അമൂല്യ വസ്തുക്കളെ തന്റെ മുസ്ലീം സഹോദരന് വിശദീകരിച്ചു കൊടുക്കുകയും ക്രിസ്ത്യൻ വിഷയങ്ങളിൽ സന്തുലിതമായ വിധി കല്പിക്കാനവനെ പ്രാപ്തനാക്കുകയുമാണ്.

"ഞാൻ ലോകത്തിന്റെ വെളിച്ചമാകുന്നു" എന്ന ക്രിസ്തുവിന്റെ പ്രസ്താവനയെ പരിശോധിക്കുകയാണ് ഈ ലേഖനത്തിന്റെ മുഖ്യ ലക്ഷ്യം. മുൻ പുറങ്ങളിൽ പറഞ്ഞ കാര്യങ്ങളെല്ലാം ഈ മുഖ്യ ലക്ഷ്യത്തിന്റെ മുഖവുരയാണ്.

നമ്മുടെ കയ്യിലുള്ള ഇഞ്ചീലിനെ ഖുർ-ആൻ സ്ഥിരീകരിക്കുകയും ഇഞ്ചീൽ ഈ പ്രസ്താവനയെ ആ മഹാനായ പ്രവാചകനിലേക്ക് ചേർത്ത് പറയുകയും ചെയ്യുന്നതിനാൽ അത്തരമൊരു പ്രസ്താവന മുസ്ലീംകൾക്കും ബാധകമാണ്. സൂര്യപ്രകാശം എല്ലാ മനുഷ്യർക്കും പൊതുവായുള്ളതാണെന്നതുപോലെത്തന്നെ ദിവ്യസത്യത്തിന്റെ പ്രകാശവും എല്ലാവർക്കും പൊതുവായുള്ളതാണ്.

യരൂശലേമിലെ മഹത്തായ ദേവാലയത്തിൽവെച്ച് യഹൂദന്മാരോടും അവരുടെ നേതാക്കന്മാരോടും ക്രിസ്തു ചെയ്ത ഒരു പ്രസംഗത്തിലാണ് "ഞാൻ ലോകത്തിന്റെ വെളിച്ചമാകുന്നു" എന്ന് അദ്ദേഹം പ്രഖ്യാപിച്ചത്. ആ പ്രസ്താവനയെ അദ്ദേഹത്തിന്റെ ശ്രോതാക്കൾ പൂർണ്ണമായി തള്ളിക്കളഞ്ഞു. എന്നാൽ ഒരു പ്രസ്താവനയെ സ്വീകരിക്കുന്നതും തിരസ്കരിക്കുന്നതും അത് ചെയ്ത വ്യക്തിയെപ്പറ്റി എന്ത് വിശ്വസിക്കപ്പെടുന്നു എന്നതിനെ ആശ്രയിച്ചാണിരിക്കുന്നത്.

അപരിചിതനായ ഒരാൾവന്ന് "ഞാനാണ് ലോകത്തെ ഏറ്റവും വലിയ രാഷ്ട്രത്തിന്റെ ഭരണാധികാരി" എന്ന് പറഞ്ഞാൽ അത് കേൾക്കുന്നവരെന്താണ് തീരുമാനിക്കുക? സ്വാഭാവികമായും അവർ വിചാരിക്കും: (a) അവൻ തമാശ പറയുന്നതിനാൽ അവനെ ശ്രദ്ധിക്കുകയോ അവന്റെ പ്രസ്താവനയെ ഗൗനിക്കുകയോ ചെയ്യേണ്ടതില്ല (b) അവന് ഭ്രാന്തായതുകൊണ്ടാണ് ഇങ്ങനെയൊക്കെ സംസാരിക്കുന്നത് (c) അവൻ കള്ളം പറയുന്നതിനാൽ അവനെ പരിഹസിച്ച് തള്ളണം (d) അവൻ പറയുന്നത് സത്യമാണ്. അതിനാൽ അവനോട് ആദരവോടെ പെരുമാറേണ്ടതുണ്ട്.

മറിയമിന്റെ മകനായ ഈസ തമശയോ കള്ളമോ പറഞ്ഞ് മറ്റുള്ളവരെ വഞ്ചിക്കുകയോ വെറും ഭ്രാന്ത് സംസാരിക്കുകയോ ആയിരുന്നുവെന്ന ഒരു മുസ്ലിമും ആരോപിക്കുകയില്ല - ഇക്കാര്യത്തിൽ യാതൊരു സംശയവുമില്ല. അതിനാൽ "ഞാൻ ലോകത്തിന്റെ വെളിച്ചമാകുന്നു" എന്ന പ്രസ്താവനയുടെ ഉടമ സത്യസന്ധനും ആദരവർഹിക്കുന്നവനുമാണ്. ഈ ഒരവകാശവാദം മാത്രമാണുള്ളതെങ്കിൽ അത് ഇഞ്ചീലിൽ തെറ്റായോ അശ്രദ്ധമൂലമോ കടന്നുകൂടിയതാണെന്ന് പറയാൻ സാധ്യതയുണ്ടെന്ന് സമ്മതിക്കുക. എന്നാൽ ഇത് ഈ മഹാനായ പ്രവാചകന്റെ ഇതര അവകാശവാദങ്ങളോട് പൊരുത്തപ്പെടുന്നതും അവയെല്ലാം തന്നെ ഇഞ്ചീലിൽ രേഖപ്പെട്ടതുമാണ്. അദ്ദേഹം മനുഷ്യർക്കിടയിൽ നടന്ന കാലമത്രയും അദ്ദേഹത്തിനുണ്ടായിരുന്ന സ്ഥാനത്തോടും പൊരുത്തപ്പെടുന്ന പ്രസ്താവനയാണിത്. അതിനാൽ അദ്ദേഹം മുസ്ലീംകൾക്കും "പ്രകാശ"മായിരിക്കണം. അവരുടെ നിത്യമായ രക്ഷയെ സംബന്ധിക്കുന്നതായതുകൊണ്ട്, ഈ പ്രസ്താവനയെ അങ്ങേയറ്റം പ്രധാനപ്പെട്ടതാണ്. മോക്ഷത്തിന്റെയും നിത്യനാശത്തിന്റെയും വ്യവസ്ഥകൾ വിഭാഗീയ ചിന്താഗതിയേക്കാളും മഹത്തരവും, ജനതകൾക്കും വിശ്വാസ പ്രമാണങ്ങൾക്കുമനുസരിച്ച് മാറിക്കൊണ്ടിരിക്കുന്നതല്ലെന്നും ബുദ്ധിയുള്ള ആരും സമ്മതിക്കും. ഈ വ്യവസ്ഥകളെ പ്രകൃതിവെളിച്ചം പ്രതീകവല്ക്കരിക്കുന്ന ആത്മീയവെളിച്ചത്തോടു

പമിക്കാം. വിവിധ വെളിച്ചങ്ങളുണ്ടെങ്കിലും അവയൊന്നും വെളിച്ചത്തിന്റെ മൗലികരൂപത്തെ ബാധിക്കുന്നില്ലെന്നും അത് ശാശ്വതമായും മാറ്റത്തിന് വിധേയമാകാതെ നിൽക്കുന്നതാണെന്നും എല്ലാവർക്കുമറിയാം.

മുഴുവൻ മനുഷ്യരെയും നിത്യശിക്ഷയിൽനിന്നും രക്ഷിക്കാനായി ദൈവം ഒരു രക്ഷകനെ നിയോഗിക്കുമ്പോൾ യഹൂദന്മാർക്ക് പ്രസക്തമായത് മുസ്ലീംകൾക്കും ക്രിസ്ത്യാനികൾക്കും പ്രാകൃത മതവിശ്വാസികൾക്കും പ്രസക്തമാണെന്നതിൽ യാതൊരു സംശയവുമില്ല. മനുഷ്യവർഗ്ഗത്തെ പാപത്തിൽനിന്നും ശിക്ഷയിൽനിന്നും രക്ഷിക്കാൻവേണ്ടി ദൈവം നിയോഗിച്ച രക്ഷകനാര് എന്ന ചോദ്യവും അതിനുള്ള ഉത്തരവും എല്ലാ മതങ്ങൾക്കും ഒരുപോലെ പ്രസക്തമാണ്.

അപ്രധാന പ്രശ്നങ്ങളിലുള്ള മതപരമായ വ്യത്യാസങ്ങൾ ഉപകാരപ്രദവും ചിലപ്പോൾ അനിവാര്യം തന്നെയുമാണെന്ന് അംഗീകരിക്കപ്പെട്ടതാണ്. കൈവിരലുകൾ പോലെയും സൈന്യത്തിലെ വിവിധ വിഭാഗങ്ങൾ പോലെയുമാണിത്. എന്നാൽ ന്യായവും ഉപകാരപ്രദവുമായ വ്യത്യാസങ്ങൾക്കു മതത്തിന്റെ മൗലീകതത്വങ്ങളെ അതിലംഘിക്കാനാവില്ല.

“വേദക്കാൽ” ഒന്നടങ്കം യോജിക്കുന്ന ഒരു വിശ്വാസമാണ് അത്യുന്നതമായ ഗുണങ്ങളോടുകൂടിയ ഒരേ ഒരു ദൈവമേ ഉള്ളൂ എന്നത്. മുഴുവൻ മനുഷ്യവർഗ്ഗത്തിന്റെയും മോക്ഷത്തിനായി ഈ ഏകദൈവത്താൽ നിയുക്തനായ ദൈവപ്രതിപുരുഷനിൽ യോജിക്കേണ്ടതും അവരുടെ ബാധ്യതയാണ്. ഈ യോജിപ്പിന് അങ്ങേ അറ്റത്തെ പ്രാധാന്യവുമുണ്ട്. സ്രഷ്ടാവിന്റെ ചിന്തകളുടെ വെളിപാടും അവന്റെ പൂർണ്ണമായ ഇച്ഛയുടെ പ്രഖ്യാപനവും മനുഷ്യവർഗ്ഗത്തെ പാപത്തിൽനിന്ന് രക്ഷിക്കാനും നിത്യമായ വിധിയിൽനിന്നും ശിക്ഷയിൽനിന്നും രക്ഷപ്പെടുവാനുമുള്ള ദിവ്യപരിപാടിയുടെ ആവിഷ്ക്കരണവുമെല്ലാം ഈ അംഗീകൃത പ്രതിപുരുഷനെ ആശ്രയിച്ചാണിരിക്കുന്നത്. സ്വർഗ്ഗത്തിൽ നിന്നയ്ക്കപ്പെട്ട ഈ പ്രതിപുരുഷന് മാത്രമേ തന്റെ ജീവിത മാതൃകയിലൂടെ മനു

ഷ്യവർഗ്ഗത്തിന്റെ കൺമുമ്പിൽ സർവ്വശക്തനായ ദൈവത്തിന്റെ ഗുണവിശേഷങ്ങളിൽ സാധ്യവും അനുവദനീയവുമായവ കാണിച്ചുകൊടുക്കാൻ കഴിയൂ. സ്വന്തം ജീവിതത്തിലൂടെ, എല്ലാ കാലഘട്ടത്തേക്കും അനുയോജ്യമായ പരിപൂർണ്ണ ജീവിത മാതൃക കാണിച്ചുകൊടുക്കാനും അദ്ദേഹത്തിനേ കഴിയൂ. മാനുഷ്യവർഗ്ഗത്തിന്റെ മോക്ഷത്തിനായി നിയോഗിക്കപ്പെട്ട ഈ ഒരേ ഒരു പ്രതിപുരുഷൻ ആരാണ്?

തൽസംബന്ധമായ വിവരണങ്ങൾ അപ്പോസ്തലനായ യോഹന്നാന്റെ പ്രസ്താവനയിൽ പുതിയനിയമത്തിൽ നാം ഇപ്രകാരം വായിക്കുന്നു: "കർത്തൃദിവസത്തിൽ ഞാൻ ആത്മവിവശനായി : നീ കാണുന്നതു ഒരു പുസ്തകത്തിൽ എഴുതി.... എന്നിങ്ങനെ കാഹളത്തിനൊത്ത ഒരു മഹാനാദം എന്റെ പുറകിൽ കേട്ടു. എന്നോടു സംസാരിച്ച നാദം എന്തു എന്നു കാണുവാൻ ഞാൻ തിരിഞ്ഞു. തിരിഞ്ഞപ്പോൾ ഏഴു പൊൻനിലവിളക്കുകളുടെ നടുവിൽ നീലയങ്കിധരിച്ചു മാറത്തു പൊൻകച്ചകെട്ടിയവനായി മനുഷ്യപുത്രനോടു സദൃശനായവനെയും കണ്ടു. അവന്റെ തലയും തലമുടിയും വെളുത്ത പഞ്ഞിപോലെ ഹിമത്തോളം വെള്ളയും കണ്ണു അഗ്നിജ്വാലക്കു ഒത്തതും കാൽ ഉലയിൽ ചുട്ടുപഴുപ്പിച്ച വെള്ളോട്ടിനു സദൃശവും അവന്റെ ശബ്ദം പെരുവെള്ളത്തിന്റെ ഇരമ്പൽ പോലെയും ആയിരുന്നു. അവന്റെ വലങ്കയ്യിൽ ഏഴു നക്ഷത്രം ഉണ്ട്. അവന്റെ വായിൽനിന്നു മൂർച്ചയേറിയ ഇരുവായ്ത്തലയുള്ള വാൾ പുറപ്പെടുന്നു; അവന്റെ മുഖം സൂര്യൻ ശക്തിയോടെ പ്രകാശിക്കുന്നതുപോലെ ആയിരുന്നു" (വെളിപാട് 1 : 10–16).

"മനുഷ്യപുത്രനെ"പ്പോലെയുള്ള ഈ മഹൽ വ്യക്തിയുടെ കയ്യിലുള്ള ഏഴ് നക്ഷത്രങ്ങളിലോരോന്നും അവന്റെ ഓരോ അനുപമസവിശേഷതയെ പ്രതിനിധീകരിക്കുന്നു. ഈ സവിശേഷതകൾ ഒരു വ്യക്തിയിൽ ഒരുമിച്ച് ചേരുകയും ശരീരമായിത്തീരുകയും ചെയ്തിരിക്കുന്നു. മുഴുവൻ ലോകത്തിന്റെയും വെളിച്ചമായിരിക്കാനർഹതയുള്ള ഉജ്ജ്വല പ്രകാശമുണ്ടാകുന്നതങ്ങനെയാണ്.

ക്രിസ്തുവിന് മാത്രമുള്ളതും മറ്റാർക്കുമില്ലാത്തതുമായ ഗുണവിശേഷങ്ങളെയാണ് നാം ഇവിടെ പരിശോധിക്കുന്നത്. വിജ്ഞാനം, ധീരത, വിനയം, ഉത്സാഹം, കാരുണ്യം, ക്ഷമാ ശീലം, സത്യസന്ധത, ദൈവേച്ഛയോടുള്ള സമർപ്പണം എന്നീ ഗുണവിശേഷങ്ങളിലും ക്രിസ്തു ഇതരദൂതന്മാരേ ക്കാളും പ്രവാചകന്മാരേക്കാളും മികച്ചു നില്ക്കുന്നണ്ടെങ്കിലും അവ ഇവിടെ പരിശോധിക്കുന്നില്ല.

യേശുക്രിസ്തുവിന്റെ ഗുണവിശേഷങ്ങളറിയാൻ സുവി ശേഷത്തിലുള്ള അദ്ദേഹത്തിന്റെ ജീവചരിത്രം വായിക്കേണ്ടത് ആവശ്യമാണ്. ഈ ചർച്ചക്കാവശ്യമായ രേഖകൾ പുതിയനി യമത്തിലെ വാകൃങ്ങളാണ്. മൂലത്തിൽ എഴുതപ്പെട്ടതും യേശുക്രിസ്തു എന്ന വ്യക്തിയെ സംബന്ധിച്ച യഥാർത്ഥവും സത്യസന്ധവുമായ വിവരണമായി അംഗീകരിക്കപ്പെട്ടതുമാണ് പുതിയനിയമം. ക്രിസ്തുവിന്റെ വലംകയ്യിലുള്ള ഏഴു നക്ഷ ത്രങ്ങളിൽ പ്രതീകവല്ക്കരിക്കപ്പെട്ട ഈ രാജകീയ വ്യക്തി യുടെ അനുപമായ സവിശേഷതകളെ സത്യസന്ധനായൊരു മുസ്ലീം അംഗീകരിക്കുമെന്ന് പ്രതീക്ഷിക്കാൻ നമുക്കവകാശ മുണ്ട്.

ലോകത്തുള്ള പ്രകൃതി വെളിച്ചത്തിന്റെ ഉത്ഭവം ഭൂമി യല്ല, അതിനു മുകളിലുള്ള ആകാശലോകമാണ്. ലോക ത്തിന്റെ ആത്മീയവെളിച്ചത്തിന് ലോകത്തുള്ള മനുഷ്യ രിൽനിന്ന് പുറപ്പെടാൻ സാധ്യമല്ല. ആത്മീയ വെളിച്ചത്തിന്റെ സ്രോതസ്സായ ഉപരിലോകത്തെ സ്വർഗ്ഗത്തിൽ നിന്നേ അതു പുറപ്പെടൂ. “ഞാൻ ലോകത്തിന്റെ വെളിച്ചമാകുന്നു” എന്നു പറഞ്ഞവൻ താൻ സ്വർഗ്ഗത്തിൽ നിന്നാണ് വന്നതെന്നും ഇട യ്ക്കിടെ പ്രഖ്യാപിച്ചതിൽ അത്ഭുതമില്ല. സുവിശേഷം പ്രഖ്യാപിക്കുന്നു: “ആദിയിൽ വചനം ഉണ്ടായിരുന്നു; വചനം ദൈവത്തോടുകൂടെ ആയിരുന്നു വചനം ദൈവമായിരുന്നു. അവൻ ആദിയിൽ ദൈവത്തോട് കൂടെ ആയിരുന്നു..... അവ നിൽ ജീവൻ ഉണ്ടായിരുന്നു; ജീവൻ മനുഷ്യരുടെ വെളിച്ചമാ യിരുന്നു” (യോഹന്നാൻ 1 : 1-4). യേശു തന്റെ യഹൂദന്മാ രായ ശ്രോതാക്കളോട് പറഞ്ഞു : “അവൻ അവരോടു:

നിങ്ങൾ കീഴിൽനിന്നുള്ളവർ, ഞാൻ മേലിൽ നിന്നുള്ളവൻ; നിങ്ങൾ ഈ ലോകത്തിൽനിന്നുള്ളവർ; ഞാൻ ഈ ലോകത്തിൽനിന്നുള്ളവനല്ല" (യോഹന്നാൻ 8 : 23). "......സത്യത്തിനു സാക്ഷിനില്ക്കേണ്ടതിനു ഞാൻ ജനിച്ചു അതിനായി ലോകത്തിൽ വന്നുമിരിക്കുന്നു......" (യോഹന്നാൻ 18 : 37). "ഞാൻ സ്വർഗ്ഗത്തിൽനിന്നു ഇറങ്ങിവന്ന അപ്പം എന്നു അവൻ പറഞ്ഞതിനാൽ യഹൂദന്മാർ അവനെ കുറിച്ചു പിറുപിറുത്തു" (യോഹന്നാൻ 6 : 41). "യേശു അവരോടു: ആമേൻ, ആമേൻ, ഞാൻ നിങ്ങളോടു പറയുന്നു: അബ്രഹാം ജനിച്ചതിനുമുമ്പേ ഞാൻ ഉണ്ടു എന്നു പറഞ്ഞു" (യോഹന്നാൻ 8 : 58).

സന്താനങ്ങൾക്കു തങ്ങളുടെ മഹാന്മാരുടെയും പ്രവാചകന്മാരുടെയും പേരിടാൻ എല്ലാ ജനതകളും വിഭാഗങ്ങളും ശ്രമിക്കാറുണ്ട്. അബ്രഹാം, സാറാ, ജേക്കബ്, ജോസഫ്, റബേക്ക, റെയ്ച്ചൽ, മോസസ്സ്, ആരോൻ, സാമുവേൽ, ഹന്ന, ഡേവിഡ്, മനായേൽ, എലീജ, മുഹമ്മദ്, അലി ഖദീജ, ഫാത്തിമ, ഹസൻ, ഹുസൈൻ, അഹമ്മദ് എന്നീ പേരുകളുള്ള എത്രയോ മനുഷ്യരുണ്ട്. (യേശു എന്ന സുവിശേഷ നാമത്തിനെ മുസ്ലീംകൾ വിളിക്കുന്നത് ഈസ എന്നാണ്). ഈ രണ്ടായിരം കൊല്ലത്തിനിടയിൽ "യേശു" എന്നത് മറ്റാരുടെയും പേരായിത്തീർന്നിട്ടില്ലെന്നതും അതേ സമയം അദ്ദേഹത്തിന്റെ മാതാവായ മറിയം ലോകത്തെമ്പാടുമുള്ള ഒരു പൊതു നാമമായിത്തീർന്നിട്ടുണ്ടെന്നുള്ള വസ്തുത ക്രിസ്തുവിന്റെ സ്വർഗ്ഗീയ ഉത്ഭവത്തെയാണ് കാണിക്കുന്നത്. ചിന്താശീലരായ മനുഷ്യർക്കിത് കാണിക്കാതിരിക്കാനാവില്ല.

താൻ ലോകത്തിന്റെ വെളിച്ചമാണെന്ന പ്രസ്താവനയെ യഹൂദന്മാർ എതിർത്തപ്പോൾ ക്രിസ്തുപറഞ്ഞതിപ്രകാരം വായിക്കാം: "യേശു അവരോടു ഉത്തരം പറഞ്ഞതു: ഞാൻ എന്നെക്കുറിച്ചുതന്നെ സാക്ഷ്യം പറഞ്ഞാലും എന്റെ സാക്ഷ്യം സത്യം ആകുന്നു; ഞാൻ എവിടെ നിന്നു വന്നു എന്നും എവിടേക്കു പോകുന്നു എന്നും ഞാൻ അറിയുന്നു: നിങ്ങളോ, ഞാൻ എവിടെ നിന്നു വന്നു എന്നും എവിടേക്കു

പോകുന്നു എന്നും അറിയുന്നില്ല. (യോഹന്നാൻ 8 : 14) പിന്നീടദ്ദേഹം പ്രാർത്ഥിച്ചു: "ഇപ്പോൾ പിതാവേ, ലോകം ഉണ്ടാകുംമുമ്പേ എനിക്കു നിന്റെ അടുക്കൽ ഉണ്ടായിരുന്ന മഹത്വത്തിൽ എന്നെ നിന്റെ അടുക്കൽ മഹത്വപ്പെടുത്തേണമേ" (യോഹന്നാൻ 17 : 5). മനുഷ്യന്റെ കണ്ണുകൾക്ക് ദിവ്യപ്രകാശത്തെ കാണാൻ സാധ്യമല്ല. സുവിശേഷത്തിൽ ഇത് വ്യക്തമാക്കപ്പെട്ടിരിക്കുന്നത് കാണുക. "ദൈവത്തെ ആരും ഒരുനാളും കണ്ടിട്ടില്ല; പിതാവിന്റെ മടിയിൽ ഇരിക്കുന്ന ഏകജാതനായ പുത്രൻ അവനെ വെളിപ്പെടുത്തിയിരിക്കുന്നു" (യോഹന്നാൻ 1 : 18).

"ലോകത്തിന്റെ വെളിച്ച"മായിട്ടുള്ളവൻ കന്യാമറിയത്തിൽ നിന്നും പിറന്ന് മനുഷ്യപ്രകൃതി പൂണ്ട് സ്വർഗ്ഗത്തിൽ നിന്നും മനുഷ്യവർഗ്ഗത്തിലേക്ക് ഇറങ്ങി വരികയായിരുന്നു. സ്വർഗ്ഗത്തിൽ നിന്നിറങ്ങിവന്ന് മനുഷ്യരൂപം പൂണ്ടതിനാൽ ക്രിസ്തു ഇതര ദൂതന്മാരിൽനിന്നും പ്രവാചകന്മാരിൽനിന്നും വളരെ വ്യത്യാസപ്പെട്ടിരിക്കുന്നു. ഭൂമുഖത്ത് വസിച്ച ഏക സ്വർഗ്ഗീയ വ്യക്തിയെന്ന നിലയിൽ അദ്ദേഹത്തിന് ലോകത്തിന്റെ വെളിച്ചമായിരിക്കാനുള്ള അവകാശമുണ്ട്.

ക്രിസ്തുവിന്റെ അനുപമ ഗുണവിശേഷങ്ങളെ പ്രതിനിധീകരിക്കുകയാണ് തന്റെ വലംകയ്യിലുള്ള ഏഴ് നക്ഷത്രങ്ങളെന്ന് (വെളിപ്പാട് 1 : 16) നാം മുമ്പ് പറഞ്ഞുവല്ലോ. ഇവയിൽ ഒന്നാമത്തെ നക്ഷത്രം എന്താണ് പ്രതിഫലിപ്പിക്കുന്നതെന്ന നോക്കാം.

## 1. ക്രിസ്തുവിന്റെ സ്വർഗ്ഗീയ ഉത്ഭവം

ഈ നക്ഷത്രം ക്രിസ്തുവിന്റെ പ്രകൃതിയുടെ പൂർണ്ണ വിശുദ്ധത പ്രകാശിപ്പിക്കുന്നു. കാരണം, പൂർണ്ണമായും വിശുദ്ധനല്ലാത്തവന് ലോകത്തിന്റെ വെളിച്ചമായിരിക്കുക സാധ്യമല്ല.

പൂർണ്ണവിശുദ്ധിയുള്ള ഒരുത്തനും ലോകമനുഷ്യരിലില്ല. അതിനാൽ, ലോകത്തിലെ മനുഷ്യർക്കാർക്കും തന്നെ വിശുദ്ധിയുടെ സ്രോതസ്സായ സ്വർഗ്ഗത്തിൽ നിന്ന് പുറപ്പെടുക

സാദ്ധ്യമല്ല. ചുരുക്കത്തിൽ, മനുഷ്യന്റെ രക്ഷകനും ശുപാർശ കനുമായി ദൈവം ഉയർത്താനുദ്ദേശിക്കുന്ന വ്യക്തി സ്വർഗ്ഗ ത്തിൽ നിന്നുത്ഭവിക്കേണ്ടത് ഒരു അനിവാര്യ വ്യവസ്ഥയാ ണ്. മോക്ഷവും നന്മയും കാംക്ഷിക്കുന്ന മനുഷ്യഹൃദയങ്ങൾ സ്വർഗ്ഗത്തിൽ നിന്നുവരുന്ന ഒരു രക്ഷകനെത്തേടുക സ്വാഭാവി കമാണ്. കാരണം, അവന് മാത്രമേ അവരുടെ മുമ്പിൽ സ്വർഗ്ഗത്തിലെ കാര്യങ്ങൾ വ്യക്തമായും സത്യസന്ധമായും വെളിപ്പെടുത്താൻ കഴിയുകയുള്ളൂ. സമ്പൂർണ്ണവിശുദ്ധിയു ള്ളതും സ്വർഗ്ഗത്തിൽ നിന്ന് വരുന്നതുമായ ഒരു രക്ഷകനെ പിന്തുടരുകയും ആത്മബന്ധം സ്ഥാപിക്കാനാഗ്രഹിക്കുകയും ചെയ്യുന്നവന്, ആ രക്ഷകനെ എന്നെന്നും കാംക്ഷിക്കു വഴി, വിശുദ്ധി കിട്ടുന്നു. തന്റെ രക്ഷകന്റെ വിശുദ്ധിയുടെ പ്രകാശം അവന്റെ മാർഗ്ഗത്തിലുള്ള അന്ധകാരത്തെ പ്രകാശപൂരിതമാ ക്കുകയും അവന്റെ മുമ്പിൽ പുതിയ സ്വർഗ്ഗീയ യാഥാർത്ഥ്യ ങ്ങളെ വെളിപ്പെടുത്തിക്കൊടുക്കുകയും ചെയ്യുന്നു. കാരണം, ഈ രക്ഷകന്റെ പ്രഥമ താല്പര്യം ഹൃദയശുദ്ധിയും രണ്ടാ മത്തെ താല്പര്യം ദൃശ്യവും പ്രായോഗികവുമായ ശുദ്ധിയാ ണ്. ഇത് ക്രിസ്തു തന്റെ അനുയായികളെ ഇപ്രകാരം ഉണർത്തുന്നു: "ഞാനോ നിങ്ങളോടു പറയുന്നതു: സഹോദ രനോടു കോപിക്കുന്നവൻ എല്ലാം ന്യായവിധിക്കു യോഗ്യനാ കും..... ആകയാൽ നിന്റെ വഴിപാടു യാഗപീഠത്തിൽ കൊണ്ടുവരുമ്പോൾ സഹോദരനു നിന്റെ നേരെ വല്ലതും ഉണ്ടെന്നു അവിടെവെച്ചു ഓർമ്മ വന്നാൽ നിന്റെ വഴിപാടു അവിടെ യാഗപീഠത്തിന്റെ മുമ്പിൽ വെച്ചേച്ചു, ഒന്നാമതു ചെന്നു സഹോദരനോടു നിരന്നുകൊൾക; പിന്നെ വന്നു നിന്റെ വഴിപാട് കഴിക്ക....... ഞാനോ നിങ്ങളോടു പറയുന്നതു സ്ത്രീയെ മോഹിക്കേണ്ടതിനു അവളെ നോക്കുന്നവൻ എല്ലാം ഹൃദയംകൊണ്ടു അവളോടു വ്യഭിചാരം ചെയ്തുപോ യി. എന്നാൽ വലങ്കണ്ണു നിനക്കു ഇടർച്ച വരുത്തുന്നു എങ്കിൽ അതിനെ ചൂഴ്ന്നെടുത്തു എറിഞ്ഞു കളക.... വലങ്കൈ ഇടർച്ച വരുത്തുന്നു എങ്കിൽ അതിനെ വെട്ടി എറി ഞ്ഞുകളക. ഞാനോ നിങ്ങളോടു പറയുന്നതു: അശേഷം

സത്യം ചെയ്യരുത്; സ്വർഗ്ഗത്തെകൊണ്ടു അരുത്; അതു ദൈവത്തിന്റെ സിംഹാസനം; ഭൂമിയെക്കൊണ്ടു അരുത്, അതു അവന്റെ പാദപീഠം; യെരൂശലേമിനെക്കൊണ്ടും അരുത്, അതു മഹാരാജാവിന്റെ നഗരം. നിന്റെ തലയെക്കൊണ്ടും സത്യം ചെയ്യരുത്; ഒരു രോമവും വെളുപ്പിക്കാനോ കറുപ്പിക്കാനോ നിനക്കു കഴിയുകയില്ലല്ലോ. നിങ്ങളുടെ വാക്കു ഉവ്വു ഉവ്വു എന്നും ഇല്ല, ഇല്ല ഒന്നും ആയിരിക്കട്ടെ; ഇതിൽ അധികമായതു ദുഷ്ടനിൽ നിന്നു വരുന്നു" (മത്തായി 5 : 22–24; 28–30; 34–37). ആകയാൽ നിങ്ങളുടെ സ്വർഗ്ഗീയപിതാവു സൽഗുണപൂർണ്ണൻ ആയിരിക്കുന്നതുപോലെ നിങ്ങളും സൽഗുണപൂർണ്ണരാകുവിൻ" (മത്തായി 5 : 48).

പ്രവർത്തിക്കാത്തതൊന്നും പറഞ്ഞിട്ടല്ലാത്ത ഒരു മനുഷ്യനാണദ്ദേഹം. മറ്റുള്ളവരോടു ചെയ്യാൻ പറഞ്ഞതിലധികം അവൻ പ്രവർത്തിച്ചു. വിശുദ്ധി ആഗ്രഹിക്കുന്ന ഓരോരുത്തനും അവനിലേക്കു നോക്കുകയും അവനിൽ വിശ്വസിക്കുകയും ചെയ്യുന്നത് അങ്ങേ അറ്റം സഹായകമായിരിക്കും. ദൈവത്തെ സമീപിക്കാൻ വിശുദ്ധി അനിവാര്യമാണ്. "എല്ലാവരോടും സമാധാനം ആചരിച്ച് ശുദ്ധീകരണം പ്രാപിപ്പാൻ ഉത്സാഹിപ്പിൻ. ശുദ്ധീകരണം കൂടാതെ ആരും കർത്താവിനെ കാണുകയില്ല" (എബ്രായർ 12 : 14).

ദർശനത്തിൽ അനിവാര്യ ഘടകം, ദർശിക്കുന്ന വ്യക്തിയാണ്, ദർശിക്കപ്പെടുന്ന വസ്തുവല്ല. ശ്രവണത്തിൽ ശ്രോതാവാണ് പ്രധാനം. പ്രസംഗത്തിൽ പ്രസംഗകനാണ് പ്രധാനം, പ്രസംഗമല്ല. മതത്തിലും അനിവാര്യമായിട്ടുള്ളത് വിശ്വാസി തന്നെയാണ്, അവന്റെ വിശ്വാസരൂപമല്ല. വസ്തുക്കളുടെയും ശബ്ദത്തിന്റെയും പ്രസംഗത്തിന്റെയും വിശ്വാസരൂപത്തിന്റെയും മഹത്വത്തെ ചെറുതായി കാണുകയല്ല ഉദ്ദേശ്യം; ഓരോ വിശ്വാസിക്കും ദൈവ നിയുക്തനായ ലോകരക്ഷകനോടുണ്ടാവേണ്ട ഹൃദയത്തിൽ നിന്നുയരുന്ന ആത്മബന്ധത്തിന്റെയും ആത്മീയ ഐക്യത്തിന്റെയും പ്രാധാന്യത്തെ വിളംബരം ചെയ്യുന്ന ക്രിസ്ത്യൻ അദ്ധ്യാപനത്തെ ചൂണ്ടിക്കാണിക്കുക മാത്രമാണ് ചെയ്യുന്നത്.

ഈ ആത്മീയ ഐക്യത്തിന്റെ ഫലമായി ഉണ്ടാകുന്ന ആത്മീയ സ്വാധീനം യഥാർത്ഥ വിശ്വാസിയുടെ സ്വഭാവത്തെ ആ രക്ഷകന്റെ പ്രതിരൂപമാക്കി മാറ്റുന്നു. അവനിൽ കാണുന്ന ധാർമ്മികയും മതപരവുമായ തികവുകൾ ഇത് വ്യക്തമാക്കും. ക്രിസ്ത്യാനിയാണെന്ന് അവകാശപ്പെടുന്നവ നിൽ ഇത്തരമൊരു മാറ്റം ദൃശ്യമല്ലെങ്കിൽ അവന് അത്തര മൊരു ആത്മ ബന്ധമില്ലെന്ന് വരുന്നു; അവന്റെ ക്രിസ്ത്യൻ വിശ്വാസം നാമമാത്രമാണ്, യഥാർത്ഥമല്ല.

സ്വർഗ്ഗത്തിൽ നിന്നുള്ള അവരോഹണം യേശുക്രി സ്തുവിനെ ഏറ്റവും, മഹാന്മാരും സൽകർമ്മികളുമായ ഇതര മനുഷ്യരേക്കാളും, ഉന്നതനാക്കിത്തീർക്കുക മാത്രമല്ല മറ്റാർക്കും പങ്കിടാനാവാത്ത നിസ്തുലവും പരമോന്നതവു മായ സ്ഥാനത്തേക്കുയർത്തുകയും ചെയ്യുന്നു. അവനല്ലാതെ മറ്റാർക്കും ഈ അടിസ്ഥാന നക്ഷത്രത്തെ കയ്യിലേന്താൻ സാദ്ധ്യമല്ല.

## 2. ക്രിസ്തുവിനെ സംബന്ധിച്ച പ്രവചനങ്ങൾ

രണ്ടാമത്തെ നക്ഷത്രം ക്രിസ്തുവിനെ സംബന്ധിച്ച പ്രവചനങ്ങളെ കാണിക്കുന്നു. ചില ചരിത്ര പുരുഷന്മാരെ സംബന്ധിച്ച് പ്രവചനങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും യേശു ക്രിസ്തുവിന്റെ ആഗമനത്തെ അറിയിച്ചുകൊണ്ടുള്ള പ്രവചന ങ്ങളുടെ സ്വഭാവം അനന്യമാണ്. ആയിരക്കണക്കിന് വർഷ ങ്ങളിലൂടെയുള്ള പുരാതനത്വവും വൈവിധ്യവും തുടർച്ചയും ആ പ്രവചനങ്ങളുടെ മാത്രം സവിശേഷതകളാണ്. സൂക്ഷ്മ മായ വിവരണങ്ങളും അവയെ വിശേഷമാക്കിത്തീർക്കുന്ന ആധികാരിക ധ്വനിയും ജീവിതത്തിന്റെ വിവിധ സ്ഥാനങ്ങളി ലുള്ള അനേകരുടെ പ്രഖ്യാപനവുമെല്ലാം ഈ പ്രവചനങ്ങൾ സത്യമാണെന്ന് തെളിയിക്കുന്നു. വ്യത്യസ്ത കാലങ്ങളിലും സ്ഥലങ്ങളിലും ചുറ്റുപാടുകളിലും വ്യാപിച്ചു കിടന്നിരുന്ന അനേകർക്ക് ഈ വെളിപ്പാടുകൾ നല്കപ്പെട്ടിരുന്നു. വന്ന വരോ ഇനി ലോകത്ത് വരാനിരിക്കുന്നവരോ ആയ ആർക്കും പ്രായോഗികമല്ലാത്ത വിധം ഒരു മിശിഹാ വരാനിരിക്കുന്ന തായി അവരെല്ലാം പ്രവചിച്ചു.

ഇസ്രായീല്യർക്കു ദൈവകല്പനയിലൂടെ നല്കപ്പെട്ടിട്ടുള്ളതും തങ്ങളുടെ ചരിത്രത്തിലുടനീളം അവർ കണിശമായി ആദരിച്ചുപോന്നിട്ടുള്ളതുമായ പ്രതീകങ്ങളാണ് ഈ വെളിപ്പാടുകളിൽ പരമപ്രധാനം. പുരാതന കാലത്ത് ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ജനങ്ങളുടെ പ്രകാശ സ്രോതസ്സ് വാഗ്ദത്ത മിശീഹാ ആയിരുന്നു. "കാലത്തിന്റെ പൂർണ്ണതയിൽ" ഈ വ്യക്തി പ്രത്യക്ഷപ്പെട്ടപ്പോൾ, അവൻ വരുന്നതിന് മുമ്പും (ആദത്തെ സൃഷ്ടിച്ചത് മുതൽ അവൻ പ്രത്യക്ഷപ്പെട്ട ദിവസം വരെയും) അവൻ ലോകത്തിന്റെ വെളിച്ചമായിരുന്നുവെന്നത് സത്യമാണെന്ന് തെളിഞ്ഞു.

ആയിരക്കണക്കിന് വർഷങ്ങൾക്കിടയിൽ നല്കപ്പെട്ടിട്ടുള്ള വെളിപ്പാടുകളുടെ നക്ഷത്രത്തിൽ നിന്നും യേശുക്രിസ്തുവിന്റെ വിശ്വാസ്യതയും സത്യസന്ധതയും പ്രകാശിക്കുന്നു. കാരണം അവ പൂർത്തീകരിക്കപ്പെട്ടിട്ടുള്ളത് ഏത് വ്യക്തിയിലാണോ ആ വ്യക്തിക്ക് സത്യസന്ധനാവാതിരിക്കാൻ ഒരിക്കലും സാദ്ധ്യമല്ല. മനുഷ്യവർഗ്ഗത്തിന്റെ മോക്ഷത്തിന്റെ അടിസ്ഥാനം അവന്റെ വചനങ്ങളുടെയും വാഗ്ദാനങ്ങളുടെയും സത്യാവസ്ഥയാണ്. കാരണം, രക്ഷകനിലുള്ള സത്യസന്ധത ഒരു അനിവാര്യമായ ഗുണമാണ്. സത്യം മാത്രമാണ് പ്രകാശിക്കുന്നത്; മറ്റെല്ലാം അന്ധകാരമാണ്. "യേശു അവനോടു: ഞാൻ തന്നേ വഴിയും സത്യവും ജീവനും ആകുന്നു; ഞാൻ മുഖാന്തരമല്ലാതെ ആരും പിതാവിന്റെ അടുക്കൽ എത്തുന്നില്ല" (യോഹന്നാൻ 14 : 6).

തന്റെ ഓരോ വാഗ്ദാനത്തോടും അവൻ സത്യസന്ധത പുലർത്തുന്നവനാണ്. അതിനാൽ ഈ വാഗ്ദാനങ്ങൾ ജീവിതത്തിന്റെ എല്ലാ അവസ്ഥകളിലും വശങ്ങളിലും സുരക്ഷിതവും ശക്തവുമായ താങ്ങായിരിക്കും. അവ, ഒരു നിഷ്കളങ്ക വിശ്വാസിക്ക് ഇന്ന് നന്മയും ഭാവിയിൽ കൂടുതൽ നന്മയും ഉറപ്പുവരുത്തുന്നു. ഈ വാഗ്ദാനങ്ങളടങ്ങിയ സുവിശേഷം വായിക്കുന്ന ഒരാളിൽ ഉണ്ടാകുന്ന ആനന്ദം അവാച്യമാണ്. എല്ലാ സംശയങ്ങളെയും ഭയദുഃഖങ്ങളെയും ദൂരീകരിക്കുന്ന ആനന്ദമാണത്.

അതിനാൽ, ക്രിസ്ത്യൻ ദൗത്യത്തിന്റെ യഥാർത്ഥ പൊരുളറിയുന്ന ഏത് ക്രിസ്ത്യാനിയും അത് ഇതരർക്ക് പ്രത്യേകിച്ചും മുസ്ലീം സഹോദരന്മാർക്ക് സമർപ്പിക്കാൻ ആഗ്രഹിക്കുന്നതിൽ അത്ഭുതപ്പെടാനില്ല. വിശ്വാസിയുടെ ഹൃദയത്തിൽ നിന്ന് ദുഃഖത്തെ ദൂരീകരിക്കുകയും പകരം ഹൃദയത്തിൽ നിന്ന് പൂർണ്ണ സമാധാനവും സംതൃപ്തിയും ആനന്ദവും നിറയ്ക്കുകയും ചെയ്യുന്ന സദ്വാർത്തകളുടെ ദൗത്യമാണത്. പ്രവാചകവെളിപാടുകളുടെ ഈ ഉജ്ജ്വല താരം അവന്റെ വലങ്കയ്യിൽ മാത്രമാണുള്ളത്.

## 3. വാക്കിലും പ്രവൃത്തിയിലും ക്രിസ്തുവിന്റെ അധികാരം

മൂന്നാമത്തെ നക്ഷത്രം ക്രിസ്തുവിന്റെ വാക്കും പ്രവൃത്തിയും ആധികാരികമാണെന്ന് കാണിക്കുന്നു. തങ്ങൾ സംസാരിക്കുന്ന വാക്കുകൾ തങ്ങളുടെ സ്വന്തമല്ലെന്നാണ് ഇതര പ്രവാചകന്മാരും ദൂതന്മാരും അവകാശപ്പെട്ടത്. “ആൾക്കൂട്ടത്തിന്റെ ദൈവം ഇപ്രകാരം പറഞ്ഞു” “ദൈവത്തിന്റെ പ്രവചനം എന്നോട് ഇങ്ങനെ പറഞ്ഞു” എന്നിങ്ങനെയാണവർ പറഞ്ഞ് തുടങ്ങിയത്. എന്നാൽ, യേശുവിന്റെ സംസാരരീതി അനിതര സാധാരണമായിരുന്നു. സുവിശേഷകൻ എഴുതുന്നു: “ഈ വചനങ്ങളെ യേശു പറഞ്ഞു തീർന്നപ്പോൾ പുരുഷാരം അവന്റെ ഉപദേശത്തിൽ വിസ്മയിച്ചു; അവരുടെ ശാസ്ത്രിമാരെപ്പോലെ അല്ല, അധികാരമുള്ളവനായിട്ടത്രേ അവൻ അവരോട് ഉപദേശിച്ചത്” (മത്തായി 7:28–29). ക്രിസ്തു തന്നെ ഒരിക്കൽ ഇപ്രകാരം പ്രഖ്യാപിച്ചു: “യേശു അടുത്തുചെന്നു: സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്ക് നല്കപ്പെട്ടിരിക്കുന്നു” (മത്തായി 28:18). “എല്ലാവരും പിതാവിനെ ബഹുമാനിക്കുന്നതുപോലെ പുത്രനേയും ബഹുമാനിക്കേണ്ടതിനു പിതാവു ആരെയും ന്യായം വിധിക്കാതെ ന്യായവിധി എല്ലാം പുത്രനു കൊടുത്തിരിക്കുന്നു. പുത്രനെ ബഹുമാനിക്കാത്തവൻ അവനെ അയച്ച പിതാവിനെയും ബഹുമാനിക്കുന്നില്ല” (യോഹന്നാൻ 5:22–23).

താൻ വീണ്ടും പ്രതാപത്തോടെയും പരിവാരങ്ങളോടെയും വരുമെന്ന് ക്രിസ്തു പറഞ്ഞിരിക്കുന്നു. "മനുഷ്യപുത്രൻ തന്റെ തേജസ്സോടെ സകല വിശുദ്ധന്മാരുമായി വരുമ്പോൾ അവൻ തന്റെ തേജസ്സിന്റെ സിംഹാസനത്തിൽ ഇരിക്കും." (മത്തായി 25:31). അതിനാൽ തേജസ്സും രാജ്യവും മാലാഖമാരും പരിവാരങ്ങളും അവന്നുള്ളതാണ്. കാരണം, അവൻ തന്നെ പറഞ്ഞതുപോലെ അവനും പിതാവും ഒന്ന് തന്നെയാണ്. അന്ത്യനാളിൽ താൻ വന്ന് തന്നിൽ വിശ്വസിക്കുന്നവരെ ഉയർത്തുമെന്നും (യോഹന്നാൻ 6:39-40) അവനിച്ഛിക്കുന്നവരെ ഉയർത്തുകയും ജീവിപ്പിക്കുകയും ചെയ്യുമെന്നും (യോഹന്നാൻ 5:21) ക്രിസ്തു പറഞ്ഞിരിക്കുന്നു.

അവന്റെ അധികാരം അവന്റെ പ്രവൃത്തികളിലും വാക്കുകളിലും പ്രകടമായിരുന്നു. പശ്ചാത്തപിച്ചവർക്ക് പൂർണ്ണവും നിത്യവുമായ മാപ്പ് നല്കിയ അവന്റെ പ്രവൃത്തി അതാണ് കാണിക്കുന്നത്. ഇപ്രകാരം ചെയ്തതിനാൽ യഹൂദനേതാക്കന്മാരുടെ കോപത്തിനും ദൈവദൂഷ്യാരോപണത്തിനും അവൻ വിധേയമായിട്ടുണ്ട്. "ദൈവം ഒരുവൻ അല്ലാതെ പാപങ്ങളെ മോചിപ്പിക്കാൻ കഴിയുന്നവൻ ആർ എന്നു ഹൃദയത്തിൽ ചിന്തിച്ചു കൊണ്ടിരിന്നു" (മാർക്കൊസ് 2:7). മരിച്ചവരെ ജീവിപ്പിക്കാൻ അവനുപയോഗിച്ച വാക്കുകൾ അധികാരത്തിന്റേതായിരുന്നു. "..... ലാസറേ, പുറത്തു വരിക എന്നു ഉറക്കെ വിളിച്ചു" (യോഹന്നാൻ 11 : 43).

അതുപോലെത്തന്നെ, പിശാചുക്കളോടും കൊടുങ്കാറ്റിനോടും അവയുടെമേൽ അധികാരമുള്ളവനെപ്പോലെയാണവൻ കല്പിച്ചത് ; അവയെല്ലാം അവന് വഴിപ്പെടുകയും ചെയ്തു. വാക്കിലും പ്രവൃത്തിയിലുമുള്ള അവന്റെ അധികാര പ്രകടനം മറ്റേതെങ്കിലും പ്രവാചകനോ ദൂതനോ ഇല്ലാത്തതാണ്.

അധികാരത്തിന്റെ ഈ നക്ഷത്രത്തിൽ നിന്ന് അവന്റെ സർവ്വ സ്പർശിയായ പരമാധികാരം പ്രകാശിക്കുന്നു. "എന്നാൽ ഭൂമിയിൽ പാപങ്ങളെ മോചിപ്പിക്കാൻ മനുഷ്യപു

ത്രന്നു അധികാരം ഉണ്ടു എന്നു നിങ്ങൾ അറിയേണ്ടതിന്നു" (മാർക്കൊസ് 2 : 10).

അത്തരം അധികാരമില്ലാത്തവന്ന് മുഴുവൻ ലോകത്തിനും വെളിച്ചം നല്കാനും മുഴുവൻ മനുഷ്യരെയും പാപത്തിൽ നിന്ന് രക്ഷിക്കാനും കഴിയുമോ? മനുഷ്യ കഴിവുകൾ മാത്രമുള്ള ഒരു രക്ഷകനെ ആർക്ക് വിശ്വസിക്കാനാവുമെന്ന് ഞാൻ അത്ഭുതപ്പെടുകയാണ്.

ചുരുക്കത്തിൽ സ്വന്തം ദൗർബല്യവും കുറവുകളും അംഗീകരിക്കുകയും ശക്തനായൊരു രക്ഷകനുവേണ്ടി ആഗ്രഹിക്കയും അവനിൽ അഭയം തേടുകയും ചെയ്യുന്ന ആരുടെയും മാർഗ്ഗം പ്രകാശപൂരിതമാക്കുകയാണ് യേശുക്രിസ്തുവിന്റെ അധികാരത്തിന്റെയും ശക്തിയുടെയും നക്ഷത്രം ചെയ്യുന്നത്. പിശാചുക്കളെ ദൂരീകരിച്ച യേശുക്രിസ്തുവിൽ അവൻ കാണുന്നത്, സ്വന്തം ഹൃദയത്തിൽ നിന്നും പിശാചുക്കളുടെ പ്രഭുവിനെ ആട്ടിപ്പുറത്താക്കാൻ കഴിവുള്ള ഒരു രക്ഷകനെയാണ്. ഒരു വാക്കുകൊണ്ട് കൊടുങ്കാറ്റിനെയും തിരമാലകളെയും അടക്കിനിർത്തിയ ക്രിസ്തുവിൽ അവൻ കാണുന്നത് സ്വന്തം വഴിയിൽ നിന്ന് എല്ലാ തടസ്സങ്ങളെയും പരാജയ കാരണങ്ങളെയും ദൂരീകരിക്കാൻ കഴിവുള്ളവനെയാണ്. മരിച്ചവരെ ഉയിർത്തെഴുന്നേല്പിച്ചവനിൽ അവൻ കാണുന്നത് തനിക്ക് ജീവനും ശക്തിയും പ്രദാനം ചെയ്യുന്ന രക്ഷകനെയാണ്. ദരിദ്രർക്കും നിന്ദിതർക്കും പശ്ചാത്തപിക്കുന്ന പാപികൾക്കും സ്വന്തം ഹൃദയവും കൈകളും നീട്ടിക്കൊടുത്ത ക്രിസ്തു തന്നെ അന്വേഷിക്കുന്നവർക്കുവേണ്ടി സ്വർഗ്ഗത്തിലെ രാജാധികാരത്തിന്റെ മുമ്പിൽ ഫലപ്രദമായി ശുപാർശ പറയും. മൂന്നാംനാളിൽ ശവക്കല്ലറയിൽ നിന്നും ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിൽ ഒരു മനുഷ്യൻ കാണുന്നത് അവന്റെ ഹൃദയത്തിൽ നിന്നും മരണഭയത്തെ പിഴുതെടുക്കുകയും മരണശയ്യ ജീവിത ശയ്യയാക്കി മാറ്റുകയും ചെയ്യുന്ന ഒരു രക്ഷകനെയാണ്. നരകത്തിന്റെ പുറംവിജയത്തെ പരാജയമാക്കി മാറ്റുന്നതും ഇരുണ്ട ശവക്കല്ലറയുടെ കവാടത്തെ സ്വർഗ്ഗതേജസ്സിന്റെ അസാധാരണമായ ആനന്ദത്തിന്റെ കവാടമാക്കി മാറ്റുന്നതും അവൻ ക്രിസ്തുവിൽ കണ്ടെത്തുന്നു.

ദൈവത്താൽ ഉയർത്തപ്പെടുകയും ലോകത്തിന്റെ വെളിച്ചമാക്കി നിയോഗിക്കപ്പെടുകയും ചെയ്തിട്ടുള്ള രക്ഷകന്റെ അനിവാര്യ ഗുണമാണ് അധികാരം അഥവാ ആധികാരികത്വം എന്ന് നാം മനസ്സിലാക്കുന്നു. യേശുക്രിസ്തുവിനല്ലാതെ മറ്റാർക്കും ഈ നക്ഷത്രത്തെ വലംകൈയിൽ പിടിക്കാൻ സാധ്യമല്ല.

## 4. ആരാധിക്കപ്പെടാനുള്ള അവകാശം

നാലാമത്തെ നക്ഷത്രം ക്രിസ്തുവിന്റെ ആരാധിക്കപ്പെടാനുള്ള അവകാശത്തെ കാണിക്കുന്നു. തന്നെ ആരാധിക്കുന്നതിനെ വിലക്കുന്ന ഏതൊരു വ്യക്തിയും താൻ ആരാധനക്കർഹനല്ലെന്ന് തെളിയിക്കുകയാണ് ചെയ്യുന്നത്. സൽപ്രവൃത്തികളിൽ ഒന്നാമനായി നില്ക്കുകയും താൻ സ്വർഗ്ഗത്തിൽ നിന്നിറങ്ങിവന്ന ഏക ദൈവപുത്രനാണെന്ന് പ്രഖ്യാപിക്കുകയും തനിക്കർപ്പിക്കപ്പെട്ട ആദരാഞ്ജലികളും ആരാധനകളും സ്വീകരിക്കുകയും ചെയ്യുന്ന ഒരു വ്യക്തി സാധാരണ മനുഷ്യനാവില്ല. ഏത് മനുഷ്യനെയും താൻ അതാവർത്തിക്കുന്നുണ്ടെന്ന അവന്റെ അവകാശവാദം ശരിയാണെന്നതിന്റെ തെളിവാണിത്. തനിക്ക് ആവർത്തിച്ച് നല്കപ്പെട്ട ആരാധനയെ ക്രിസ്തു സ്വീകരിച്ചതിന്റെ അർത്ഥം ഇതാണെന്നതിൽ സംശയമില്ല.

ഏതെങ്കിലും ദൂതനോ പ്രവാചകനോ മാലാഖയോ ആരാധന സ്വീകരിക്കാമെന്ന് സമ്മതിക്കുകയോ ദൈവത്തിന് മാത്രം നല്കപ്പെടേണ്ട സ്ഥാനപ്പേരുകൾ ആവശ്യപ്പെടുകയോ ചെയ്യിട്ടില്ലെന്ന് നമുക്കറിയാം. എന്നാൽ, അത്യുന്നതമായ അറിവും വലിയ വിനയവും ദൈവവുമായി അടുത്ത ആത്മബന്ധവുമുള്ള ക്രിസ്തു ദൈവത്തെ മാത്രമാണ് ആരാധിക്കേണ്ടതെന്നത് സമ്മതിച്ചിട്ടുണ്ടെങ്കിലും തന്റെ ശിഷ്യന്മാർ തനിക്ക് നല്കിയ ആരാധന ഒരിക്കലും തിനസ്ക്കരിച്ചിട്ടില്ല. "എന്റെ കർത്താവും ദൈവവും" (യോഹന്നാൻ 20:28) എന്നിങ്ങനെ ഒരു മനുഷ്യൻ തന്നെ സംബോധന ചെയ്തപ്പോഴും, "കർത്താവേ, അവിടുന്ന് എല്ലാം അറിയുന്നു" (യോഹന്നാൻ

21:17) എന്ന് മറ്റൊരു അപ്പോസ്തലൻ പറഞ്ഞപ്പോഴും ക്രിസ്തു ഒരിക്കലും അവരെ അധിക്ഷേപിച്ചില്ല.

നസ്റേത്ത് ഗ്രാമത്തിലെ ഒരു മരപ്പണിക്കാരനാണ് അവനെന്ന് ജനങ്ങൾക്കറിയാമായിരുന്നു. അന്നോ ഭാവിയിലോ അവന് ഭൂമിയിലൊരു രാജ്യം ഉണ്ടാവുമെന്ന് ആരും പ്രതീക്ഷിച്ചിരുന്നുമില്ല. എന്നാൽ, അവൻ യെരൂശലേമിലേക്ക് ചെന്നപ്പോൾ ജനം അവനെ സ്വാഗതം ചെയ്തതിപ്രകാരമായിരുന്നു: "കർത്താവിന്റെ നാമത്തിൽ വരുന്നവൻ വാഴ്ത്തപ്പെട്ടവൻ; സ്വർഗ്ഗത്തിൽ സമാധാനവും അത്യുന്നതങ്ങളിൽ മഹത്വവും എന്നു പറഞ്ഞു" (ലൂക്കൊസ് 19 : 38).

ഈ സംഭവത്തെയാണ് ശത്രുക്കൾ അദ്ദേഹത്തെ ക്രൂശിക്കാനുള്ള കാരണമായെടുത്തത്. സീസറുടെ സിംഹാസനം കൊതിക്കുന്ന ഒരു പ്രക്ഷോഭകാരിയായി അദ്ദേഹത്തെ, അവർ റോമാ ഗവർണ്ണർ മുമ്പാകെ കുറ്റപ്പെടുത്തി. "നീ യഹൂദന്മാരുടെ രാജാവാണോ?" (യോഹന്നാൻ 18:33) എന്ന് ഗവർണ്ണർ ചോദിച്ചപ്പോൾ അദ്ദേഹത്തിന്റെ മറുപടി ഇതായിരുന്നു: "എന്റെ രാജ്യം ഈ ലോകത്തല്ല" (യോഹന്നാൻ 18:36). പിന്നീട് പീലാത്തോസ് എന്താണ് ചെയ്തതെന്നും സുവിശേഷം രേഖപ്പെടുത്തുന്നുണ്ട്. "പീലാത്തോസ് ഒരു മേലെഴുത്തും എഴുതി ക്രൂശിന്മേൽ പതിപ്പിച്ചു; അതിൽ: നസറായനയ യേശു യെഹൂദന്മാരുടെ രാജാവു എന്നു എഴുതിയിരുന്നു. യേശുവിനെ ക്രൂശിച്ച സ്ഥലം നഗരത്തിനു സമീപം ആകായാൽ അനേകം യെഹൂദന്മാർ ഈ മേലെഴുത്തു വായിച്ചു അതു എബ്രായ റോമ യവന ഭാഷകളിൽ എഴുതിയിരുന്നു" (യോഹാന്നാൻ 19 : 19-20).

ഇതുപോലൊന്ന് ഒരു കാലത്തും ഒരു പ്രവാചകനോടും ദൂതനോടും ചെയ്തിട്ടില്ല. പാപമോചനം തന്റെ മാത്രം അധികാരമാക്കിവെക്കുകയും മനുഷ്യരെ അവനിൽ വിശ്വസിക്കാൻ വേണ്ടി എപ്പോഴും ക്ഷണിക്കുകയും ചെയ്ത യേശു ക്രിസ്തുവിന്റെ പ്രവൃത്തിയും മറ്റാരിലും കാണാൻ കഴിയില്ല. "അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരും ആയുള്ളോരെ

എല്ലാവരും എന്റെ അടുക്കൽ വരുവിൻ; ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും" (മത്തായി 11:28).

മതപരമായ വിഷയങ്ങളിൽ സാധാരണ ചെയ്യാറുള്ളതു പോലെ ബഹുവചനത്തിൽ "ഞങ്ങൾ" എന്ന് ഉപയോഗിക്കാതെ "ഞാൻ" എന്ന് തന്നെയാണ് ക്രിസ്തു എപ്പോഴും ഉപയോഗിച്ചത്. മതപരമായ ആധികാരികത്വത്തിൽ അദ്ദേഹം മനുഷ്യരെപ്പോലെ ആയിരുന്നില്ലെന്നാണ് ഇത് തെളിയിക്കുന്നത്. അദ്ദേഹം ഒരിക്കലെങ്കിലും ദൈവത്തോടു മാപ്പിരക്കുകയോ പശ്ചാത്തപിക്കുകയോ പാപം ഏറ്റുപറയുകയോ ചെയ്തിട്ടില്ലെന്നതും അദ്ദേഹത്തിന്റെ അനുപമ സ്ഥാനത്തെ തെളിയിക്കുന്നു.

ആരാധന സ്വീകരിക്കാനും മനുഷ്യവർഗ്ഗത്തിന്റെ നേതാവായിരിക്കാനുമുള്ള അവകാശങ്ങൾ ഈ നക്ഷത്രത്തിൽ നിന്നും പ്രകാശിക്കുന്നു. ഭൂമിയിലെ എല്ലാ സ്ഥലത്തും എല്ലാ കാലത്തുമുള്ള മനുഷ്യരെ അവരുടെ ഭാഷയും സമ്പ്രദായവും വിശ്വാസവും പ്രശ്നമാക്കാതെ നയിക്കാനുള്ള ഒരു നേതാവിനെയാണ് മനുഷ്യവർഗ്ഗത്തിന് ആവശ്യം. പാപത്തിന്റെയും അന്ധകാരത്തിന്റെയും യാതനകളിൽനിന്ന് വിശുദ്ധിയുടെയും സമാധാനത്തിന്റെയും പറുദീസയിലേക്ക് മനുഷ്യവർഗ്ഗത്തെ നയിക്കാൻ യേശുക്രിസ്തുവിനു മാത്രമേ കഴിയൂ. അധികാരസ്വരത്തിലുള്ള അദ്ദേഹത്തിന്റെ വചനങ്ങൾ കാണുക: "യേശു പിന്നെയും അവരോടു സംസാരിച്ചു: ഞാൻ ലോകത്തിന്റെ വെളിച്ചം ആകുന്നു; എന്നെ അനുഗമിക്കുന്നവൻ ഇരുളിൽ നടക്കാതെ ജീവന്റെ വെളിച്ചമുള്ളവൻ ആകും എന്നു പറഞ്ഞു" (യോഹന്നാൻ 8:12).

സ്വർഗ്ഗത്തിൽ നിന്നിറങ്ങിവരികയും ശക്തിയും അധികാരവും ആദരിക്കപ്പെടാനുള്ള അവകാശം കിട്ടുകയും ചെയ്തിട്ടുള്ള ഈ നേതാവ് മാത്രമാണ് മുഴുവൻ ലോകത്തിന്റെയും സാർവ്വത്രികവും ശാശ്വതവുമായ നേതൃത്വം. ക്രിസ്തുവിന് ആദരാഞ്ജലികൾ അർപ്പിക്കുന്നവരുടെ മാതൃക പിൻപറ്റാൻ മനുഷ്യരെ പ്രേരിപ്പിക്കുകയാണ് രക്ഷകന്റെ വലംകയ്യിലുള്ള ഈ നക്ഷത്രം. സത്യസന്ധതയു

ടെയും വിനയത്തിന്റെയും ലാളിത്യത്തിന്റെയും സഹിഷ്ണു തയുടേയും മാതൃകയാണെന്നതിനാൽ അവന് മാത്രമെ ആരാധനകൾ സ്വീകരിക്കുവാനുള്ള അർഹതയുള്ളു എന്ന് മനുഷ്യർക്കറിയാം. അവനോടു പ്രാർത്ഥിക്കുമ്പോൾ ഈ മനു ഷ്യർക്ക് അനുപമമായ ആനന്ദമുണ്ടാവുന്നു. കാരണം, പ്രലോഭനങ്ങളും ദുരിതങ്ങളും നിറഞ്ഞ മനുഷ്യപ്രകൃതിയെ അവരോടൊപ്പം പങ്കിടാനും അവരുടെ ദൗർബല്യങ്ങളെ അവ രോടടുത്ത് നിന്ന് കണ്ടറിയാനും അവനു കഴിയും. ഭക്ത്യാദര ങ്ങളുടെ ഈ നക്ഷത്രം യേശുക്രിസ്തുവിന്റെ വലം കയ്യില ല്ലാതെ മറ്റാരുടെയും പക്കലുമില്ല.

## 5. ക്രിസ്തുവിന്റെ സർവ്വസാന്നിധ്യം

എവിടെയും എന്നുമുള്ള ക്രിസ്തുവിന്റെ സാന്നിധ്യ ത്തെയാണ് അഞ്ചാമത്തെ നക്ഷത്രം പ്രതിനിധീകരിക്കുന്നത്. തന്നിൽ വിശ്വസിക്കുന്നവന്റെ കൂടെ താൻ എന്നും എവി ടെയും ആത്മീയമായും യഥാർത്ഥമായും ഉണ്ടായിരിക്കു മെന്നും തന്റെ ആത്മാവിനാൽ ഇരുണ്ട ഹൃദയങ്ങളെ പ്രകാ ശിപ്പിക്കുമെന്നും ക്രിസ്തു പലപ്പോഴും പ്രഖ്യാപിച്ചിരുന്നു. അവൻ മുഴുവനും സത്യമായതിനാൽ ഈ വാഗ്ദാനം അവനെ മുഴുവൻ ലോകത്തിന്റെ വെളിച്ചമായും തന്നിൽ വിശ്വസിക്കുന്നവരുടെ മുഴുവൻ ജീവിക്കുന്ന നേതാവായും ഇരിക്കാൻ യോഗ്യനാക്കുന്നു.

അനുയായികളോടൊപ്പം എവിടെയും അനുഭവപ്പെടുന്ന ക്രിസ്തുവിന്റെ സാന്നിധ്യത്തിന്റെ നക്ഷത്രം അവന്റെ അമാ നുഷികമായ അറിവിനെ പ്രകാശിപ്പിക്കുന്നു. പ്രവചനങ്ങളുടെ പൂർത്തീകരണമെന്നോണം സ്വർഗ്ഗത്തിൽ നിന്നിറങ്ങിവരി കയും അധികാരം കിട്ടുകയും ആരാധിക്കപ്പെടുകയും ചെയ്യു ന്നവനിൽ, ഈ അറിവ് ഒരനിവാര്യ ഗുണമാണ്. അത്തരം പ്രത്യേകാധികാരങ്ങളുള്ള ഒരു വ്യക്തിയുടെ സാന്നിധ്യം ആ വ്യക്തിയുടെ അനുപമ വിജ്ഞാനത്തെ സംബന്ധിച്ച സംബ ന്ധിച്ച സംശയത്തെ ദൂരീകരിക്കുകയും ചെയ്യുന്നു. ക്രിസ്തു വിനെപ്പറ്റി സുവിശേഷം പറയുന്നു: “യേശുവോ എല്ലാവ

രെയും അറികകൊണ്ടു തന്നെത്താൻ അവരുടെ പക്കൽ വിശ്വസിച്ചേല്പിച്ചില്ല. മനുഷ്യനിലുള്ളതു എന്തു എന്നു സ്വതവേ അറിഞ്ഞിരിക്കയാൽ തനിക്കു മനുഷ്യനെക്കുറിച്ചു യാതൊരുത്തന്റെയും സാക്ഷ്യം ആവശ്യമായിരുന്നില്ല" (യോഹ. 2:24,25). മറ്റൊരിടത്ത് പറയുന്നു: "യേശുവോ അവരുടെ നിരൂപണം ഗ്രഹിച്ചു: നിങ്ങൾ ഹൃദയത്തിൽ ദോഷം നിരൂപിക്കുന്നത് എന്ത്?" (മത്തായി 9:4). ശിഷ്യന്മാരും പറഞ്ഞു: "അതിനു അവന്റെ ശിഷ്യന്മാർ: ഇപ്പോൾ നീ സദൃശം ഒന്നും പറയാതെ സ്പഷ്ടമായി സംസാരിക്കുന്നു. നീ സകലവും അറിയുന്നു എന്നും ആരും നിന്നോടു ചോദിപ്പാൻ നിനക്ക് ആവശ്യം ഇല്ല എന്നും ഞങ്ങൾ ഇപ്പോൾ അറിയുന്നു. ഇതിനാൽ നീ ദൈവത്തിന്റെ അടുക്കൽ നിന്നു വന്നിരിക്കുന്നു എന്നു ഞങ്ങൾ വിശ്വസിക്കുന്നു എന്നു പറഞ്ഞു" (യോഹാന്നാൻ 16 : 29-30).

അത്തരം അലംഘനീയ സാന്നിധ്യം ഏതെങ്കിലും പ്രവാചകനോ ദൂതനോ ആരും ആരോപിച്ചിട്ടുമില്ല; ആരും സ്വയം അവകാശപ്പെടുകയും ചെയ്തിട്ടില്ല. ഇത് യേശുക്രിസ്തുമാത്രം ഉയർത്തിപ്പിടിക്കുന്ന ഒരു ഉജ്ജ്വലതാരമാണ്.

## 6. മരണവും ഉയിർത്തെഴുന്നേല്പും

യേശുവിന്റെ മരണത്തെയും പുനരത്ഥാനത്തെയും പ്രതിനിധീകരിക്കുന്നതാണ് ആറാമത്തെ നക്ഷത്രം. യേശുക്രിസ്തു ഈ ലോകത്തിൽ വന്നതിന്റെ മുഖ്യ ഉദ്ദേശ്യം മനുഷ്യവർഗ്ഗത്തിനുവേണ്ടി, അവരുടെ പാപങ്ങൾ പ്രായശ്ചിത്തം ചെയ്തുകൊണ്ട് മരിക്കുകയും പശ്ചാത്തപിക്കുന്നവർക്ക് മോക്ഷത്തിന്റെയും സ്വർഗ്ഗത്തിന്റെയും കവാടം തുറന്നുകൊടുക്കുകയുമായിരുന്നു. അദ്ദേഹം പറഞ്ഞു: "മനുഷ്യപുത്രൻ ശുശ്രൂഷ ചെയ്യിപ്പാനല്ല ശുശ്രൂഷിപ്പാനും അനേകർക്കുവേണ്ടി തന്റെ ജീവനെ മറുവിലയായി കൊടുപ്പാനും വന്നതുപോലെ തന്നേ എന്നു പറഞ്ഞു" (മത്തായി 20 : 28). താൻ അടുത്തു തന്നെ ക്രൂശിക്കപ്പെടുമെന്നും അദ്ദേഹം പറഞ്ഞു: "മനുഷ്യപുത്രൻ ശുശ്രൂഷ ചെയ്യിപ്പാനല്ല ശുശ്രൂഷിപ്പാനും അനേകർക്കുവേണ്ടി തന്റെ ജീവനെ മറുവിലയായി കൊടുപ്പാനും വന്നതു

പോലെ തന്നേ എന്നു പറഞ്ഞു" (മത്തായി 20 : 28). താൻ അടുത്തുതന്നെ ക്രൂശിക്കപ്പെടുമെന്നും അദ്ദേഹം പറഞ്ഞു: "മോശെ മരുഭൂമിയിൽ സർപ്പത്തെ ഉയർത്തിയതുപോലെ മനുഷ്യപുത്രനേയും ഉയർത്തേണ്ടതാകുന്നു. അവനിൽ വിശ്വസിക്കുന്ന ഏവനും നിത്യജീവൻ പ്രാപിക്കേണ്ടതിനു തന്നേ" (യോഹന്നാൻ 3 : 14,15).

തന്റെ കുരിശ്മരണത്തിനുമുമ്പ് യേശു തന്റെ കുരിശ്മരണത്തിലൂടെയുള്ള മോചനത്തെപ്പറ്റി ഇടയ്ക്കിടെ സംസാരിക്കാറുണ്ടായിരുന്നു. കുരിശ് മരണം തന്നെപ്പറ്റിയുള്ള ചില പ്രവചനങ്ങളെ പൂർത്തീകരിക്കുമെന്നും അദ്ദേഹം പ്രഖ്യാപിച്ചു. ചില പ്രവചനങ്ങൾ ശ്രദ്ധിക്കുക: "തന്നെത്താൻ താഴ്ത്തി വായെ തുറക്കാതെയിരുന്നിട്ടും അവൻ പീഡിപ്പിക്കപ്പെട്ടു; കൊല്ലുവാൻ കൊണ്ടുപോകുന്ന കുഞ്ഞിടിനെപ്പോലെയും രോമം കത്രിക്കുന്നവരുടെ മുമ്പാകെ മിണ്ടാതെയിരിക്കുന്ന ആടിനെപ്പോലെയും അവൻ വായെ തുറക്കാതിരുന്നു" (യെശയ്യാവ് 53:7) "എന്നാൽ അവനെ തകർത്തുകളവാൻ യഹോവയ്ക്കു ഇഷ്ടം തോന്നി; അവൻ അവന്നു കഷ്ടം വരുത്തി; അവന്റെ പ്രാണൻ ഒരു അകൃത്യ യാഗമായി ത്തീർത്തിട്ടു അവൻ സന്തതിയെ കാണുകയും ദീർഘായുസ്സു പ്രാപിക്കയും യഹോവയുടെ ഇഷ്ടം അവന്റെ കയ്യാൽ സാധിക്കയും ചെയ്യും" (യെശയ്യാവു 53 : 10).

ക്രിസ്തുവിന്റെ പ്രായശ്ചിത്ത മരണം, മൂന്നാം നാളിലെ മഹത്വപൂർണ്ണവും അനുപമവുമായ ഉയിർത്തെഴുന്നേല്പുമായി അഭേദ്യമായി ബന്ധപ്പെട്ടു കിടക്കുന്നു. മരണത്തിൽനിന്നും എണീറ്റ് വന്ന, മറ്റുള്ളവരിൽനിന്നും തികച്ചും വ്യത്യസ്തമാണിത്. അദ്ദേഹത്തിന്റെ ജീവിതലക്ഷ്യം അദ്ദേഹത്തിന്റെ ഉയിർത്തെഴുന്നേല്പിലൂടെ സ്ഥിരീകരിക്കപ്പെട്ടു. ഇത് അദ്ദേഹം തന്നെ ജീവിതകാലത്ത് വ്യക്തമാക്കിയിരുന്നു. തന്റെ കുരിശ്മരണത്തെ പ്രവചിക്കുന്നതിൽ (ഇതായിരുന്നു അദ്ദേഹം സ്വർഗ്ഗത്തിൽ നിന്ന് വന്നതിൽ ഉദ്ദേശ്യം) അദ്ദേഹം നിസ്തുലനായിരുന്നതുപോലെത്തന്നെ തന്റെ ഉയിർത്തെഴുന്നേല്പിലും അദ്ദേഹം നിസ്തുലനായിരുന്നു. ഈ രണ്ട് സംഭ

വങ്ങളിലും ഒരു പ്രവാചകനോ ദൂതനോ അദ്ദേഹത്തെപ്പോലെ ഇല്ല എന്നതാണ് ഇതിന് കാരണം.

പ്രായശ്ചിത്ത മരണത്തിന്റെയും ഉയിർത്തെഴുന്നേല്പിന്റെയും നക്ഷത്രത്തിൽനിന്നും അദ്ദേഹത്തിന്റെ അനന്തമായ സ്നേഹം പ്രകാശിക്കുന്നു. ഈ ആറാമത്തെ നക്ഷത്രമില്ലെങ്കിൽ പാപികളായ മനുഷ്യരെ സംബന്ധിച്ചിടത്തോളം മുൻപറഞ്ഞ നക്ഷത്രങ്ങൾക്ക് ഒരു വിലയുമില്ല. യേശുക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണവും പരമാധികാരവും പ്രവചനത്തിന്റെ സാക്ഷാത്ക്കാരവും ആരാധന ഏറ്റ് വാങ്ങലും സാർവ്വത്രിക സാന്നിധ്യവുമെല്ലാം അവർക്കൊത്ത സ്നേഹവുമായി ഘടിപ്പിക്കപ്പെടുന്നില്ലെങ്കിൽ, പാപികളായ മനുഷ്യരെ ഭയപ്പെടുത്തുകയും ന്യായം വിധിക്കുകയും ശിക്ഷിക്കുകയും ചെയ്യുന്നവയാക്കേണ്ടി വരും. സാധാരണ മനുഷ്യസ്നേഹം അന്ധകാരമയമായ ലോകത്തിന് വെളിച്ചം നല്കുന്നില്ല. എന്നാൽ, മുൻപറഞ്ഞ ഗുണങ്ങൾ പാപികളായ മനുഷ്യരോടുള്ള നിസ്സീമ സ്നേഹത്തോടുകൂടി ചേർന്ന് മനുഷ്യരെ പാപത്തിൽ നിന്നും അങ്ങനെ, നിത്യമായ നാശത്തിൽ നിന്നും രക്ഷിക്കാനുള്ള അനിവാര്യ വ്യവസ്ഥകളൊക്കെ തികഞ്ഞ വ്യക്തിയിൽ നിവസിക്കുന്നതിനാൽ ആ വ്യക്തി മാത്രമാണ് ലോകത്തിന്റെ വെളിച്ചമായിരിക്കാൻ യോഗ്യൻ.

ക്രിസ്തുവിന്റെ മഹത്വമല്ല ക്രിസ്ത്യൻ വിശ്വാസത്തിന്റെ ഏറ്റവും വലിയ സ്തംഭം. കാരണം, മഹത്വം സ്വയം പ്രകാശിക്കുന്നില്ല. ഉദാഹരണമായി ചുരുങ്ങി വരുന്ന ചന്ദ്രൻ അതിന്റെ മുഴുവൻ തേജസ്സോടുംകൂടിയാണ് നമ്മുടെ തലയ്ക്കുമീതെ സഞ്ചരിക്കുന്നതെങ്കിലും അത് ലോകത്തിന് വെളിച്ചം നല്കുന്നില്ല. സൂര്യന്റെ വെളിച്ചം രാത്രിയിൽ മറഞ്ഞുപോകുന്നുണ്ടെങ്കിലും അതിന്റെ മഹത്വത്തിന് ഒരു കോട്ടവും പറ്റുന്നില്ലെന്നും നമുക്കറിയാം. യേശുക്രിസ്തു ലോകത്തിന്റെ വെളിച്ചമാകുന്നത് അദ്ദേഹത്തിന്റെ സൽഗുണങ്ങളും മാതൃകകളും അധ്യാപനങ്ങളും കൊണ്ടാണ്. ഇവയെ അക്ഷമാക്കിയാണ് ദൈവത്തോടും അയൽവാസികളോടുമുള്ള സ്നേഹവും ശത്രുവിനോടുപോലുമുള്ള സ്നേഹവും കറങ്ങുന്നത്.

ശത്രുവിനുവേണ്ടി മരിക്കാൻപോലും പ്രേരിപ്പിക്കുന്ന ഈ സ്നേഹത്തിന്റെ വെളിച്ചം ഉത്ഭവിക്കുന്നത് യേശുക്രിസ്തുവിന്റെ പ്രായശ്ചിത്ത മരണത്തിന്റെയും ഉയിർത്തെഴുന്നേല്പിന്റെയും നക്ഷത്രത്തിൽ നിന്നാണ്. അദ്ദേഹത്തിന്റെ കയ്യിൽ മാത്രമാണ് ഈ നക്ഷത്രമുള്ളത്.*

## 7. ക്രിസ്തുവിന്റെ ദിവ്യപ്രകൃതി

ഏഴാമത്തെ നക്ഷത്രം ക്രിസ്തുവിന്റെ ദിവ്യ പ്രകൃതിയെ പ്രതിനിധീകരിക്കുന്നു. മുൻപറഞ്ഞ ആറ് നക്ഷത്രങ്ങളും ഏഴാമത്തെ നക്ഷത്രത്തിന്റെ വഴിയൊരുക്കുന്നതും ഇതുമായി അഭേദ്യമായി ബന്ധപ്പെട്ട് കിടക്കുന്നതുമാണ്. യേശുക്രിസ്തുവിന്റെ കന്യകാജനനം അദ്ദേഹത്തിന്റെ ദിവ്യപ്രകൃതിക്കുള്ള വാദമോ തെളിവോ അല്ലെന്ന് അപ്രകാരം വിശ്വസിക്കുന്ന ക്രിസ്ത്യാനികൾക്കും മുസ്ലീംകൾക്കും അറിയാം. എന്നാൽ, അത് ആ പ്രകൃതിയുടെ ഉപാധിയാണ്. അദ്ദേഹം മനുഷ്യനായിരുന്നുവെന്നും പിന്നീട് ദൈവമായിത്തീർന്നുവെന്നുമല്ല ഇതിന്റെ അർത്ഥം. ഇത് സാധ്യമല്ലെന്ന് മാത്രമല്ല, അത്തരം അധ്യാപനം അവിശ്വാസവുമായിരിക്കും. കന്യകാജനനത്തിലൂടെ മനുഷ്യപ്രകൃതി പൂണ്ടുവന്ന് എല്ലാ നിത്യതയിൽ നിന്നും ശരിയായ ദിവ്യപ്രകൃതി കിട്ടുകയാണുണ്ടായത്. ഈ വിധം ദൈവത്തിന്റെ ഏകത്വമെന്ന യാഥാർത്ഥ്യത്തെ ലംഘിക്കുന്നില്ല.

ക്രിസ്തുദേവനും ദൈവപുത്രനുമെന്ന സിദ്ധാന്തം ശക്തമായൊരു പ്രഖ്യാപനമാണ്. ശക്തമായ വാദങ്ങളും ബോധ്യപ്പെടുത്തുന്ന തെളിവുകളുമില്ലാതെ അതിൽ വിശ്വസിക്കാൻ സാദ്ധ്യമല്ല. യേശുക്രിസ്തുവിന്റെ അത്യുന്നത സ്ഥാനവും പരിപൂർണ്ണഗുണവിശേഷങ്ങളും കാരണമായി

---

*ഒരു ക്രിസ്ത്യൻ വിശ്വാസത്തിൽ, ബലിക്കും രക്തം ചിന്തുന്നതിനുമുള്ള പ്രസക്തിയുടെ ഫലം തന്നെയാണ് അറഫാ മലയിലെ ബലിയും ബലിപെരുന്നാളിലെ അതിന്റെ അനുസ്മരണവും. ഇത് രണ്ട് വിശ്വാസങ്ങളെയും ബന്ധിപ്പിക്കുന്ന ശക്തമായ കണ്ണിയാണ്.

തന്നെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ അവകാശവാദങ്ങളാണ് ഏറ്റവും പ്രബലവും സാധ്യവുമായ തെളിവ്. താൻ ദൈവപുത്രനാണെന്നല്ല ദൈവത്തിന്റെ ഏകപുത്രനാണെന്നാണ് അദ്ദേഹം പ്രഖ്യാപിക്കുന്നത്. ദൈവം തീർത്തും ആത്മാവായതിനാൽ, ക്രിസ്തുവിന്റെ ദൈവപുത്രത്വം തീർത്തും ആത്മീയമാണ്. ഇത് ഭൗതികാർത്ഥത്തിലാണെന്നതിന്റെ ഒരു സൂചനയുമില്ലാത്തതിനാൽ നാം ദൈവത്തിന്റെ ആത്മീയതയും ഏകത്വവും ലംഘിക്കുന്ന പ്രശ്നമേയില്ല.

"ദൈവത്തിന്റെ ഏകപുത്രൻ" എന്ന അറബി വാക്യത്തിന് സുവിശേഷം ആദ്യമായി എഴുതപ്പെട്ട ഗ്രീക്ക് ഭാഷയിലുള്ള പരിഭാഷ "ദൈവത്തിന്റെ ഏകജാതനായ പുത്രൻ" എന്നാണ്. ദൈവത്തിന്റെ മക്കളായി അറിയപ്പെടുന്നവരിൽ യേശുക്രിസ്തുവിന്റെ സ്ഥാനം അനന്യമാണെന്ന് ഇതിൽ നിന്നും വ്യക്തമാണ്. കാരണം, ഇവരുടെയെല്ലാം പുത്രത്വം ദത്തെടുക്കലിലൂടെയാണ്, ജനനത്തിലൂടെയല്ല. രണ്ടായാലും ആത്മീയ പുത്രത്വം തന്നെയാണ്.

സുവിശേഷപ്രകാരം ആ പദത്തിന്റെ മുഴുവൻ അർത്ഥത്തിലും യേശുക്രിസ്തു ദൈവത്തിന്റെ പുത്രനാണ്. അദ്ദേഹം എല്ലാ അർത്ഥത്തിലും മനുഷ്യപുത്രനുമാണ്. ക്രിസ്തു മനുഷ്യപുത്രനാണെന്നത് അദ്ദേഹം ഇതര മനുഷ്യപുത്രന്മാരെപ്പോലെ അല്ല എന്നതിന്റെ പ്രധാന സൂചനയാണ്. അങ്ങനെയെങ്കിൽ അവനെ ദൈവപുത്രനെന്ന് ആവർത്തിച്ച് വിളിക്കേണ്ട ആവശ്യമുണ്ടാവില്ലായിരുന്നു. സുവിശേഷത്തിലെ വചനങ്ങൾ ക്രിസ്തുവിന്റെ ശിഷ്യന്മാരുടേത് മാത്രമാണെന്ന് ആരെങ്കിലും വാദിക്കുകയാണെങ്കിൽ, ഇത് കൂടുതൽ പ്രബലമായ തെളിവാണ് നല്കുക. ദൈവപുത്രൻ എന്നതിനേക്കാൾ മനുഷ്യപുത്രൻ എന്ന അവകാശവാദത്തിലായിരുന്നു ക്രിസ്തുവിന്റെ ശിഷ്യന്മാരുടെ താല്പര്യമെന്ന് ചിന്തിക്കാൻ ഇവിടെ ഒരടിസ്ഥാനവുമില്ല. മനുഷ്യർതന്നെ മനുഷ്യപുത്രനായി അറിയണമെന്ന് ക്രിസ്തു ആഗ്രഹിക്കാൻ കാരണമുണ്ടായിരുന്നു: അവരുടെ ഹൃദയങ്ങളെ സ്വാധീനിക്കാനും അവരുടെ വിശ്വാസം നേടിയെടുക്കാനും അദ്ദേഹത്തിന് അവ

രിലേക്കടുക്കേണ്ടതുണ്ടായിരുന്നു. അവർ അവനെ രക്ഷക നായി തേടിയെത്താൻ ഇതാവശ്യമായിരുന്നു.

യേശുക്രിസ്തു ദൈവപുത്രനാകുന്നത് തികച്ചും ആത്മീയാർത്ഥത്തിലാണെന്നും ഇതിൽ യാതൊരു ദൈവദൂഷ്യവുമില്ലെന്നും ആവർത്തിക്കട്ടെ. ദൈവത്തിന്റെ ഏകത്വത്തെ സംരക്ഷിക്കേണ്ടത് ഇതിന്റെ അനിവാര്യ വ്യവസ്ഥയാണ്. വിശ്വാസത്തിലെ ഈ വ്യവസ്ഥയെ അവഗണിക്കാൻ ഒരു വിഡ്ഢിക്കു മാത്രമേ കഴിയൂ. "യാതൊരു പങ്കുകാരനുമില്ലാത്ത അല്ലാഹു അല്ലാതെ മറ്റൊരു ദൈവവുമില്ല" എന്ന പ്രസ്താവനയെ മുറുകെപിടിക്കുന്നതിൽ ബുദ്ധിയും ആത്മാർത്ഥതയുമുള്ള ഒരു ക്രിസ്ത്യാനിയെയും, ഒരു മുസ്ലിമും വെല്ലുന്നില്ല. ".......അവൻ ഏകനായ ദൈവമാണ്. നിരാശ്രയനായ ദൈവം. അവൻ ജനിപ്പിച്ചവനോ ജനിച്ചവനോ അല്ല. അവനെപ്പോലെ ആരുമില്ല" (ഖുർ-ആൻ സൂറ. 112) എന്ന പ്രസ്താവനയുടെ സ്ഥിതിയും ഇത് തന്നെ.

പ്രസ്തുത പ്രസ്താവനകളെ ക്രിസ്ത്യൻ സിദ്ധാന്തമായ "പിതാവ് ദൈവമാണ്; പുത്രൻ ദൈവമാണ് ; പരിശുദ്ധാത്മാവ് ദൈവമാണ്" എന്ന പ്രസ്താവനയോട് പൊരുത്തപ്പെടുത്താൻ പ്രയാസമുള്ള മനുഷ്യവ്യക്തിത്വത്തിലെ ഏകത്വവും അതിന്റെ വിരുദ്ധവുമായി അറിയപ്പെടുന്നതിനെ ശ്രദ്ധിക്കണം. കാരണം, മനുഷ്യന് ഭൗതികവും ആത്മീയവുമായി രണ്ട് പ്രകൃതികളുണ്ട്. അവ ഓരോന്നും ഒരതിരുവരെ സ്വതന്ത്രമാണ്. ഒരാളെ സംബന്ധിച്ച പ്രസ്താവന ഒരേ സമയം ശരിയും തെറ്റുമാവാം. ഉദാഹരണമായി ഇന്നിന്നവൻ നശ്വരനാണ് കാരണം അവൻ വന്നത് മണ്ണിൽ നിന്നും, മടങ്ങുന്നത് മണ്ണിലേക്കുമാണ്. അവന് നശ്വരമായൊരു ആത്മാവുണ്ടെന്നും അവൻ എന്നെന്നും ജീവിക്കുമെന്നും പറയാറുണ്ട്. ഈ രണ്ട് പ്രസ്താവനകളും സത്യമാണ്. ഈ രണ്ട് പ്രസ്താവനകളിലും ഉണ്ടെന്ന് തോന്നുന്ന വൈരുദ്ധ്യം ഈ വ്യക്തിയടെ ഐക്യം ശരിയല്ലെന്ന് തെളിയിക്കുന്നുണ്ടോ?

പ്രവാചകനായ ദാവീദ് പാടുന്നു: "എൻ മനമേ, യഹോവയെ വാഴ്ത്തുക; അവന്റെ ഉപകാരങ്ങൾ ഒന്നും മറക്കരുത്"

(സങ്കീർത്തനങ്ങൾ 103:2). ഇവിടെ ഒരു വ്യക്തി ഒരേ സമയം സംസാരിക്കുന്നവനും സംസാരം കേൾക്കുന്നവനുമായി പ്രത്യക്ഷപ്പെടുമ്പോൾ അനിവാര്യമായ ഏകത്വത്തിൽ ദ്വിത്വം ഉണ്ടാകുന്നു. ഭാഷയുടെയും യുക്തിശാസ്ത്രത്തിന്റെയും നിയമങ്ങളനുസരിച്ച് അവർ രണ്ടാണെന്ന് തോന്നാം; എന്നാൽ അനുഭവവും ശരിയായ ചിന്തയുംവെച്ച് നോക്കുമ്പോൾ അവർ ഒരാൾ തന്നെയാണെന്ന് വരുന്നു.

പിതാവ്, പുത്രൻ പരിശുദ്ധാത്മാവ് എന്നിങ്ങനെ ഒരു ദൈവത്തിൽതന്നെ മൂന്ന് പേരുണ്ടെങ്കിൽ ഒരു തെളിവായിട്ടല്ല ഈ ഉദാഹരണം ഇവിടെ ഉദ്ധരിച്ചത്; ഒരു ക്രിസ്തുവിനു തന്നെ മനുഷ്യപ്രകൃതിയും ദൈവപ്രകൃതിയുമുണ്ടെന്ന് കാണിക്കാനുമല്ല. നേരെ മറിച്ച്, മനുഷ്യദ്വിത്വ പ്രകൃതി നാം അംഗീകരിക്കുന്നുണ്ടെന്നും മനുഷ്യന്റെ ദ്വിത്വ പ്രകൃതി സൃഷ്ടിയുടെ ഐക്യത്തെ നിഷേധിക്കുന്നില്ലെന്നും കാണിക്കാൻ വേണ്ടിയാണ്. യേശുവിലുള്ള ദ്വിത്വപ്രകൃതിയെയും ഐക്യപ്രകൃതിയെയും സംബന്ധിച്ചും മനുഷ്യനെ സ്വന്തം പ്രതിരൂപത്താൽ സൃഷ്ടിച്ച സ്രഷ്ടാവിന്റെ ഇതേ പ്രകൃതിയെ സംബന്ധിച്ചും ഇപ്രകാരം പറയുന്നതിലെന്താണ് തെറ്റ്?

ക്രിസ്ത്യാനികൾ ദൈവത്തോട് പങ്കാളികളെ ചേർക്കുന്നുവെന്ന മുസ്ലീംകളുടെ തെറ്റായ ആശയം ഒരു തെറ്റിദ്ധാരണയുടെ ഫലമാണ്. ദൈവത്തിന്റെ ഏകത്വം മതത്തിന്റെ അടിത്തറയാണ്. എന്നാൽ, ത്രിത്വസിദ്ധാന്തം ക്രിസ്തുവിന്റെ പുത്രത്വത്തെപ്പോലെത്തന്നെ ദൈവത്തിന്റെ ഏകത്വത്തെ തകർക്കാത്ത വിധത്തിലാണ് പരിഗണിക്കേണ്ടത്. കാരണം, യഹൂദരെയും ക്രിസ്ത്യാനികളെയും ഒരുപോലെ ബാധിക്കുന്ന ദൈവത്തിന്റെ പത്തു കല്പനകളിൽ ഒന്നാമത്തേതും ഏറ്റവും പ്രധാനപ്പെട്ടതും ദൈവത്തിന്റെ ഏകത്വമാണ്. "...... യഹോവയായ ഞാൻ നിന്റെ ദൈവം ആകുന്നു. ഞാനല്ലാതെ അന്യദൈവങ്ങൾ നിനക്കു ഉണ്ടാകരുത്" (പുറപ്പാട് 20 : 2-3).

ദൈവം മുഴുവൻ മനുഷ്യർക്കുമുള്ളതാണെങ്കിൽ, ദൈവത്തിന്റെ ഏകജാതപുത്രനെ സംബന്ധിച്ചും ഇത് സത്യ

മാവണം. ക്രിസ്തു ക്രിസ്ത്യാനികളുടെ മാത്രം മിശിഹാ അല്ല. ക്രിസ്ത്യാനികൾ അദ്ദേഹത്തെ സ്വന്തമാക്കുന്നത് സുവിശേഷപഠനത്തെ അവഗണിച്ചതിന്റെയും അതിലെ അധ്യാപനങ്ങൾ പ്രയോഗിക്കാത്തതിന്റെയും ഫലമായുണ്ടായ ഗുരുതരമായ തെറ്റാണ്. മറിയമിന്റെ പുത്രനായ യേശു എവിടെയും ഏത് കാലത്തെയും മുഴുവൻ മനുഷ്യരുടെയുമാണ്. അദ്ദേഹത്തെ സ്വീകരിക്കാൻ ആർക്കും അവകാശമുണ്ട്. അദ്ദേഹത്തിന്റെ ദൗത്യം സാർവ്വത്രികമാണ് ഇതെല്ലാം സുവിശേഷം സാക്ഷ്യപ്പെടുത്തുകയും വിശദീകരിക്കുയും ചെയ്യുന്നുണ്ട്.

മനുഷ്യനിർമ്മിതമായ ഏത് വെളിച്ചവും ഏതെങ്കിലും ഒരിടത്ത് ഒതുങ്ങി നില്ക്കുന്നതാണ്. എന്നാൽ, ദൈവനിർമ്മിത വെളിച്ചമാകട്ടെ സാർവ്വലൗകികവും മുഴുലോകത്തെയും പ്രകാശിപ്പിക്കുന്നതുമാണ്. അതുപോലെത്തന്നെ, ഒരു മനുഷ്യൻ തുടങ്ങിയ മതം അതിന്റെ നേതാവിനെ പരിമിതമാക്കുകയും അതിന്റെ ഗ്രന്ഥത്തെ ഒരു വിഭാഗം മനുഷ്യർക്കു മാത്രം ബാധകമാക്കുകയും ചെയ്യുന്നു. എന്നാൽ ദൈവപ്രചോദിതമായ മതം അങ്ങനെയല്ല. അത് സാർവ്വലൗകികവും മുഴുവൻ മനുഷ്യരെയും ഉൾക്കൊള്ളുകയും ചെയ്യുന്നു. ദൈവമതത്തിന് പരിധിയോ കുത്തകയോ ഇല്ല. ചുരുക്കത്തിൽ, യേശുക്രിസ്തു മനുഷ്യവർഗ്ഗത്തിന്റെ മോചകനും (തൗറാത്തും ഇഞ്ചീലും ഉൾപ്പെട്ട) ബൈബിൾ മനുഷ്യവർഗ്ഗത്തിന്റെ വഴികാട്ടിയുമാണ്.

ഈ പരിഷ്കൃത ലോകത്തിൽ കുറ്റാരോപണത്തിന് വിധേയനായ വ്യക്തി, ആരോപണം തെളിയിക്കുന്നതുവരെ നിരപരാധിയാണ്. അവൻ മുമ്പൊരിക്കലും അപരാധിയായി തെളിയിക്കപ്പെടാത്തവനും സൽസ്വഭാവിയുമാണെങ്കിൽ പ്രത്യേകിച്ചും. അതുപോലെ തന്നെ, സുവിശേഷം സത്യവും ആധികാരികവുമാണെങ്കിൽ മറിച്ച് തെളിവാക്കപ്പെടുന്നത് വരെ ഇത് തന്നെയായിരിക്കും അവസ്ഥ. പ്രത്യേകിച്ചും സുവിശേഷം എഴുതപ്പെട്ട ഒന്നാംനാൾ മുതൽ ഇന്നുവരെ അതിന് ലോകത്തിന്റെ മേലുള്ള സൽസ്വാധീനം ആർക്കും നിഷേധി

ക്കാനാവില്ല. ലോകത്തിലെ മിക്ക ജനവിഭാഗങ്ങളും അതിനെ അത്യാദരിച്ച് പോരുന്നുമുണ്ട്.

ബൈബിൾ പ്രമാണികവും യേശുക്രിസ്തു സത്യവുമാണെങ്കിൽ അദ്ദേഹത്തിന്റെ ദിവ്യപ്രകൃതിയെ നിഷേധിക്കുന്നവന് ഗുരുതരമായ പ്രശ്നം നേരിടേണ്ടിവരുന്നു. കാരണം, ആ നിഷേധം, ക്രിസ്തുവിനെ പ്രവാചകന്മാരുടെ നിരയിൽ നിന്ന് നീക്കുക മാത്രമല്ല ധാർമ്മികമായി നല്ല മനുഷ്യരിൽനിന്നും മാറ്റിനിർത്തി കള്ളന്മാരുടെയും ദൈവദൂഷ്യം പറയുന്നവരുടെയും കൂട്ടത്തിൽ ഉൾപ്പെടുത്തുകയുമാണ്. ഇതായിരുന്നു അദ്ദേഹത്തിന്റെ യഹൂദ സമകാലികർ ചെയ്തതും. ആ ധാരണയിലാണവർ അദ്ദേഹത്തിന് അന്നത്തെ നിയമപ്രകാരം മരണശിക്ഷ വിധിച്ചത്. നല്ല ബുദ്ധിയുള്ള ഏത് മതവിശ്വാസിയും ഈ ധാരണ ഇഷ്ടപ്പെടുകയില്ല. ക്രിസ്തുവിന്റെ ദൈവപ്രകൃതിയുടെ നക്ഷത്രം മുമ്പ് പറഞ്ഞ എല്ലാ നക്ഷത്രങ്ങളെയും പ്രകാശിപ്പിക്കുന്നു. അവയ്ക്ക് വെളിച്ചം കിട്ടുന്നത് ഈ നക്ഷത്രത്തിൽനിന്നാണ്. ഈ നക്ഷത്രത്തിൽ നിന്നു ക്രിസ്തുവിന്റെ പൂർണ്ണതയുടെ വെളിച്ചം പുറപ്പെടുന്നു.

മനുഷ്യനിലെ നന്മ എത്ര തന്നെ വളർന്നാലും, പൂർണ്ണത അവകാശപ്പെടാനാവില്ല. കാരണം പൂർണ്ണൻ ദൈവം മാത്രമാണ്. എന്നാൽ യേശുക്രിസ്തുവിൽ പൂർണ്ണത ആരോപിക്കുന്നത് അദ്ദേഹത്തിന്റെ ദിവ്യപ്രകൃതിയുടെ അടിസ്ഥാനത്തിലാണ്. ദൈവത്തിനു മാത്രമുള്ള പരിപൂർണ്ണതയെ ഇത് നിഷേധിക്കുന്നില്ല. അപ്പോസ്തലൻ പറഞ്ഞതുപോലെ: "അവൻ ജഡത്തിൽ വെളിപ്പെട്ടു; ആത്മാവിൽ നീതീകരിക്കപ്പെട്ടു; ദൂതന്മാർക്ക് പ്രത്യക്ഷനായി; ജാതികളുടെ ഇടയിൽ പ്രസംഗിക്കപ്പെട്ടു; തേജസ്സിൽ എടുക്കപ്പെട്ടു എന്നിങ്ങനെ ദൈവഭക്തിയുടെ മർമ്മം സമ്മതാംവണ്ണം വലിയതാകുന്നു" (തിമൊഥെയോസിനു പൗലോസ് എഴുതിയ ഒന്നാം ലേഖനം 3 : 16).

അദ്ദേഹത്തിന്റെ ദിവ്യപ്രകൃതിയും മറ്റ് ആറ് നക്ഷത്രങ്ങളും (സ്വർഗ്ഗാരോഹണം, ആഗമനത്തെ സംബന്ധിച്ച പ്രവചനങ്ങൾ, പരമാധികാരം, ആരാധിക്കപ്പെടാനുള്ള അവകാശം,

സർവ്വസാന്നിധ്യം, പ്രായശ്ചിത്ത മരണവും ഉയിർത്തെഴുന്നേല്പും) തമ്മിൽ അത്ഭുതാവഹമായ ഒരു പൊരുത്തമുണ്ട്. എല്ലാം ചൂണ്ടുന്നത് നിസ്തുലനും അനന്യനുമായവനിലേക്കുമാണ്. ദിവ്യ പ്രകൃതിയുടെ നക്ഷത്രം ക്രിസ്തുവിന്റെ പക്കൽ മാത്രമാണുള്ളത്.

ഈ ഏഴ് നക്ഷത്രങ്ങളിൽ നിന്നും നമുക്ക് വ്യക്തമാകുന്നത് യേശുക്രിസ്തു പ്രപഞ്ചമുണ്ടാകുന്നതിനു മുമ്പേയുണ്ടായിരുന്നു എന്നാണ്. അദ്ദേഹം വരുന്നതിനുമുമ്പുള്ള പ്രവചനങ്ങൾ നിരവധിയും വ്യക്തവും നിരന്തരവും വാക്കിലും പ്രവൃത്തിയിലും സ്വർഗ്ഗീയ ശക്തിയുള്ളവയുമാണ്. നന്മയുടെ അത്യുന്നത മാതൃകയായിരുന്നതിനാൽ അദ്ദേഹത്തിന് ഭക്ത്യാദരങ്ങൾ ലഭിച്ചപ്പോൾ അദ്ദേഹം അവ തിരസ്കരിച്ചില്ല. താൻ സർവ്വവ്യാപിയും നിത്യനുമായിരിക്കുമെന്ന് അദ്ദേഹം പ്രഖ്യാപിച്ചു. മനുഷ്യവർഗ്ഗത്തിന്റെ പാപങ്ങൾക്ക് പ്രായശ്ചിത്തം ചെയ്യാൻവേണ്ടി അദ്ദേഹം സ്വയം മരണംവരിക്കുകയും ആ മരണത്തിന്റെ ഉദ്ദേശ്യം പൂർത്തീകരിക്കാൻവേണ്ടി മഹത്വത്തോടെ ഉയിർത്തെഴുന്നേല്ക്കുകയും ചെയ്തു. ഈ അടയാളങ്ങളിലൂടെയും മറ്റും അദ്ദേഹം തന്റെ ദിവ്യപ്രകൃതി വെളിപ്പെടുത്തുകയും ചെയ്തു.

ചന്ദ്രന്റെ പ്രകാശം സൂര്യപ്രകാശത്തിന്റെ പ്രതിഫലനമാണ്. ചന്ദ്രോദയം കൂടുതൽ മഹത്തായ സൂര്യോദയത്തിന്റെ മുന്നോടിയാണ്. ചന്ദ്രൻ സൂര്യനിൽ നിന്നെന്നപോലെ മിശിഹായുടെ പ്രാകാശത്തിൽ നിന്നും വെളിച്ചം സ്വീകരിച്ച യഹൂദപ്രകാശം മിശിഹായുടെ ആഗമനത്തെ മുൻകൂട്ടി അറിയിക്കുകയും ആ മഹത്തരമായ വെളിച്ചം വരുന്നതുവരെ നിലനില്ക്കുകയും ചെയ്തു. ക്രിസ്തു എന്ന വ്യക്തിയിൽ കുടികൊള്ളുന്ന ഈ മഹത്തരമായ മിശിഹാ പ്രകാശം ക്രമേണ ലോകത്തിൽ വളരുമെന്നും മനുഷ്യചരിത്രം അവശേഷിക്കുന്ന കാലമത്രയും നിലനില്ക്കുമെന്നും നിസ്സംശയം പറയാം.

വലം കയ്യിൽ ഏഴ് നക്ഷത്രങ്ങളും പിടിച്ച് നില്ക്കുന്നവനാണ് യഹൂദ ക്രൈസ്തവ നിയമങ്ങളിൽ വെളിപ്പെട്ട മതത്തിന്റെ യഥാർഥ നേതാവെന്ന് നമുക്കറിയാം. അവന്റെ

പ്രാധാന്യം ആദമിന്റെ കാലം മുതൽ ഇന്നുവരെ തുടർന്നു വരുന്നു. ചിന്താശീലനായ മനുഷ്യൻ സ്വയം ചോദിക്കാൻ നിർബന്ധിക്കപ്പെടുന്ന ചില ചോദ്യങ്ങളുണ്ട് : ലോകചരിത്രത്തിൽ ഈ ഏഴ് അടിസ്ഥാന ആവശ്യങ്ങളും സമ്മേളിച്ചിട്ടുള്ള ഏക വ്യക്തി ക്രിസ്തു ആയിരിക്കുന്നതിന്റെ പ്രസക്തിയെന്താണ്? ഭാവിചരിത്രത്തിലും ഈ വ്യക്തി അനന്യനായിരിക്കുമെന്നതിന്റെ സൂചനയല്ലേ ഇത്? പാപികളായ മനുഷ്യരുടെ മോക്ഷത്തിനായി അനന്തതയിൽനിന്ന് ദൈവം ഉയർത്തിയിട്ടുള്ള ഏക രക്ഷകനും അദൃശ്യാത്മാവായ ദൈവത്തിൽനിന്ന് അവന്റെ പൂർണ്ണ പ്രതിപുരുഷനായി മനുഷ്യരുടെ മുമ്പിലെത്തിയവനും ഈ വ്യക്തി മാത്രമല്ലേ?

നമ്മുടെ വിശ്വാസപ്രമാണത്തിന്റെ പേരിൽ നാം അഹങ്കരിക്കരുത്! എന്നാൽ മുസ്ലീംകളും ക്രിസ്തുവിൽനിന്ന് വരുന്ന അനുഗ്രഹങ്ങളെ ആസ്വദിക്കണമെന്ന് ഹൃദയംഗമായി നാം ആഗ്രഹിക്കുന്നു. “അല്ലയോ, ദാഹിക്കുന്ന എല്ലാവരും ദ്രവ്യമില്ലാത്തവരുമായുള്ളോരേ വെള്ളത്തിനു വരുവിൻ: വന്നു വാങ്ങി തിന്നുവിൻ; നിങ്ങൾ വന്നു ദ്രവ്യവും വിലയും കൂടാതെ വീഞ്ഞും പാലും വാങ്ങികൊൾവിൻ” (യെശയ്യാവു 55 : 1). ക്രിസ്തു തന്നെ വാഗ്ദത്തം ചെയ്തിരിക്കുന്ന: “ഞാൻ കൊടുക്കുന്ന വെള്ളംകുടിക്കുന്നവനോ ഒരുനാളും ദാഹിക്കയില്ല; ഞാൻ കൊടുക്കുന്ന വെള്ളം അവനിൽ നിത്യ ജീവങ്കലേക്കു പൊങ്ങിവരുന്ന നീരുറവയായിത്തീരും എന്നു ഉത്തരം പറഞ്ഞു” (യോഹ. 4 : 14). “പുത്രനെനോക്കി കൊണ്ടു അവനിൽ വിശ്വസിക്കുന്ന ഏവനും നിത്യജീവൻ ഉണ്ടാകേണമെന്നാകുന്നു എന്റെ പിതാവിന്റെ ഇഷ്ടം; ഞാൻ അവനെ ഒടുക്കത്തെ നാളിൽ ഉയിർത്തെഴുന്നേല്പിക്കും” (യോഹന്നാൻ 6 : 40).

ഒരു വലിയ ജനക്കൂട്ടത്തെ വിളിച്ചുകൂട്ടി തന്നെ പിന്തുടരുകയും തന്റെ പേരുകൊണ്ടറിയപ്പെടുകയും ചെയ്യുന്ന കുറെ അനുയായികളെ ഉണ്ടാക്കാൻ യേശുക്രിസ്തു ഉദ്ദേശിച്ചിരുന്നില്ല. സുവിശേഷം അതിന് സാക്ഷിയാണ്. നേരെമറിച്ച്, തന്നെ അനുഗമിക്കാനിച്ഛിച്ചവരെ പലപ്പോഴും അദ്ദേഹം നിരു

ത്സാഹപ്പെടുത്തുകയാണ് ചെയ്തത്. ദൈവം വെളിപ്പെടുത്തിയ സ്വർഗ്ഗീയ വെളിച്ചം ലോകത്താകമാനം എല്ലാ മനുഷ്യരിലും എത്തണമെന്നായിരുന്നു അദ്ദേഹത്തിന്റെ ഏറ്റവും വലിയ ആഗ്രഹം.

ഇത് അദ്ദേഹത്തിന്റെ അനുയായികൾക്കും മാതൃകയാണ്. പ്രത്യേക വിഭാഗത്തിന്റെ അംഗസംഖ്യ വർദ്ധിപ്പിക്കാനല്ല അവൻ ശ്രമിക്കേണ്ടത്; അകൽച്ചയ്ക്കും എതിർപ്പിനും മാത്രമേ ഇത് ഉപകരിക്കൂ. എല്ലാ മതവിശ്വാസികളിലും പെട്ടവർ ആത്മാർത്ഥമായി സത്യത്തെ അന്വേഷിക്കാൻ മുന്നിട്ട് വരണമെങ്കിൽ ക്രിസ്തുവിന്റെ മാതൃകയാണാവശ്യം. “ഞാൻ ലോകത്തിന്റെ വെളിച്ചമാകുന്നു” എന്ന പ്രസ്താവനയുടെ ഒരു സുപ്രധാന അർത്ഥം, യേശുക്രിസ്തുവിന്റെ അധ്യാപനങ്ങൾ വിഭ്രാന്തികൾ ദൂരീകരിക്കുകയും മതവിഷയത്തിൽ സത്യത്തെ വിശദീകരിക്കയുമാണെന്ന് ഒരു ക്രിസ്ത്യാനി വിശ്വസിക്കുന്നു. ഈ വസ്തുതകളിൽ ചിലത് താഴെ കൊടുക്കുന്നു:

1) ഹൃദയവും സ്വഭാവവും ഇല്ലെങ്കിലും, വെറും ദൈവഭക്തി മോക്ഷവും സന്തോഷവും ഉറപ്പു വരുത്തുന്നതായി ചിത്രീകരിക്കുന്ന ഏത് മതവും ശരിയായ മതമല്ല; ഒരു വിഭ്രാന്തിയും ഗുരുതരമായ തെറ്റുമാണ്. ബാഹ്യമായ നന്മയാണ് മനുഷ്യർക്കിഷ്ടമെന്ന തെറ്റിദ്ധാരണയാണ് ഇത്തരം ഭക്തിയുടെ ആധാരം. എന്നാൽ മുങ്ങിച്ചാവുന്നവനെ രക്ഷിക്കാനാവാത്ത തകർന്ന കയർപോലെയോ പൈദാഹമടക്കാനുള്ളതൊന്നുമില്ലാത്ത കാലിപാത്രം പോലെയോ ആണത്. കാരണം വിഷമുള്ള മാരകമായ പ്രാണികൾ അവിടെ കൂടുകെട്ടും. അത്തരമൊരു പാത്രം മലീമസമാണ്. അത് ഇല്ലാതിരിക്കുന്നതാണ് ഇതിലും ഭേദം. കാപട്യത്തിന്റെ മുകളിലുള്ള ദൈവഭക്തി ഏറ്റവും ദുഷ്ടമായ ഒരു പാപമാണ്.

2) ദൈവത്തോടുള്ള ആദരവും സ്നേഹവും അനുസരണവും മൂലം മാത്രം മതപരമായ കർത്തവ്യങ്ങൾ നിർവ്വഹിക്കാൻ അനുയായികളെ പ്രേരിപ്പിക്കുന്നതാണ് യഥാർത്ഥവും ഗുണപ്രദവുമായ മതം; മനുഷ്യനെ പേടിക്കുന്നതിനിവിടെ സ്ഥാനമില്ല. ദൈവത്തിന്റെ സ്നേഹത്തെയും ദയയേയും സംബന്ധിച്ച അഗാധമായ ബോധത്തിൽ നിന്നാണ് അത്തരം ഭക്തി ഉണ്ടാകുന്നത്. അത്തരം ഭക്തൻ തന്റെ പാപങ്ങളും കുറവുകളും ദൈവസാന്നിധ്യത്തിൽ സമ്മതിക്കുകയും ദൈവം വെളിപ്പെടുത്തിയതുപോലെ പാപമോചനത്തിനപേക്ഷിക്കുകയും ചെയ്യും. അവൻ നന്മനിറഞ്ഞ ജീവിതം നിലനിർത്തുകയും മറ്റു കർത്തവ്യങ്ങൾ നിർവ്വഹിക്കുകയും ചെയ്യുന്നു. മനുഷ്യപ്രശംസയോ സാമൂഹ്യസ്വാധീനമോ ജോലിയിൽ വിജയമോ നരകഭയമോ സ്വർഗ്ഗമോ ഒന്നു തന്നെ ഇതിന്റെ പ്രചോദനമാവരുത്. അത്തരം ലക്ഷ്യങ്ങൾ ദൈവത്തെ ആഗ്രഹിക്കുന്നതിൽ നിന്നല്ല പകരം, സ്വന്തത്തെ പൂജിക്കുന്നതിൽ നിന്നുണ്ടാകുന്നത ഫലമാണ്. അത് യഥാർത്ഥ ഭക്തിയല്ല.

3) ദൈവകല്പനകളെന്തായാലും, നേതാക്കന്മാരുടെയും കൗൺസിലുകളുടെയും കല്പനകൾ അനുസരിക്കുകയും മതാനുഷ്ഠാനങ്ങൾ ചെയ്യുകയും ചെയ്യുന്നതുകൊണ്ട് മാത്രം, തങ്ങൾ ദൈവത്തിന് പ്രിയപ്പെട്ടവരാകുമെന്ന് ജനങ്ങളെ ധരിപ്പിക്കുന്ന ഏത് മതവും നിർവീര്യമാണ്. സത്യത്തിൽ, അത് മതത്തെ തരം താഴ്ത്തലാണ്. നേതാക്കന്മാർക്കോ കൗൺസിലുകൾക്കോ ആചാരങ്ങൾ ഉണ്ടാക്കാനോ മതത്തിന്റെ പേരിൽ നിയമം നിർമ്മിക്കാനോ അവകാശമില്ല. ദൈവത്തെ പ്രീതിപ്പെടുത്താൻ ദൈവകല്പനകൾ

തന്നെ അനുസരിക്കണം. അല്ലാത്തതൊക്കെ അജ്ഞതയും വഞ്ചനയുമാണ്.

4) യഥാർത്ഥമതത്തിന്റെ അടിസ്ഥാനം ദൈവം മനുഷ്യന് ദയാവായ്പോടെ നല്കിയതാണ്, മനുഷ്യൻ ചെയ്യുന്നതല്ല. ദൈവം സ്നേഹത്താൽ മനുഷ്യനുവേണ്ടി നല്കുന്നു എന്നതാണ് മതത്തിൽ ഏറ്റവും പ്രധാനപ്പെട്ട സംഗതി. ദൈവത്തെ പ്രീതിപ്പെടുത്താൻ മനുഷ്യൻ എന്ത് നല്കുന്നു എന്നത് രണ്ടാമത്തെ കാര്യമാണ്, പ്രാഥമികമല്ല.

ഈ സത്യത്തെ ഒരു ഉദാഹരണത്തിലൂടെ വിശദമാക്കാം: മഹാനായൊരു രാജാവിന് തന്റെ പ്രജകളോടുള്ള വാത്സല്യമാണ് ശ്രദ്ധയും പ്രശംസയുമർഹിക്കുന്നത്, പ്രജകൾ നല്കുന്ന സേവനങ്ങളല്ല. വാത്സല്യമാണ് സേവയെക്കാൾ പ്രസക്തമായിട്ടുള്ളത്. ദൈവത്തിന്റെ സത്യസന്ധനും ആദരണീയനുമായ ഒരു ദാസൻ ഒരിക്കലും താൻ ദൈവത്തിന് ചെയ്യുന്ന സേവനം എടുത്ത് പറയാതെ കരുണാമയനായ ആ ദൈവത്തിന്റെ ആത്മീയവും ഭൗതികവുമായ സ്നേഹാനുഗ്രഹങ്ങളെ അനുസ്മരിക്കുക മാത്രമാണ് ചെയ്യുക. സുവിശേഷം ഇടയ്ക്കിടെ ഇത്തരം ദൈവാനുഗ്രഹങ്ങളെ പരാമർശിക്കുന്നുണ്ട്. “തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിനു ദൈവം അവനെ നല്കാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു” (യോഹന്നാൻ 3 : 16).

ദയ, മാപ്പ്, അനുഗ്രഹം, സമാധാനം എന്നിവയോടൊപ്പം പ്രലോഭനങ്ങളെ തടഞ്ഞ് നിർത്താനുള്ള ആത്മീയ ശക്തിയുമാണ് മതത്തിന്റെ യഥാർത്ഥ മൂലക്കല്ലുകൾ. ഈ മഹത്തായ അനുഗ്രഹങ്ങളുടെ നിരന്തരമായ സ്മരണ ദൈവത്തോടുള്ള പിതൃപുത്രനിൽ വിശേഷമായ സ്നേഹത്തെ സൃഷ്ടിക്കുന്നു. ദൈവത്തിന്റെ അനുഗ്രഹങ്ങളോടൊപ്പം ദുരി

തങ്ങളും അനുഭവിക്കുന്നത് അവന്റെ കോപത്തോടൊപ്പം ആനന്ദങ്ങളും ആസ്വദിക്കുന്നതിനേക്കാൾ യഥാർത്ഥ വിശ്വാസിക്കു പ്രിയങ്കരമായിത്തീരുന്നു.

വിശ്വാസത്തെയാണ് മോക്ഷത്തിന്റെ അടിത്തറയാക്കി വെച്ചിട്ടുള്ളത്. കാരണം, വിശ്വാസമാണ് ഈ മഹത്തായ അനുഗ്രഹങ്ങളെ സ്നേഹാദരങ്ങളോടെ സ്വീകരിക്കുന്നത്. വിശ്വാസത്തിന്റെ ഫലങ്ങൾ അതിൽ നിന്നുണ്ടാകുന്ന സദ്ജീവിതത്തിൽ കാണാം. കാരണം, അത്തരമൊരു വിശ്വാസം വളർന്ന് നില്ക്കുന്ന ഫലവൃക്ഷത്തെപ്പോലെയാണ്. ഈ ഫലങ്ങളുണ്ടാകുന്നില്ലെങ്കിൽ, വിശ്വാസം ജീവനുള്ളതും യഥാർത്ഥവുമല്ലെന്ന് വരും. വിശ്വാസത്തിന്റെ ഫലങ്ങളല്ലാത്ത സൽപ്രവൃത്തികൾ യഥാർത്ഥത്തിൽ സൽപ്രവൃത്തികളല്ല. മോക്ഷത്തിന്റെ അടിസ്ഥാനം വിശ്വാസമാണോ പ്രവൃത്തിയാണോ എന്ന പ്രശ്നത്തിന്റെ പ്രാധാന്യം ഇത് വ്യക്തമാക്കുന്നു. ഈ വിഷയത്തിന് ചുറ്റുമാണ് തലമുറകളിൽനിന്ന് തലമുറകളിലേക്ക് വിവാദങ്ങളും തെറ്റുകളും നിർദ്ദേശങ്ങളും കറങ്ങിക്കൊണ്ടിരിക്കുന്നത്.

സൽപ്രവൃത്തികൾ ചെയ്യുന്നവനല്ലാത്ത ഇതരർക്ക് അത് എന്ത് പ്രയോജനം കൊടുക്കുന്നു എന്നതിനെ അടിസ്ഥാനത്തിലാണ് അവയെ അളക്കേണ്ടത്. സത്യസന്ധനും സൗമ്യനും ക്ഷമാശീലനും മാപ്പ് ചെയ്യുന്നവനും സഹകരിക്കുന്നവനും ഉദാരനുമായിരിക്കുകയെന്നത് ഇതരർക്ക് ഗുണങ്ങൾ വരുത്തുന്നു. ഈ മതപരമായ ആവശ്യങ്ങളെ അവഗണിക്കുന്നവൻ ശരിയായ വിശ്വാസിയോ പരിശുദ്ധനോ അല്ല. അവന് മോക്ഷം ലഭിക്കുകയുമില്ല; മതകർമ്മങ്ങൾ അവൻ എത്ര കണിശമായി അനുഷ്ഠിച്ചാലും.

“വേദക്കാരി”ലെ വിവിധ വിഭാഗങ്ങൾ ഈ സുവിശേഷ സിദ്ധാന്തങ്ങളെ സത്യമായെടുത്താൽ പഴയ വിഭജനങ്ങൾ അപ്രത്യക്ഷമാവുകയും മുൻധാരണയുടെയും വിദ്വേഷത്തിന്റെയും സ്ഥാനത്ത് ഐക്യവും സ്നേഹവും സമാധാനവും വളരുകയും ചെയ്യും.

ദൈവത്തിൽ മാത്രം പര്യാപ്തത കാണുമ്പോഴാണ് അത്തരം മഹത്തരവും അനുഗൃഹീതവുമായ ഫലം നമുക്ക് കിട്ടുക. അവനെയാണ് നാം ആശ്രയിക്കേണ്ടത്. എന്നുമെന്നും അവന്റെ നാമത്തിന് സ്തുതിയായിരിക്കട്ടെ, ആമീൻ!

മാന്യ വായനക്കാരോട് :

തുറന്ന മനസ്സോടും പ്രാർത്ഥനയോടും ഇത് വായിച്ച ശേഷം കൂടുതൽ വിവരം അറിയാൻ ആഗ്രഹിക്കുന്നുവെങ്കിൽ താഴെ കൊടുത്തിരിക്കുന്ന വിലാസത്തിൽ എഴുതുകയോ ഞങ്ങളെ സമീപിക്കുകയോ ചെയ്യുക.

P.B. No. 45
Kayamkulam - 690 502 - Kerala.
Phone : 0479 - 3291614

✳ ✳ ✳